# കേരള വ്യവസായ നയം, 2023

GOVERNMENT OF KERALA

## ഉള്ളടക്കം


| | അദ്ധ്യായം | പേജ് നമ്പർ |
|---|---|---|
| I. | ആമുഖം | 6-12 |
| 2. | നയലക്ഷ്യങ്ങൾ | 12-14 |
| 3. | ഏഴ് സുപ്രധാന നയസ്തംഭങ്ങൾ | 14-19 |
| 4. | സംരംഭകത്വ പ്രോൽസാഹനം | 19-22 |
| 1. | സംരംഭക സഹായക സംവിധാനം | |
| 2. | സംരംഭക ധനസഹായം | |
| 3. | വ്യവസായരംഗത്തെ അക്കാദമിക ഗവേഷണങ്ങൾ | |
| 4. | വ്യവസായ പാർക്കുകളിലെ ഫാബ് ലാബുകൾ | |
| 5. | അടിസ്ഥാന സൗകര്യമൊരുക്കൽ | 22-28 |
| 1. | വ്യവസായ അനുകൂല ലാൻഡ് ബാങ്ക് | |
| 2. | അടിസ്ഥാന സൗകര്യ വികസന ഫണ്ട് | |
| 3. | മികച്ച ക്ലസ്റ്ററുകൾ | |
| 4. | മേഖലാ കേന്ദ്രീകൃത വ്യവസായ പാർക്കുകൾ | |
| 5. | വ്യവസായ ഇടനാഴി വികസനം | |

| | | |
|---|---|---|
| 6. | വ്യവസായ ടൗൺഷിപ്പും സ്മാർട്ട് സിറ്റിയും | |
| 7. | ഭൂമി അനുവദിക്കുന്നതിനും മറ്റുമുള്ള ഏകീകൃത ചട്ടങ്ങൾ | |
| 8. | ഭൂമി തരം മാറ്റൽ കാര്യക്ഷമമാക്കുക | |
| 9. | സ്വകാര്യ വ്യവസായ പാർക്കുകൾ - ഭൂമി കൈവശാവകാശ പരിഷ്ക്കാരങ്ങൾ | |
| 10. | സ്കെയിൽ അപ്പ് സംരംഭങ്ങൾക്കുള്ള അടിസ്ഥാന സൗകര്യ സഹായം | |
| 11. | ലോജിസ്റ്റിക്ക്സ് അടിസ്ഥാന സൗകര്യങ്ങൾ | |
| **6.** | **ഹൈടെക്ക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം** | **28-29** |
| 1. | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഡിജിറ്റൽവൽക്കരണം | |
| 2. | വ്യവസായ വിപ്ലവം 4.0ന് അനുസൃതമായ ആധുനികവൽകരണം | |
| 3. | ഇ-കൊമേഴ്സ് വിപണിയിലേക്കുള്ള പ്രവേശനം | |
| **7.** | **നൈപുണ്യ വികസനം** | **30-32** |
| 1. | വ്യവസായങ്ങൾ കേന്ദ്രീകരിച്ചുള്ള പരിശീലനം | |
| 2. | വ്യവസായ വിപ്ലവം 4.0ന് അനുയോജ്യമായ നൈപുണ്യ വികസനം | |
| 3. | വ്യവസായ പരിശീലനത്തിനായി മികവിന്റെ കേന്ദ്രങ്ങൾ | |

| | | |
|---|---|---|
| **8.** | **വ്യവസായ സൗഹൃദ അന്തരീക്ഷം** | **32-37** |
| 1. | കോമ്പൊസിറ്റ് ലൈസൻസ് | |
| 2. | പരാതി പരിഹാര സംവിധാനം | |
| 3. | നിയന്ത്രണ വ്യവസ്ഥകളുടെ ഭാരം ലഘൂകരിക്കും | |
| 4. | കടലാസ് രഹിത ഇടപാടുകൾ | |
| 5. | അധികാര വികേന്ദ്രീകരണം | |
| 6. | നിയമങ്ങളും ചട്ടങ്ങളും ക്രോഡികരിച്ച സംവിധാനം | |
| 7. | ഇൻവെസ്റ്റ് കേരള ഹെൽപ്പ് ഡെസ്ക്ക് 2.0 | |
| 8. | നിരന്തര പങ്കാളിത്ത സമ്പർക്കങ്ങൾ | |
| 9. | പുതിയ മേഖലകൾക്ക് വ്യവസായ പദവി | |
| 10. | നിക്ഷേപം ആകർഷിക്കുന്നതിനുള്ള പരിശീലനം | |
| 11. | ശക്തമായ വ്യവസായ സംയോജന സംവിധാനം | |
| 12. | നിക്ഷേപം നേടാനുള്ള സംവിധാനം | |
| **9.** | **കേരളം എന്ന ബ്രാൻഡിനെ വളർത്തുക** | **37-40** |
| 1. | നിക്ഷേപ പ്രോൽസാഹന പദ്ധതികൾ | |
| 2. | കയറ്റുമതി പ്രോൽസഹന പദ്ധതി | |

| | | |
|---|---|---|
| 3. | നിക്ഷേപകർക്ക് ഏകജാലക സംവിധാനം | |
| 4. | പരിസ്ഥിതി സൗഹൃദ നിക്ഷേപങ്ങൾക്കുള്ള ഹബ്ബ് | |
| 5. | ആഗോള മികവിന്റെ ആകർഷണം | |
| **10.** | **മുൻഗണനാ മേഖലകൾ** | **40-73** |
| 1. | എയ്റോസ്പേസ് & ഡിഫൻസ് | |
| 2. | നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതിക വിദ്യകൾ | |
| 3. | ആയുർവ്വേദം | |
| 4. | ബയോടെക്നോളജി & ലൈഫ് സയൻസ് | |
| 5. | രൂപകൽപ്പന | |
| 6. | ഇലക്ട്രിക് വാഹനങ്ങൾ | |
| 7. | ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉൽപാദനവും | |
| 8. | എഞ്ചിനീയറിങ് ഗവേഷണവും വികസനവും | |
| 9. | ഭക്ഷ്യ സാങ്കേതികവിദ്യകൾ | |
| 10. | ഗ്രാഫീൻ | |
| 11. | ഹൈടെക് ഫാമിങ്ങും മൂല്യവർദ്ധിത തോട്ടവിളയും | |
| 12. | ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ | |

| | | |
|---|---|---|
| 13. | ലോജിസ്റ്റിക്സ് & പാക്കേജിംഗ് | |
| 14. | മാരിടൈം മേഖല | |
| 15. | മെഡിക്കൽ ഉപകരണങ്ങൾ | |
| 16. | നാനോടെക്നോളജി | |
| 17. | ഫാർമസ്യൂട്ടിക്കൽസ് | |
| 18. | റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും | |
| 19. | പുനരുപയോഗ ഊർജ്ജം | |
| 20. | ചില്ലറ വ്യാപാര മേഖല | |
| 21. | വിനോദസഞ്ചാരവും ആതിഥേയത്വവും | |
| 22. | 3D പ്രിന്റിംഗ് | |
| 11. | ഇൻസെന്റീവുകൾ | 73-79 |
| 12. | നയ കാലാവധി | 79 |


## 1. ആമുഖം

1. മാനവ വികാസ സൂചകങ്ങളിൽ വികസിത രാഷ്ട്രങ്ങൾക്കൊപ്പമാണ് കേരളത്തിന്റെ സ്ഥാനം.

വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ സവിശേഷമാണ്. എന്നാൽ, ഉൽപ്പാദന മേഖലകളിൽ വളർച്ച കൈവരിക്കാൻ കഴിയാത്തത് കേരളത്തിന്റെ പരിമിതിയായിരുന്നു. ഇതു കൂടി തിരിച്ചറിഞ്ഞ് വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് കഴിഞ്ഞ എൽ ഡി എഫ് സർക്കാർ ശ്രമിച്ചത്. 2021 - ലെ ഭരണതുടർച്ച ഈ നയങ്ങൾ ഇടവേളയില്ലാതെ മുന്നോട്ടു കൊണ്ടു പോകുന്നതിന് സഹായകമായി. ഭരണ തുടർച്ചയില്ലായ്മ നയങ്ങളുടെ തുടർച്ചയില്ലായ്മ കൂടിയായിരുന്നു. ഇതിൽ നിന്നും വ്യത്യസ്തമായ പുതിയ സാഹചര്യത്തിൽ കഴിഞ്ഞ സർക്കാർ അംഗീകരിച്ച വ്യവസായ നയത്തിന്റെ വികസിതമായ തുടർച്ചയാണ് പുതിയ നയത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

2. നിക്ഷേപം ആകർഷിക്കുന്നതിനായി സംസ്ഥാനങ്ങൾ തമ്മിൽ കടുത്ത മത്സരമാണ് പുതിയ കേന്ദ്ര നയം രാജ്യത്ത് സൃഷ്ടിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി ഓരോ സംസ്ഥാനവും അവരുടെ വ്യവസായ നയം നിരന്തരം പുതുക്കുന്നുണ്ട്. ഈ നയം അവയുടെ അന്ധമായ പിന്തുടർച്ചയല്ല. ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യബോധത്തോടെ ഇടപെടുന്നതിനാണ് പുതിയ വ്യവസായ നയത്തിലൂടെ ശ്രമിക്കുന്നത്.

3. വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്താൻ വിവിധ നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ 28-ാം റാങ്കിൽ നിന്നും 15 ലേക്ക് ഉയരാൻ സംസ്ഥാനത്തിന് കഴിഞ്ഞു. അടുത്ത സർവ്വേയിൽ ആദ്യത്തെ പത്തിനുള്ളിൽ കേരളത്തെ

എത്തിക്കുന്നതിനാണ് ശ്രമിക്കുന്നത്. കെ-സ്വിഫ്റ്റ് കൂടുതൽ കാര്യക്ഷമമാക്കും. എല്ലാ വകുപ്പുകളിലെയും സേവനങ്ങൾ നിർബന്ധമായും ഓൺലൈൻ വഴിയാക്കും.

4. സേവന മേഖലയിലേതൊഴികെയുള്ള പൊതുമേഖലാ സംരക്ഷണം സർക്കാരിന്റെ നയമാണ്. മത്സരക്ഷമവും ലാഭകരവുമായ പൊതുമേഖലയാണ് ലക്ഷ്യം. സർക്കാർ വകുപ്പുകളെ പോലെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായല്ല പൊതുമേഖലയെ കാണുന്നത്. കമ്പനി നിയമമനുസരിച്ച് പ്രവർത്തിക്കുന്ന, മത്സരക്ഷമവും ലാഭകരവുമായി പൊതു മേഖല സ്ഥാപനങ്ങൾ മാറണം. അതിനായി ആധുനികവൽക്കരണം നടപ്പിലാക്കി ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് ഉൽപ്പാദന ചെലവ് കുറയ്ക്കാൻ കഴിയണം. അതിനുള്ള മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി, ദീർഘകാല, ഇടക്കാല, ഹ്രസ്വകാല ലക്ഷ്യങ്ങൾ പ്രഖ്യാപിച്ച് പ്രവർത്തിച്ചുവരുന്നു. എല്ലാ പൊതുമേഖല സ്ഥാപനങ്ങളേയും ലാഭകരമാക്കുക എന്നതാണ് ലക്ഷ്യം. എല്ലാ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടേയും ഡയറക്ടർ ബോർഡിൽ പ്രൊഫഷണലുകളെ ഉൾപ്പെടുത്തി. നിയമനങ്ങളെല്ലാം സുതാര്യമായി നടത്തുന്നതിനായി കേരള പബ്ലിക്ക് എന്റർപ്രൈസസ്സ് (സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ്) ബോർഡ് രൂപീകരിച്ചു. അതോടൊപ്പം കേന്ദ്ര സർക്കാർ വിൽപ്പനക്ക് വെച്ച ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനിയെ ലേലത്തിൽ പിടിച്ചെടുത്ത് സംസ്ഥാന സർക്കാർ കെ പി പി എൽ എന്ന പുതിയ കമ്പനി രൂപീകരിച്ചു. മൂന്നര വർഷം അടച്ചിട്ട വ്യവസായ ശാലയിൽ നിന്നും ഉൽപ്പാദനം ആരംഭിച്ചത് പുതിയ പ്രതീക്ഷയാണ്.

5. സ്വകാര്യ പങ്കാളിത്തത്തോടെ കേരള റബ്ബർ കമ്പനി ലിമിറ്റഡ് രൂപീകരിച്ചത് പുതിയ തുടക്കമാണ്.

കർഷകർക്കും സ്വകാര്യ ഉൽപ്പാദകർക്കും കൂടി പങ്കാളിത്തം നൽകാൻ ഉദ്ദേശിക്കുന്ന കമ്പനി മറ്റു മേഖലകളിലും പിന്തുടരാവുന്ന മാതൃകയാണ്.

6. പരമ്പരാഗത വ്യവസായ രംഗം ഗൗരവമായ പ്രതിസന്ധി നേരിടുന്നുണ്ട്. കയർ, കശുവണ്ടി, കൈത്തറി മേഖലകളിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിട്ടുണ്ട്. ഉൽപ്പാദന ചെലവ് കുറച്ചും മത്സരക്ഷമമാക്കിയും ഈ രംഗത്തെ മാറ്റുന്നതിന് ആധുനികവൽക്കരണം അനിവാര്യമാണ്. തൊഴിൽ സംരക്ഷിച്ചുള്ള യന്ത്രവൽക്കരണമാണ് പ്രായോഗികം. വിപണി ആവശ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ ഈ മേഖലക്ക് കഴിയണം. വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ട് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് നടപ്പിലാക്കും. അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് സംയോജിപ്പിക്കാവുന്ന സ്ഥാപനങ്ങളെ കൂട്ടിചേർത്ത് ഒന്നാക്കും. ഖാദി മേഖലയെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിപുലമാണ്. കേരള ഖാദി ഉൽപ്പാദനവും വിപണനവും ശക്തിപ്പെടുത്തും.

7. കേരളത്തിന്റെ ഒരു പരിമിതി ഭൂമിയുടെ ലഭ്യതക്കുറവാണ്. പശ്ചിമഘട്ടവും തീരദേശവും വനവും തണ്ണീർത്തടവുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങളുടെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഭൂമി വിനിയോഗം. അതു കൊണ്ട് തന്നെ ഭൂമിയുടെ അപര്യാപ്തതയാണ് വ്യവസായ വികസനം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കും. കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴി സ്ഥലമെടുപ്പ് പൂർത്തിയാക്കും. വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥലം കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാൻ

ഗാലകൾ പ്രോത്സാഹിപ്പിക്കും. സ്വകാര്യ വ്യവസായ പാർക്ക് നയം യാഥാർത്ഥ്യബോധത്തോടെ പുതുക്കിയിട്ടുണ്ട്. പതിനാലു ജില്ലകളിലും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കും. പത്ത് ഫുഡ് പ്രോസസ്സിംഗ് പാർക്കുകൾ ഉൾപ്പെട്ട തീമാറ്റിക് പാർക്കുകൾ ആരംഭിക്കും. സംസ്ഥാന സർക്കാർ പങ്കാളിത്തത്തോടെയും സ്വകാര്യ ഉടമസ്ഥതയിലും സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കും. പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റുകളുടെ ഭൂമി വിനിയോഗിക്കാൻ പ്രത്യേക പദ്ധതി തയ്യാറാക്കും. വ്യവസായ എസ്റ്റേറ്റുകളിലേയും പാർക്കുകളിലേയും ഭൂമി അനുവദിക്കുന്നതിന്റെ പുതിയ നയം പ്രഖ്യാപിക്കും.

8. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കേരളത്തിൽ വലിയ സാധ്യതയാണുള്ളത്. സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനു മതികളില്ലാതെ മൂന്നു വർഷത്തേക്ക് എം.എസ്.എം.ഇ സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള നിയമം പാസാക്കിയിട്ടുണ്ട്. **2022-23 സാമ്പത്തിക വർഷം സംരംഭകവർഷമായി ആചരിക്കുന്നു.** ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുവാൻ ലക്ഷ്യമിട്ട പദ്ധതി 250 ദിവസത്തിനകം ഫലപ്രാപ്തിയിൽ എത്തുകയും ഒരു ലക്ഷം സംരംഭങ്ങൾ പുതിയതായി ആരംഭിച്ചുകൊണ്ട് ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്., ഇവ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ പിന്തുണ സർക്കാർ നൽകും. സംരംഭകരിൽ മൂന്നിലൊന്ന് വനിതാ സംരംഭകരാണെന്നത് ശ്രദ്ധേയമാണ്.

9. കേരളത്തിന്റെ പാരിസ്ഥിതികമായ പ്രാധാന്യം കൂടി കണക്കിലെടുത്ത് ഉത്തരവാദിത്തനിക്ഷേപം, ഉത്തരവാദിത്ത വ്യവസായം എന്ന കാഴ്ചപാട് മുന്നോട്ടു വെയ്ക്കുന്നു. ഇന്ത്യയിലെ ഇ. എസ്. ജി

(എൻവിറോൺമെന്റ് സോഷ്യൽ ആന്റ് കോർപ്പറേറ്റ് ഗവേണൻസ്) നിക്ഷേപത്തിന്റെ ലക്ഷ്യസ്ഥാനമായി കേരളത്തെ വികസിപ്പിക്കും.

10. സ്വകാര്യ മേഖലയിൽ വൻകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും. എന്നാൽ, അവ കേരളത്തിന് ഇണങ്ങുന്ന മേഖലകളിലായിരിക്കണം. അവയ്ക്ക് പ്രത്യേക പരിഗണന നൽകും. സാങ്കേതികവൈദഗ്ദ്യമുള്ള മാനവവിഭവശേഷിയാണ് കേരളത്തിന്റെ സവിശേഷത. അത് സമർത്ഥമായി വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകും. നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കാൻ കഴിയണം. അതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ടു വെയ്ക്കുന്നു. അതിവൈദഗ്ധ്യമുള്ള മാനവവിഭവശേഷി ഉറപ്പുവരുത്താനുള്ള പരിശീലന പദ്ധതികൾ നടപ്പിലാക്കും. ഗിഫ്റ്റ് സിറ്റി സമയബന്ധിതമായി പൂർത്തീകരിക്കും. പുതിയ തലമുറ വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകും.

11. പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കേണ്ട വ്യവസായങ്ങൾക്ക് വിദേശ മൂലധനത്തേയും ആകർഷിക്കേണ്ടി വരും. അതിനായി പ്രത്യേക സംവിധാനം കെ. എസ്. ഐ.ഡി. സി. യിൽ ഒരുക്കും. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് ആക്ഷൻ പ്ലാൻ, തയ്യാറാക്കും. നാലാം വ്യവസായ വിപ്ലവ സാധ്യത ഉപയോഗപ്പെടുത്തി, അതിവേഗത്തിൽ വികസിക്കുന്ന വ്യവസായ സംസ്ഥാനമായി കേരളത്തെ

മാറ്റി തീർക്കും.

12. ലോകത്തിലെ സുഗന്ധവ്യഞ്ജന സംസ്കരണത്തിന്റെ ഹബ്ബാണ് കേരളം. ഈ അനുകൂല ഘടകം ഉപയോഗപ്പെടുത്തി ഈ മേഖലയിൽ പ്രത്യേകം ശ്രദ്ധിക്കും. ഇന്ത്യയിൽ ആദ്യമായി പ്ലാന്റേഷൻ നയം പ്രഖ്യാപിച്ചതും പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചതും കേരളത്തിലാണ്. മൂല്യവർദ്ധിത വ്യവസായം ഈ രംഗത്ത് ശക്തിപ്പെടുത്തും.

13. കേരളീയസമൂഹത്തെ വൈജ്ഞാനിക സമൂഹമായി പരിവർത്തനപ്പെടുത്തു ന്നതിനാണ് സർക്കാർ ലക്ഷ്യംവെയ്ക്കുന്നത്. അതിന് വ്യവസായവും അക്കാദമിക സമൂഹവുമായുള്ള ബന്ധം ദൃഢമാക്കേണ്ടതുണ്ട്. സർവ്വകലാശാലകളുടെ ഗവേഷണത്തിന്റെ ഫലങ്ങളെ വ്യവസായ ഉൽപ്പാദനത്തിലേക്ക് തിരിച്ചുവിടാൻകഴിയണം. അതിനുള്ള സാമ്പത്തിക പിന്തുണ സർക്കാർ നൽകും. അതോടൊപ്പം വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിയണം. ഇതിനായി സർവ്വകലാശാലകളിൽ ഗവേഷണത്തിനായി വ്യവസായ മേഖലയും പണം മുടക്കണം.

14. ആധുനിക കാലത്ത് സ്റ്റാർട്ടപ്പുകൾക്ക് സവിശേഷ പ്രാധാന്യമുണ്ട്. ഐ. ടി മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള എല്ലാ ഇൻസെന്റീവുകളും പരിഗണനകളും ഇതര മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കും നൽകും. അവയുടെ അടുത്തഘട്ട വളർച്ചക്ക് ആവശ്യമായ പിന്തുണ നൽകും.

15. സംരംഭകത്വം പുതിയ തലമുറയിൽ വളർത്തേണ്ടത് അനിവാര്യമാണ്. ഇതിനായി പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കും. ഇതെല്ലാം ഏകോപിപ്പിക്കാൻ കഴിയും വിധം സംസ്ഥാന സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്) - നെ സെന്റർ ഓഫ് എക്സലൻസാക്കി വികസിപ്പിക്കും.

16. വ്യവസായം ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ അനുമതികൾ അതിവേഗത്തിൽ ലഭ്യമാക്കും. 50 കോടി രൂപവരെ മുതല്മുടക്കുള്ള ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത വ്യവസായങ്ങൾക്ക് മൂന്നു വർഷം വരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികളില്ലാതെ പ്രവർത്തിക്കാം. അതിനു ശേഷം അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കും. ചുവപ്പു വിഭാഗത്തിൽപ്പെടാത്ത എം. എസ്. എം. ഇ ഇതര സംരംഭങ്ങൾക്കുള്ള എല്ലാ വകുപ്പുകളുടേയും അനുമതികൾ അപേക്ഷ നൽകി ഏഴു ദിവസത്തിനകം നൽകും. വ്യവസായം ആരംഭിക്കുന്നതും നടത്തികൊണ്ടു പോകുന്നതിനും വേണ്ട സേവനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ, സംസ്ഥാന തലത്തിൽ സമിതികൾ രൂപീകരിക്കും. ഈ സമിതികളുടെ ഉത്തരവുകൾ നടപ്പിലാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കും. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകളെല്ലാം കേന്ദ്രീകൃത സംവിധാനം വഴിയാക്കും.

17. കേരള ബ്രാൻഡ് വ്യാപകമായി പ്രചരിപ്പിക്കും. 'മെയ്ഡ് ഇൻ കേരള' ബ്രാൻഡ് നൽകുന്നതിനായി പ്രത്യേക പ്രോട്ടോക്കോൾ ആവിഷ്കരിക്കും. കേരള ബ്രാൻഡ്

ഉൽപ്പന്നങ്ങളുടെ വിപണനത്തിന് പ്രത്യേക ശൃംഖല സംവിധാനം ഏർപ്പെടുത്തും. ഇ-കോമേഴ്സ് പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കും. കയറ്റുമതി ശക്തിപ്പെടുത്തുന്നതിനുള്ള പ്രോത്സാഹന പദ്ധതി വ്യവസായ നയം മുന്നോട്ടു വെയ്ക്കുന്നു.

18. തൊഴിലവസരം സൃഷ്ടിക്കാനും തൊഴിലാളിയുടെ വരുമാനം വർദ്ധിപ്പിക്കാനും കഴിയേണ്ടതുണ്ട്. തൊഴിലാളിയുടെ നൈപുണ്യം കാലോചിതമാക്കാൻ സംരംഭകർ പിന്തുണ നൽകണം. ഗുണമേന്മയുള്ള അദ്ധ്വാനശക്തി ഉറപ്പു വരുത്താൻ കഴിയണം. ഉൽപ്പാദന ക്ഷമത വർദ്ധിപ്പിച്ചും ഉൽപ്പാദന ചെലവ് കുറച്ചും സംരംഭങ്ങൾ ലാഭകരമാക്കാനും മത്സരക്ഷമമാക്കാനും കഴിയും. ഇതു വഴി തൊഴിലാളിക്ക് മികച്ച വേതനവും ഉറപ്പുവരുത്തണം. വേതന വർദ്ധനവ് നടപ്പിലാക്കുമ്പോൾ ജീവിത ചെലവിന്റെ വർദ്ധനവിനോടൊപ്പം സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുക്കണം.നിയമാനുസൃതമായ അവകാശങ്ങൾ ഉറപ്പു വരുത്തുകയും അരാജക പ്രവണതകളെ ശക്തമായി നേരിടുകയും വേണം. വ്യവസായങ്ങളിൽ ഉണ്ടാകാനിടയുള്ള തർക്കങ്ങളിൽ സമയബന്ധിതമായി ഇടപെടുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ജില്ലാ ലേബർ ഓഫിസർ, വ്യവസായികളുടേയും ട്രേഡ് യൂണിയനുകളുടേയും പ്രതിനിധികൾ എന്നിവർ അടങ്ങുന്ന സംവിധാനം ജില്ലാ തലത്തിൽ രൂപീകരിക്കും.

19. സാമ്പത്തിക വളർച്ച, വാണിജ്യ മേഖലയിലെ സുസ്ഥിര വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിൽ നിന്നുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി

കണ്ടെത്തുന്നതിനും വാണിജ്യ മിഷൻ വഴി ഇടപെടലുകൾ ശക്തമാക്കും. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ വിപുലപ്പെടുത്തി പുതിയ കാലത്തിനനുസരിച്ച് വിപണനം ആധുനികവൽക്കരിക്കുന്നതിൽ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കും. സംസ്ഥാനത്തെ വാണിജ്യ മേഖലയുടെ ഉന്നമനത്തിനും, സംരംഭങ്ങളും സംസ്ഥാന സർക്കാരും തമ്മിലുള്ള പതിവ് ആശയവിനിമയത്തിനുള്ള ഒരു സ്ഥാപന സംവിധാനമായും ഒരു ഉപദേശക സമിതിയായും വാണിജ്യ മിഷൻ പ്രവർത്തിക്കും.

20. നിർമ്മാണമേഖലയേയും ലോജിസ്റ്റിക് രംഗത്തേയും വ്യവസായമായി കണ്ട് പുതിയ കാഴ്ചപ്പാട് ആവിഷ്കരിക്കേണ്ടതുണ്ട്.

21. പ്രവാസി നിക്ഷേപം കേരളത്തിന്റെ പ്രധാന സാധ്യതയാണ്. ഈ നിക്ഷേപം ഉപയോഗിച്ച് പരിഗണനാ മേഖലകളിലെ വ്യവസായങ്ങളിൽ സർക്കാർ ഓഹരിയെടുത്ത് ആത്മവിശ്വാസം നൽകും.

22. ഉത്തരവാദിത്ത നിക്ഷേപമെന്ന കാഴ്ചപ്പാടിലൂടെ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യവസായങ്ങൾ കൊണ്ടുവരുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് സർക്കാർ ഈ നയം വഴി ശ്രമിക്കുന്നത്. നാലാം വ്യവസായ വിപ്ലവത്തിന്റെ സാധ്യത കൂടി ഉപയോഗിച്ച് കേരളത്തെ പുതുതലമുറ വ്യവസായങ്ങളുടെ കേന്ദ്രമാക്കി മാറ്റും.

## 2. നയ ലക്ഷ്യങ്ങൾ

നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ നയം ലക്ഷ്യമിടുന്നു. നയത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ നൽകിയിരിക്കുന്നു;

1. സംരംഭക സഹായകമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുക.
2. രാജ്യത്തെ വികസിതമായ സ്റ്റാർട്ടപ്പ് കേന്ദ്രമാക്കി കേരളത്തെ മാറ്റുക.
3. അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവാക്കളുടെയും സ്ത്രീകളുടെയും സംരംഭക മികവിനെ പരിപോഷിപ്പിക്കുക.
4. ഭാവി വ്യവസായങ്ങൾക്ക് സജ്ജമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുക.
5. വ്യവസായ രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിൽ സ്വകാര്യമേഖലയുടെ നിക്ഷേപം പരമാവധി ആകർഷിക്കുക.
6. സേവന മേഖലയിലൊഴികെയുള്ള പൊതുമേഖലാ വ്യവസായങ്ങളെ ശക്തിപ്പെടുത്തി മത്സരക്ഷമമാക്കും. ഉൽപ്പാദന മേഖലകളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തും.
7. ചരക്ക് കയറ്റുമതി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തി കയറ്റുമതിയിൽ മികച്ച വർദ്ധനവ് കൈവരിക്കുക.
8. വ്യവസായ വിപ്ലവം 4.0ന് അനുസൃതമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുക.
9. ഉൽപ്പാദനത്തിൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ കാലാനുസൃതമായി ആധുനികവത്ക്കരിക്കുക.
10. ഇ-കൊമേഴ്സ് വിപണിയിലേക്ക് അനായാസ പ്രവേശനം സാധ്യമാക്കുക.
11. വ്യവസായത്തിന് അനുയോജ്യമായ നൈപുണ്യ വികസന പരിശീലനത്തിലൂടെ മികച്ച തൊഴിലവസരം സൃഷ്ടിക്കുക.
12. ഉയർന്നുവരുന്ന മേഖലകളിൽ നിന്നുള്ള സംരംഭകരെ ആകർഷിക്കുക.
13. തൊഴിൽചെയ്തു ജീവിക്കുന്നതിനും വിനോദത്തിനും

അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക.

14. സംസ്ഥാനത്ത് വ്യവസായം നടത്തിക്കൊണ്ടു പോകുന്നതിന് തടസങ്ങളില്ലാത്ത വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുക.

15. വ്യവസായ നിക്ഷേപത്തിന്റെ ഓരോ ഘട്ടത്തിലും നിക്ഷേപകർക്ക് ധനസഹായ സാധ്യതകൾക്കുള്ള അവസരങ്ങൾ മെച്ചപ്പെടുത്തുക.

16. സംരംഭക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വിപുലമായ സംവേദന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

17. നവീനവും വളർച്ചാ സാധ്യതയുള്ളതുമായ മേഖലകളിലേക്ക് ബൃഹത്തായ മൂലധന നിക്ഷേപം ആകർഷിക്കുക.

18. ആഗോളതലത്തിൽ കേരളം എന്ന വാണിജ്യനാമം സൃഷ്ടിച്ച് സുപ്രധാന മേഖലകളിൽ നായകപദവി ഊട്ടിയുറപ്പിക്കുക.

19. കേരളത്തിന്റെ ഉത്പാദന മികവിനെയും ലോകോത്തര നിലവാരത്തിലുള്ള അതിന്റെ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, മാനവശേഷി എന്നിവയെയും പ്രോത്സാഹിപ്പിക്കുക.

20. വിദേശനിക്ഷേപവും കയറ്റുമതിയും വർധിപ്പിക്കുന്നതിന് ആഗോള ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുക.

21. വ്യാപാരം മെച്ചപ്പെടുത്തുന്നതിന് ലോക വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കുക.

22. മേഖലാടിസ്ഥാനത്തിലുള്ള നിക്ഷേപം വർധിപ്പിക്കുന്നതിനായി ഓരോ മേഖലയിലും സർക്കാരും നിക്ഷേപകരും തമ്മിലുള്ള പങ്കാളിത്തം വർധിപ്പിക്കുക.

23. മേഖലാകേന്ദ്രീക്രൃതമായി അടിസ്ഥാന സൗകര്യങ്ങളും വ്യവസായ ക്ലസ്റ്ററുകളും സൃഷ്ടിക്കുക.

24. ഉത്തരവാദിത്ത നിക്ഷേപവും സുസ്ഥിര വ്യവസായവും പ്രോത്സാഹിപ്പിക്കുക.

25. വ്യവസായ സമ്പദ് രംഗങ്ങളിൽ ഉയർന്നു വരുന്നതും

പുതിയതുമായ മേഖലകളിൽ ഗവേഷണവും വികസനവും ഊർജ്ജസ്വലമാക്കുക.

26. നിലവിലുള്ള സംരംഭക പ്രോത്സാഹനത്തിന് കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾ പരിശോധിക്കും.

27. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്ത
സ്വയംഭരണം നൽകുന്നതിന്റെ ഭാഗമായി വിദ്ഗ്ദ്ധ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയം പര്യാപ്തവും സ്വയംഭരണാവകാശവും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

28. വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് ആവശ്യമായ വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രധാനം ചെയ്യുന്ന ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ കണ്ടെത്തുന്ന അധിക ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

അക്കാദമിക് സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ ഫലമായി ലഭിക്കുന്ന
ഉല്പന്നങ്ങളുടെ വ്യാവസായിക ഉല്പാദനത്തിന് മുൻഗണന നൽകുന്ന വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

29. പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനും ഉന്നമനത്തിനുമായി സാധ്യമായ മേഖലകളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള നിക്ഷേപകരുമായി സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

30. വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ പുനരുപയോഗ ഊർജ്ജം പ്രധാനം ചെയ്യുന്ന സ്വയം ആവിഷ്കൃത പദ്ധതികൾ

ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## 3. ഏഴു സുപ്രധാന നയസ്തംഭങ്ങൾ

മേൽ സൂചിപ്പിച്ച ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ചുവടെ നൽകിയിരിക്കുന്ന ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ആവശ്യമാണ്;

1. സംരംഭകത്വ പ്രോത്സാഹനം.
2. അടിസ്ഥാന സൗകര്യമൊരുക്കൽ.
3. ഹൈടെക് സാങ്കേതികവിദ്യയിലേക്കുള്ള മാറ്റം.
4. നൈപുണ്യ വികസനം.
5. വ്യവസായ സൗഹൃദ അന്തരീക്ഷം.
6. കേരളം എന്ന ബ്രാൻഡിനെ വളർത്തുക.
7. മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം.

വ്യവസായ വിപ്ലവം 4.0ന് അനുസൃതമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ നയത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും നിർവഹണ ഏജൻസികൾ, പങ്കാളിത്ത ഉടമകൾ, വ്യവസായ മേഖലയിലെ ഗുണഭോക്താക്കൾ എന്നിവർക്ക് ഒരു മാർഗരേഖയായി മേൽ സൂചിപ്പിച്ച നയമേഖലകൾ വർത്തിക്കുകയും ചുവടെ നൽകിയിരിക്കുന്ന ഗുണഫലങ്ങൾ നൽകുകയും ചെയ്യും;

| ലക്ഷ്യങ്ങൾ | നയമേഖല | ഗുണഫലം |
|---|---|---|

| | | |
|---|---|---|
| 1. സംരംഭക സഹായകമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുക<br>2. രാജ്യത്തെ വളരുന്ന സ്റ്റാർട്ടപ്പ് കേന്ദ്രമാക്കി കേരളത്തെ മാറ്റുക<br>3. അഭ്യസ്തവിദ്യരായ തൊഴിൽരഹിത യുവാക്കളുടെയും സ്ത്രീകളുടെയും സംരംഭകമികവിനെ പരിപോഷിപ്പിക്കുക.<br>4. ഭാവി വ്യവസായങ്ങൾക്ക് സജ്ജമായ രീതിയിൽ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുക. | സംരംഭകത്വ പ്രോത്സാഹനം | ഏവർക്കും അനുയോജ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നു |
| 5. വ്യവസായ രംഗത്തെ അടിസ്ഥാനസൗകര്യവികസനത്തിൽ സ്വകാര്യമേഖലയുടെ നിക്ഷേപം പരമാവധി ആകർഷിക്കുക<br>6. ചരക്ക് കയറ്റുമതി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം. ശക്തിപ്പെടുത്തി കയറ്റുമതിയിൽ മികച്ച വർധനവ് കൈവരിക്കുക. | അടിസ്ഥാന സൗകര്യമൊരുക്കൽ | ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്നു |

| | | |
|---|---|---|
| 7. വ്യവസായ വിപ്ലവം 4.0ന് അനുസൃതമായവ്യവസായ അന്തരീക്ഷം സൃഷ്ടിക്കുക.<br>8. ഉൽപ്പാദനത്തിൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ കാലാനുസൃതമായി ആധുനികവത്ക്കരിക്കുക.<br>9. ഇ-കൊമേഴ്സ് വിപണിയിലേക്ക് അനായാസ പ്രവേശനം സാധ്യമാക്കുക. | ഹൈടെക് സാങ്കേതികവിദ്യയിലേക്കുള്ള മാറ്റം | വ്യവസായ വിപ്ലവം 4.0ന് അനുയോജ്യമാവുകയും ഡിജിറ്റൽ സാങ്കേതികവിദ്യ സ്വായത്തമാക്കുകയും ചെയ്യുക. |
| 10. വ്യവസായത്തിന് അനുയോജ്യമായ നൈപുണ്യ വികസന പരിശീലനത്തിലൂടെ മികച്ച തൊഴിലവസരം സൃഷ്ടിക്കുക.<br>11. ഉയർന്നുവരുന്ന മേഖലകളിൽ നിന്നുള്ള സംരംഭകരെ ആകർഷിക്കുക.<br>12. തൊഴിൽചെയ്തു ജീവിക്കുന്നതിനും വിനോദത്തിനും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക. | നൈപുണ്യ വികസനം | ഭാവിയിൽ ഉണ്ടാകുന്ന തൊഴിൽ മേഖലയ്ക്ക് ഉതകുന്ന വണ്ണം യുവാക്കളെ സജ്ജരാക്കാൻ കഴിയും |

| | | |
|---|---|---|
| 13. സംസ്ഥാനത്ത് വ്യവസായം നടത്തി ക്കൊണ്ട് പോകുന്നിന് തടസങ്ങളില്ലാത്ത വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുക.<br>4. വ്യവസായ നിക്ഷേപത്തിന്റെ ഓരോ ഘട്ടത്തിലും നിക്ഷേപകർക്ക് ധനസഹായ സാധ്യതകൾക്കുള്ള അവസരങ്ങൾ മെച്ചപ്പെടുത്തുക.<br>15. സംരംഭക പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് വിപുലമായ സംവേദന കേന്ദ്രങ്ങൾ സ്ഥാപിക്കുക. | വ്യവസായ സൗഹൃദ അന്തരീക്ഷം | ബിസിനസ് സംരംഭങ്ങൾ തുടങ്ങുന്നതിനായി സംരംഭകർക്ക് പ്രോത്സാഹനം നൽകുക |
| 16.നവീനവും വളർച്ചാസാധ്യത യുള്ളതുമായ മേഖലകളിലേക്ക് ബൃഹത്തായ മൂലധന നിക്ഷേപം ആകർഷിക്കുക.<br>17. ആഗോളതലത്തിൽ കേരളം എന്ന വാണിജ്യനാമം സൃഷ്ടിച്ച് സുപ്രധാന മേഖലകളിൽ | കേരളം എന്ന ബ്രാൻഡിനെ വളർത്തുക | ആഗോള അംഗീകാരം ലഭിക്കുന്നതിനായി ബ്രാൻഡുകളെ സഹായിക്കുകയും ഉത്തരവാദിത്ത നിക്ഷേപത്തിൽ അധിഷ്ഠിതമായ ബ്രാൻഡുകളെ പ്രോത്സാഹിപ്പി |

| | | |
|---|---|---|
| നായകപദവി ഊട്ടിയുറപ്പിക്കുക.<br>18. കേരളത്തിന്റെ ഉത്പാദന മികവിനെയും ലോകോത്തര നിലവാരത്തിലുള്ള അതിന്റെ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, മാനവശേഷി എന്നിവയെയും പ്രോത്സാഹിപ്പിക്കുക.<br>19. വിദേശനിക്ഷേപവും കയറ്റുമതിയും വർധിപ്പിക്കുന്നതിന് ആഗോള ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുക.<br>20. വ്യാപാരം മെച്ചപ്പെടുത്തുന്നതിന് ലോക വിപണിയിലേക്കുള്ള പ്രവേശനം സുഗമമാക്കുക.<br>21. ഉത്തരവാദിത്ത നിക്ഷേപം പ്രോത്സാഹിപ്പിക്കുക. | | ക്കുകയും ചെയ്യുക |
| 22. മേഖലാടിസ്ഥാനത്തിലുള്ള നിക്ഷേപം വർധിപ്പിക്കുന്നതിനായി ഓരോ മേഖലയിലും സർക്കാരും നിക്ഷേപകരും തമ്മിലുള്ള പങ്കാളിത്തം വർധിപ്പിക്കുക.<br>23. മേഖലാ | മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം | പരമ്പരാഗതവും കാലികവുമായ വ്യവസായ മേഖലയ്ക്കൊപ്പം നൂതന വ്യവസായ മേഖലകളെയും വളർത്തുക |

| | | |
|---|---|---|
| കേന്ദ്രീക്രൃതമായി അടിസ്ഥാന സൗകര്യങ്ങളും വ്യവസായ ക്ലസ്റ്ററുകളും സൃഷ്ടിക്കുക.<br><br>24. ഉത്തരവാദിത്ത നിക്ഷേപവും സുസ്ഥിര വ്യവസായവും പ്രോത്സാഹിപ്പിക്കുക.<br>25. വ്യവസായ സമ്പദ് രംഗങ്ങളിൽ ഉയർന്നു വരുന്നതും പുതിയതുമായ മേഖലകളിൽ ഗവേഷണവും വികസനവും ഊർജ്ജസ്വലമാക്കുക. | | |
| 26. നിലവിലുള്ള സംരംഭക പ്രോത്സാഹനത്തിന് കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ സംയോജന സാധ്യതകൾ പരിശോധിക്കും. | സംരംഭക പ്രോൽസാഹനം | ഒരേ മേഖലയിലുള്ള കേന്ദ്ര – സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചു കൊണ്ട് ഗുണഫലങ്ങൾ കൂടുതൽ സംരംഭകരിലേക്ക് എത്തിക്കുക. |

| | | |
|---|---|---|
| 27. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്ത സ്വയംഭരണം നൽകുന്നതിന്റെ ഭാഗമായി വിദ്ഗ്ദ്ധ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വയം പര്യാപ്തവും സ്വയംഭരണാവകാശവും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. | വ്യവസായ സൗഹൃദ അന്തരീക്ഷം | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായ പദ്ധതി നിർവഹണത്തിനും അനുകൂലമാകുന്നതാണ്. |
| 28. വ്യവസായ മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകർക്ക് ആവശ്യമായ വിവിധ സാങ്കേതിക സൗകര്യങ്ങൾ പ്രധാനം ചെയ്യുന്ന ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ കണ്ടെത്തുന്ന അധിക | അടിസ്ഥാന സൗകര്യമൊരുക്കൽ | ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നു. |

| | | |
|---|---|---|
| ഭൂമിയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.<br><br>അക്കാദമിക് സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ ഫലമായി ലഭിക്കുന്ന ഉല്പന്നങ്ങളുടെ വ്യാവസായിക ഉല്പാദനത്തിന് മുൻഗണന നൽകുന്ന വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും | | |
| 29. പൊതുമേഖലാ സ്ഥാപനങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിനും ഉന്നമനത്തിനുമായി സാധ്യമായ മേഖലകളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള നിക്ഷേപകരുമായി സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. | മുൻഗണനാ മേഖലയിലൂന്നിയ വ്യവസാവൽക്കരണം | നൂതന വ്യവസായ മേഖലകൾ വളർത്തുക |

| | | |
|---|---|---|
| 30. വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ പുനരുപയോഗ ഊർജ്ജം പ്രധാനം ചെയ്യുന്ന സ്വയം ആവിഷ്കൃത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. | മുൻഗണനാ മേഖലയിലൂന്നിയ വ്യവസായവൽക്കരണം | ഹരിത നയത്തിന്റെ ലക്ഷ്യ സാക്ഷാൽക്കാരത്തിന് ഊർജ്ജം പകരും |

## 4. സംരംഭകത്വ പ്രോത്സാഹനം

ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻക്യുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായക കേന്ദ്രങ്ങൾ എന്നിവ വഴി സംരഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചു കഴിഞ്ഞു.

## I.സംരംഭകത്വ സഹായക സംവിധാനം

a. നവസംരഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭക സംസ്ക്കാരം
വളർത്തുന്നതിനും സംരംഭകർക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്.
b. സൂക്ഷ്മ ഇടത്തരം ചെറുകിട സംരംഭങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിന് 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കുന്നു. ഓരോ ജില്ലയിലും

സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നത് വഴി തൊഴിലവസരങ്ങൾ വർധിപ്പിക്കും. ശേഷി വികസനവും സഹായക പദ്ധതികളും സാങ്കേതിക വിദ്യയും അറിവും പങ്കുവയ്ക്കും. സാങ്കേതിക സഹായവും ധനസഹായവും ഇതിന്റെ ഭാഗമായി ഉണ്ടാകും.

c. പ്രവാസി നിക്ഷേപകർക്ക് സർക്കാരുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ തുടങ്ങാൻ പ്രോത്സാഹനം നൽകും.
d. സംരംഭകർക്ക് മാർഗനിർദേശങ്ങൾ നൽകുന്ന മെന്റർഷിപ്പ് സംവിധാനം സർക്കാർ ഏജൻസികൾ വഴിയും ഇൻക്യുബേഷൻ സെന്ററുകൾ വഴിയും നടപ്പാക്കും.
e. സംരംഭകർക്കായി പുതുതലമുറ പദ്ധതികൾ ആവിഷ്ക്കരിക്കുകയും സംസ്ഥാന സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് (KIED) മുഖേന കോളേജുകളിൽ സംരഭകത്വ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്യും.
f. സംസ്ഥാനത്ത് എങ്ങനെ ഒരു സംരംഭം തുടങ്ങാമെന്നത് സംബന്ധിച്ച് ലളിതമായി വിവരിക്കുന്ന മാർഗനിർദേശങ്ങളും സംശയനിവാരണ സംവിധാനവും വികസിപ്പിക്കും.
g. എല്ലാ മേഖലയിലും പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കും.

## II. സംരംഭക ധനസഹായം

സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും സംരംഭക സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിന് ധനസഹായം പരമപ്രധാനമാണ്.

a. നിലവിലുള്ള ധനസഹായ പദ്ധതികളും സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) സീഡ് ഫണ്ട് പദ്ധതിയും ഐ.ടി ഇതര വ്യവസായങ്ങളെ കൂടി മുന്നിൽക്കണ്ട് വിപുലമാക്കും.

b. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള ഇക്വറ്റി ഫണ്ടുകൾ ആരംഭിക്കും.
c. സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും ഗവേഷണത്തിനും വികസനത്തിനും ഉൾപ്പടെയുള്ള പ്രവർത്തികൾക്ക് കേരളബാങ്ക്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നിവർ സംയുക്തമായി പ്രതിവർഷം 200 കോടി രൂപയുടെ വെഞ്ചർ കാപ്പിറ്റൽ ഫണ്ട് രൂപീകരിക്കും.
d. സംസ്ഥാനത്തെ സംരംഭങ്ങളുടെ ആഗോള വിപണി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്കായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും.
e. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആശയ പ്രോത്സാഹന പരിപാടി (Innovation Acceleration ) ഊർജ്ജിതമാക്കും.
f. ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കും.

## III.വ്യാവസായരംഗത്തെ അക്കാദമിക ഗവേഷണങ്ങൾ

വ്യാവസയിക രംഗത്ത് സാങ്കേതിക പ്രതിഭകളെ സൃഷ്ടിക്കുക എന്നതിനപ്പുറം ഈ രംഗത്ത് നവീകരണത്തിനും സംരഭകത്വത്തിനുമായി പുതിയൊരു ആവാസവ്യവസ്ഥ സൃഷ്ടിക്കുക എന്നതാണ് സുദൃഢമായ വ്യാവസായിക അക്കാദമിക ബന്ധം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാങ്കേതികവിദ്യയിലെ നവീകരണവും വളർച്ചയും ഉത്തേജിപ്പിക്കുന്നതിനും വ്യവസായിക രംഗവും അക്കാദമിക രംഗവുമായുള്ള സഹകരണം പ്രധാനമാണ്. അത് ഈ മേഖലയിൽ പ്രത്യേകമായൊരു ഇക്കോ-സിസ്റ്റം സൃഷ്ടിക്കുന്നു. വ്യാവസായിക-അക്കാദമിക ഗവേഷണങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് ഈ സഹകരണം പ്രധാനമാണ്.

a. നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ വിജയകരമായ സംരംഭമാക്കി മാറ്റുന്നതിനും സഹായിക്കുന്നതിന് സർക്കാർ വ്യവസായ അക്കാദമിക

ഗവേഷണ സഹകരണ ആവാസവ്യവസ്ഥ വികസിപ്പിക്കും.

b. വ്യവസായ-അക്കാദമിക രംഗത്തെ നയിക്കുന്ന പുതിയൊരു ആവാസവ്യവസ്ഥ സൃഷ്ടിക്കപ്പെടുകയും സർവ്വകലാശാലകൾ പ്രാദേശിക പങ്കാളികളായി പ്രവർത്തിക്കുകയും ചെയ്യും.
c. നൂതന ബിസിനസ് ആശയങ്ങൾ സ്റ്റാർട്ട് അപ്പുകളാക്കി മാറ്റുന്നതിനുള്ള ഫണ്ട് കണ്ടെത്തൽ സുഗമമാക്കുന്നതിന് അക്കാദമിക-വ്യാവസായിക പങ്കാളിത്തത്തോടെ സംസ്ഥാനതലത്തിൽ ഇന്നവേഷൻ ചലഞ്ചും ഹാക്കത്തോണും സംഘടിപ്പിക്കും.
d. മേഖലയുടെ ആവശ്യമനുസരിച്ച് നവ ആവിഷ്ക്കാരങ്ങൾക്കായി സാങ്കേതിക പരിജ്ഞാനമുള്ള സ്ഥാപനങ്ങൾക്ക് ഗവേഷണത്തിനും വികസനത്തിനുമായി മാറ്റിവെക്കുന്ന പ്രത്യേക ആർ&ഡി ഫണ്ട് നൽകും.

## IV. വ്യവസായ പാർക്കുകളിലെ മേഖലാ കേന്ദ്രീകൃത ഫാബ് ലാബുകൾ.

പുതിയതും വളർന്നുവരുന്നതുമായി സംരഭകരെ പ്രോൽസാഹിപ്പിക്കുന്നതിന് അത്യന്താധുനികമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് സുപ്രധാനമാണ്.

a. നിലവിലുള്ള വ്യവസായ പാർക്കുകളിൽ മേഖലാ കേന്ദ്രീകൃതമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കും.
b. ഇലക്ട്രോണിക്സ് രംഗത്തെ സംരംഭങ്ങൾക്കായി രൂപകൽപ്പന, നിലവാര പരിശോധന എന്നിവയ്ക്കായി പൊതു സൗകര്യം ഏർപ്പെടുത്തും

## 5. അടിസ്ഥാന സൗകര്യമൊരുക്കൽ

കരുത്തുറ്റതും മികവാർന്നതുമായ

അടിസ്ഥാനസൗകര്യങ്ങൾ വ്യാവസായിക വളർച്ചയ്ക്ക് അനിവാര്യമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ ഗുണമേന്മ ഒരു സമ്പത്ത് വ്യവസ്ഥയുടെ മത്സരക്ഷമതയും ഒപ്പം അതിന്റെ താരതമ്യ നേട്ടം ഉപയോഗപ്പെടുത്താനുള്ള കഴിവും നിർണയിക്കുന്നു.

കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി പോലുള്ള നിർദിഷ്ട പദ്ധതികൾ സാമ്പത്തിക വളർച്ചയ്ക്ക് ഊർജ്ജം പകരുകയും ഒപ്പം ഉൽപാദന മേഖലയിലും ലോജിസ്റ്റിക്സ് അഗ്രോ പ്രോസസിംഗ് മുതലായ മേഖലകളിലെ കയറ്റുമതി അധിഷ്ഠിത യൂണിറ്റുകളിലും നിക്ഷേപങ്ങൾ വർദ്ധിക്കുന്നതിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. സംസ്ഥാനത്ത് വ്യാവസായിക മേഖലയിൽ കൂടുതൽ അടിസ്ഥാന വികസന സൗകര്യങ്ങൾ ഒരുക്കുന്നതിനൊപ്പം നിലവിലുള്ള വ്യവസായങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകകൂടി ചെയ്യുക എന്നതാണ് ഈ വ്യവസായ നയം ലക്ഷ്യമിടുന്നത്. ഈ നയ സ്തംഭത്തിന് കീഴിൽ പ്രധാന സംരംഭങ്ങളായി താഴെപ്പറയുന്നവ തിരിച്ചറിഞ്ഞിട്ടുണ്ട്.

## i.വ്യവസായ അനുകൂല ലാൻഡ് ബാങ്ക്

a) സ്റ്റാർട്ട് അപ്പുകളും എം.എസ്.എം.ഇകളും ആരംഭിക്കുന്നതിന് സൗകര്യപ്രദമായും സുഗമമായും ഭൂമി അനുവദിക്കുന്നതിനായി സംസ്ഥാന ജില്ലാ തലങ്ങളിൽ ഒരു സമർപ്പിത ലാൻഡ് ബാങ്ക് വികസിപ്പിക്കും.

b) സ്വകാര്യ നിക്ഷേപങ്ങൾ അനുവദിക്കുന്നതിനും സ്വകാര്യ

വ്യവസായ ലാൻഡ് ബാങ്കുകൾ സൃഷ്ടിക്കുന്നതിനും ശക്തമായ ചട്ടക്കൂട് നിർമ്മിക്കും.

c) തദ്ദേശ സ്ഥാപനതലത്തിൽ മേഖല തിരിച്ച് ലാൻഡ് ബാങ്കുകൾ വികസിപ്പിക്കും.

d) സംസ്ഥാനത്തെ പ്രധാന ട്രാൻസിറ്റ് കോറിഡോറുകളെ (തീരദേശ ഹൈവേ, വെസ്റ്റ് കോസ്റ്റ് കനാൽ മുതലായവ) സാമ്പത്തിക, വ്യാപാര ഇടനാഴിയാക്കി മാറ്റുന്നതിനായി വ്യവസായം, പുനരുപയോഗ ഊർജ്ജം, ഗതാഗതം, വിനോദസഞ്ചാരം, വ്യാപാരം, കാർഷികം എന്നീ മേഖലകളുടെ സാമ്പത്തിക വികസന അവസരങ്ങളുടെ (Economic Development Opportunities – EDOs) സാധ്യതകൾ വിലയിരുത്തപ്പെട്ടുവരുന്നു. ഇങ്ങനെ കണ്ടെത്തുന്ന EDOകൾ വികസിപ്പിക്കുന്നതിന് 10-30 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി സർക്കാർ പൊതു സ്വകാര്യ പങ്കാളിത്തം അടിസ്ഥാനമാക്കിയുള്ള വികസനത്തിനായി സുതാര്യമായ പ്രക്രിയയിലൂടെ നിക്ഷേപകർക്ക് ലഭ്യമാക്കും.

### ii.അടിസ്ഥാനസൗകര്യ വികസന ഫണ്ട്

സംസ്ഥാനത്ത് വ്യാവസായിക മേഖലയുടെ ക്രമാനുഗതമായ നവീകരണം ഉറപ്പാക്കാൻ സമഗ്ര അടിസ്ഥാന സൗകര്യവികസന മൂല്യനിർണ്ണയ ചട്ടക്കൂട് വികസിപ്പിച്ചെടുക്കും.

a) സംസ്ഥാനത്ത് നിലവിലുള്ള വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്കായി അടിസ്ഥാന സൗകര്യ അപര്യാപ്തത പഠനം നടത്തുകയും നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ള വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾക്കായി നവീകരണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യും.

b) അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കും.

### iii.മികച്ച ക്ലസ്റ്ററുകൾ

മികച്ച ക്ലസ്റ്ററുകൾ ഉറപ്പാക്കുന്നതിനായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ഫലപ്രദമായ വിനിയോഗവും പുതിയതും മെച്ചപ്പെട്ടതുമായ അടിസ്ഥാന സൗകര്യങ്ങളുടെ വിനിയോഗവും കൊണ്ടു മാത്രമേ കഴിയൂ.

a) ഒഡിഒപി/ഒഎൽഒപി സ്കീമിന് അനുസൃതമായിട്ടായിരിക്കും നിർദ്ദിഷ്ട മികവിന്റെ ക്ലസ്റ്ററുകൾ വേർതിരിക്കുന്നത്.

b) പ്രത്യേക പ്രോൽസാഹനങ്ങൾ നൽകിക്കൊണ്ട് ഈ ക്ലസ്റ്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനായി പ്രത്യേക ക്ലസ്റ്റർ പാക്കേജുകൾ നിർമ്മിക്കും.

### iv.മേഖലാ കേന്ദ്രീകൃത വ്യവസായ പാർക്കുകൾ

സംസ്ഥാനത്ത് മേഖലാ ആവാസവ്യവസ്ഥകളും ക്ലസ്റ്ററുകളും വികസിപ്പിച്ചെടുക്കാൻ മേഖലാകേന്ദ്രീകൃത വ്യവസായ പാർക്കുകൾ അത്യാവശ്യമാണ്.

a) സംസ്ഥാനത്ത് വ്യാവസായിക/നിർമ്മാണ പദ്ധതികൾക്കായി മോഡുലാർ സൗകര്യങ്ങളുള്ള വെർട്ടിക്കൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കും.

b) പുതിയതും നിലവിലുള്ളതുമായ മേഖലാപാർക്കുകൾക്കായി ഗവേഷണ വികസനസൗകര്യങ്ങളും ലോജിസ്റ്റിക് സൗകര്യങ്ങളും ഉൾപ്പെടുത്തിയുള്ള പ്രത്യേക പ്രദേശങ്ങൾ വേർതിരിക്കും.

c) ഗ്രാഫീൻ വ്യവസായ പാർക്ക് വികസിപ്പിക്കുകയും ഫാർമാ സോൺ വികസനത്തിനായി പെട്രോകെമിക്കൽ പാർക്ക് അതിവേഗം പൂർത്തിയാക്കുകയും ചെയ്യും.

d) തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ ബയോടെക്നോളജി

യൂണിറ്റുകളും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളും സജ്ജീകരിക്കുകയും

മെഡിക്കൽ ഉപകരണ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്യും.

e) സംസ്ഥാനത്ത് മേഖലകൾ കേന്ദ്രീകരിച്ച് പ്ലഗ്-ആൻഡ്-പ്ലേ സൗകര്യങ്ങൾ ഉൾപ്പെടുത്തിയുള്ള സ്വകാര്യ വ്യവസായ പാർക്കുകൾക്ക് പ്രോൽസാഹനം നൽകും.

f) പുതിയ വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ആശയവൽക്കരണത്തിനും വികസനത്തിനും 'പിഎം ഗതി ശക്തി സ്കീം' വിനിയോഗിക്കും.

g) കാലാവസ്ഥാ അനുകൂല പ്രക്രിയകൾ, കാർഷിക വനവൽക്കരണം, പുനരുപയോഗ ഊർജ്ജം, അന്തർദേശീയ/ പ്രാദേശിക ബ്രാണ്ടിങ്, നൂതന മാർക്കറ്റിംഗ് എന്നിവ ഉൾപ്പെടുത്തി ചെറുകിട കർഷകർക്കും സഹകരണ സംഘങ്ങൾക്കും മറ്റു സംരംഭകർക്കും സേവനം നൽകുന്നതിനായി പ്രൊഫഷണലായി നടത്തപ്പെടുന്ന ഒരു 'ഹബ് ആൻഡ് സ്പോക്' മോഡൽ സംസ്കരണ-മൂല്യവർധന സംവിധാനം നടപ്പിലാക്കും.

## v.വ്യവസായ ഇടനാഴി വികസനം

കൊച്ചി ബംഗളൂരു വ്യവസായ ഇടനാഴി (കെബിഐസി) രണ്ടു നോഡുകളിലായി വികസിപ്പിക്കും; അതായത് പാലക്കാട്ടെ വ്യവസായ നിർമ്മാണ ക്ലസ്റ്ററും (ഐഎംസി) കൊച്ചിയിലെ ഗിഫ്റ്റ് സിറ്റിയും. വ്യവസായ ഇടനാഴികൾപോലുള്ള സാമ്പത്തിക മേഖലകളുടെ സാന്നിധ്യം വ്യവസായങ്ങളുടെ കണക്റ്റിവിറ്റിയും മത്സരക്ഷമതയും വർദ്ധിപ്പിക്കും.

a) പുതിയ വ്യവസായ ഇടനാഴി സംസ്ഥാനത്തുടനീളം പ്രധാന വ്യവസായ

കേന്ദ്രങ്ങൾ സൃഷ്ടിക്കും.

b) കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴിയുടെ വികസനം

അതിവേഗത്തിൽ നടപ്പിലാക്കും.

c) മലബാർ മേഖലയിൽ കൊച്ചി-മംഗലാപുരം വ്യവസായ ഇടനാഴി സ്ഥാപിക്കും.

## vi.വ്യവസായ ടൗൺഷിപ്പും സ്മാർട്ട് സിറ്റിയും

സംരംഭങ്ങൾക്ക് അഭിവൃദ്ധി പ്രാപിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, വൈദഗ്ധ്യമുള്ള മനുഷ്യശേഷി മുതലായവ ഒരു മികച്ച വ്യാവസായിക ആവാസവ്യവസ്ഥ പ്രദാനം ചെയ്യുന്നു. സംസ്ഥാനത്ത് വ്യാവസായിക ടൗൺഷിപ്പുകളുടെ വികസനത്തിനും വ്യാവസായിക സ്മാർട് സിറ്റികൾ സൃഷ്ടിക്കുന്നതിനും ഇത് നിർണ്ണായകമാണ്.

a) ആങ്കർ നിക്ഷേപകരെ ആകർഷിച്ചുകൊണ്ട് സംസ്ഥാനത്ത് വ്യവസായ ടൗൺഷിപ്പുകൾ വികസിപ്പിക്കും.

b) ആധുനിക സൗകര്യങ്ങളോടെ ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് (ഗ്രിഫ്റ്റ്) സിറ്റിയുടെ വികസനം അതിവേഗത്തിലാക്കും.

c) കൊച്ചി-തിരുവനന്തപുരം പാതയിൽ സ്മാർട് വ്യാവസായിക ഇടനാഴി

സ്ഥാപിക്കും

## vii.ഭൂമി അനുവദിക്കുന്നതിനും മറ്റുമുള്ള ഏകീകൃത ചട്ടങ്ങൾ

ലളിതവും സുതാര്യവും നിക്ഷേപ സൗഹൃദവുമായ ഭൂമി വിതരണ സംവിധാനം നിക്ഷേപകർക്ക് തടസ്സരഹിതമായ അനുഭവം നൽകുന്നതിന് നിർണായകമാണ്.

a) വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ ഏജൻസികളിൽ

നിന്നും സ്വീകരിച്ചിട്ടുള്ള നിലവിലുള്ള ഭൂമിവിതരണ സംവിധാനങ്ങൾ നവീകരിക്കുകയും ഭൂമി ക്രയവിക്രയം ചെയ്യുന്നതിന് ഏകീകൃത സംവിധാനം നടപ്പിലാക്കുകയും ചെയ്യും.

b) സ്വകാര്യ നിർമ്മാതാക്കൾക്കും ഡവലപ്പർമാർക്കും പ്ലോട്ട് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ, ലോജിസ്റ്റിക്സ് പ്രവർത്തനങ്ങൾക്കുള്ള ഭൂമി, വെയർഹൗസ് സൗകര്യങ്ങളുടെ സബ് ലീസിംഗ്, ലീസ് പ്രീമിയം കണക്കുകൂട്ടൽ, പുതുക്കൽ, പ്ലോട്ടുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം അല്ലെങ്കിൽ പ്ലോട്ടുകൾ അസാധുവാക്കൽ, പ്ലോട്ടുകൾ സറണ്ടർ ചെയ്യൽ, ബിൽറ്റ്അപ്പ് സ്ഥലം/ എസ്.ഡിഎഫ് കെട്ടിടം എന്നിവയുടെ അലോട്ട്മെന്റ്, പ്രവർത്തനം മാറ്റുന്നതിനുള്ള വ്യവസ്ഥ, അലോട്ട്മെന്റ് കൈമാറ്റം, പാട്ടം പുതുക്കൽ തുടങ്ങിയവ ഉൾപ്പെടുന്നതാണ് പുതിയ ചട്ടങ്ങൾ.

## viii.ഭൂമി തരം മാറ്റൽ കാര്യക്ഷമമാക്കൽ

ഭൂമിപരിവർത്തനം, ഭൂമി രജിസ്ട്രേഷൻ, എക്സിറ്റ് നടപടിക്രമങ്ങൾ തുടങ്ങിയവയെല്ലാം കാര്യക്ഷമമാക്കിക്കൊണ്ട് സംസ്ഥാനത്ത് ബിസിനസ് സൗഹാർദ്ദ അന്തരീക്ഷം സജ്ജമാക്കും.വ്യാവസായികാവശ്യത്തിനായുള്ള ഭൂമി ക്രയവിക്രയങ്ങളുമായി ബന്ധപ്പെട്ട് മതിയായതും വ്യക്തമായതുമായ ചെക്ക്-ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലൂടെ ഭൂമിക്രയവിക്രയ പ്രക്രിയകൾ കഴിവുറ്റതാക്കാനും കാര്യനിർവഹണശേഷി വർദ്ധിപ്പിക്കാനും നടപടി ക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും കഴിയും.

## ix.സ്വകാര്യ വ്യവസായ പാർക്കുകൾ-ഭൂമി കൈവശാവകാശ പരിഷ്ക്കാരങ്ങൾ

സ്വകാര്യ വ്യാവസായിക പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമാക്കി വ്യവസായങ്ങളുടെ വികസനം പ്രോത്സാഹിപ്പിക്കും.

a) 1963 ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഇളവുകൾ നൽകി

വ്യവസായങ്ങൾക്ക് ഭൂമി ലഭ്യമാക്കും.

b) കേരള ഭൂപരിഷ്ക്കരണ നിയമം, 1963 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഭൂപരിധി സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് ബാധകമാണ്. നിയമാനുസൃത ഇളവുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലളിതമാക്കും.

c) തോട്ടം മേഖലയിൽ നിയമാനുസൃതം അനുവദനീയമായ വിളകൾ കൃഷി ചെയ്യുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കും അനുമതി നൽകാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തും. ഇതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തും.

## x.സ്കെയിൽ - അപ്പ് സംരംഭങ്ങൾക്കുള്ള അടിസ്ഥാന സൗകര്യ സഹായം

സ്കെയിൽ-അപ്പ് സംരംഭങ്ങൾക്ക് മതിയായതും ചെലവ് കുറഞ്ഞതുമായ അടിസ്ഥാന സൗകര്യം, മൂലധന സഹായം എന്നിവ വഴി പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പിന്തുണ ആവശ്യമാണ്.

സംരംഭങ്ങൾ സ്കെയിൽ-അപ്പ് ചെയ്യുന്നതിനായി സർക്കാർ ഉടമസ്ഥതയിലുള്ള/അസിസ്റ്റഡ് പാർക്കുകളിൽ ബിൽറ്റപ്പ് സ്പേസ് പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കും.

## xi.ലോജിസ്റ്റിക്ക് അടിസ്ഥാന സൗകര്യങ്ങൾ

വ്യവസായങ്ങളുടെ മത്സരക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള സുപ്രധാന ഘടകമാണ് കണക്റ്റിവിറ്റിയും തടസ്സമില്ലാത്ത ലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യവും.

a) സംസ്ഥാനത്തെ വ്യാവസായിക ആവാസവ്യവസ്ഥ വർദ്ധിപ്പിക്കാൻ സംസ്ഥാന തലത്തിൽ ലോജിസ്റ്റിക്സ് മേഖലയ്ക്കായി ഒരു കർമ്മപദ്ധതി തയ്യാറാക്കും.

b) കേന്ദ്ര സർക്കാരിന്റെ വാണിജ്യ മന്ത്രാലയത്തിന്റെ ലീഡ്സ് ഇൻഡക്സ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാനതല ലോജിസ്റ്റിക്സ് കോർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം കെഎസ്ഐഡിസിയിൽ ഒരു ലോജിസ്റ്റിക്സ് സെൽ രൂപീകരിക്കുന്നതിലൂടെ ശക്തിപ്പെടുത്തും.

c) സംസ്ഥാനത്തെ കയറ്റുമതിയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, വലുതും ചെറുതുമായ തുറമുഖങ്ങൾ, എയർ കാർഗോ ഉൾപ്പെടെ സൗകര്യങ്ങൾ, സംഭരണ സൗകര്യങ്ങൾ, കണ്ടെയ്നർ ഡിപ്പോകൾ, കോൾഡ് സ്റ്റോറേജ്, റെയിൽ-റോഡ് കണക്റ്റിവിറ്റി, ഉൾനാടൻ ജലപാതകൾ എന്നിവ ശക്തിപ്പെടുത്തും.

## 6. ഹൈടെക്ക് സാങ്കേതികവിദ്യയിലേക്കുള്ള മാറ്റം

യന്ത്രവൽക്കരണം വർദ്ധിപ്പിച്ചുകൊണ്ടുള്ള സ്മാർട്ട് മെഷിനറികളും സ്മാർട്ട് ഫാക്ടറികളും തൊഴിലുമാണ് വ്യവസായം 4.0ന്റെ സവിശേഷത. മെഷീൻ ലേണിംഗ്, ഡാറ്റഅനലിറ്റിക്സ്, പ്രക്രിയകളുടെ ഓട്ടോമേഷൻ എന്നിവ സ്വീകരിക്കുന്നതിലൂടെ ഉൽപാദനമേഖലയിൽ

ഡിജിറ്റൽവൽക്കരണം സാധ്യമാകുകയും ഉൽപാദനത്തിൽ വിപ്ലവമുണ്ടാക്കാൻ കഴിയുകയും ചെയ്യും. അങ്ങനെ വ്യവസായം 4.0ൽ ഉൾപ്പെടുത്തി യിരിക്കുന്ന നിലവിലെ ബിസിനസുകൾ ഡിജിറ്റൽവൽക്കരിക്കാൻ തയ്യാറാകുന്നതിലൂടെ വ്യവസായം 4.0 യിലേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിയുന്ന കരുത്തുറ്റ ആവാസവ്യവസ്ഥ സൃഷ്ടിക്കുകയും ചെയ്യും. ഈ നയപ്രഖ്യാപനത്തിനു കീഴിൽ താഴെ പറയുന്ന പ്രധാന സംരംഭങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു;

**i.സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഡിജിറ്റൽവത്ക്കരണം**

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ഡിജിറ്റൽവൽക്കരിക്കുകയും സാങ്കേതിക മികവ് നേടുകയും ചെയ്യുന്നതിലൂടെ ഉൽപാദനചെലവ് കുറയുകയും വിഭവവിനിയോഗം കാര്യക്ഷമമാക്കുകയും ഊർജ്ജക്ഷമത വർദ്ധിക്കുകയും സംരംഭങ്ങളുടെ മത്സരക്ഷമത വർദ്ധിക്കുകയും ചെയ്യും.

a) എം എസ് എം ഇകളുടെ സാങ്കേതികവിദ്യാപ്രാപ്തിക്കും ഡിജിറ്റലൈസേഷനും വേണ്ടി സംസ്ഥാനത്തെ നിലവിലുള്ള ബിസിനസുകളുടെയും എം എസ് എം ഇ കളുടെയും വ്യവസായം 4.0 സന്നദ്ധത മാപ്പ് ചെയ്യുന്നതിനുള്ള ഒരു സംവിധാനം വികസിപ്പിക്കും.

b) എംഎസ്എംഇകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ വ്യവസായങ്ങളുടെ വളർച്ച സുഗമമാക്കുന്നതിനും ക്ലസ്റ്റർ/മേഖലാ അടിസ്ഥാന സാങ്കേതിക കേന്ദ്രങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവ വികസിപ്പിക്കും.

c) ഗവേഷണ വികസന (ആർ & ഡി) പ്രവർത്തനങ്ങളുടെ ചെലവ് കുറച്ചുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്റ്റാർട്ട്-അപ്പുകളും എംഎസ്എംഇകളും അക്കാദമിക

ഗവേഷണ സ്ഥാപനങ്ങളുടെ പിന്തുണ സ്വീകരിക്കും.

### ii.വ്യവസായ വിപ്ലവം 4.0 ന് അനുസൃതമായ ആധുനികവത്ക്കരണം

നവീകരണമാണ് വവസായം 4.0യുടെ ആണിക്കൽ. അതിനാൽ നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്ന പരിസ്ഥിതി സൃഷ്ടിക്കപ്പെടേണ്ടത് പ്രധാനമാണ്.

a) അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളുള്ള ഒരു ആഗോള ഇന്നൊവേഷൻ ഇൻകുബേറ്റർ ഹബ്ബായി വർത്തിക്കുന്ന ഒരു ടെക്നോളജി ഇന്നൊവേഷൻ സോൺ വികസിപ്പിക്കും.

b) ആശയങ്ങളുടെ സങ്കലനവും സാങ്കേതികമുന്നേറ്റങ്ങളും സാധ്യമാക്കുന്നതിന് ഒന്നിലധികം സാങ്കേതിക മേഖലകൾ ഒരു പൊതു പ്ലാറ്റ്ഫോമിനുകീഴിൽ കൊണ്ടുവരും.

c) എംഎസ്എംഇകൾക്കായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ അസംസ്കൃത വസ്തുക്കളുടെ സംഭരണം പ്രാപ്തമാക്കും.

### iii.ഇ-കൊമേഴ്സ് വിപണിയിലേക്കുള്ള പ്രവേശനം

ഡിജിറ്റൽ പരിവർത്തനത്തിൽ നിന്ന് മികച്ച നേട്ടമുണ്ടാക്കുന്നതിനും ഉൽപാദന ചെലവ് കുറയ്ക്കുന്നതിനും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ പ്രയോജനപ്പെടുത്തും.

a) വിപണികളും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളും പ്രയോജനപ്പെടുത്തുന്നതിനായി എം.എസ്.എം.ഇ-കൾക്ക് സൗകര്യമൊരുക്കും.

b) ഈ മേഖലയിൽ വിജ്ഞാന പങ്കിടൽ വർധിപ്പിക്കുന്നതിന് സമർപ്പിത ശിൽപശാലകൾ സംഘടിപ്പിക്കുകയും മതിയായ വിജ്ഞാന സാമഗ്രികൾ വികസിപ്പിക്കുകയും ചെയ്യും.

c) പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാന ഭാരം കുറയ്ക്കുന്നതിനും വേതനം വർദ്ധിപ്പിക്കുന്നതിനും നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

d) പൊതുമേഖലയെ നവീകരിക്കുന്നതിന് ഓരോ സ്ഥാപനത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കി വിദഗ്ദ്ധർ അടങ്ങുന്ന ഒരു പ്രത്യേക സംഘത്തെ നിയമിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സാങ്കേതിക വിദ്യകളിലൂടെ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുകയും വൈവിധ്യവൽകരണത്തിലൂടെ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

## 7. നൈപുണ്യ വികസനം

വ്യവസായം 4.0യുടെ ചാലകശക്തി ഭവിഷ്യോൻമുഖമായ സാങ്കേതികവിദ്യകളാണ്-- ഓട്ടോമേഷൻ, റോബോട്ടിക്സ്, ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐ.ഒ.ടി.), നിർമ്മിതബുദ്ധി (ആർട്ടിഫിഷ്യൽ ഇന്ററലിജൻസ്) മുതലായവ. ഈ മേഖലകളുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി ഭാവി നൈപുണ്യമുള്ള ഒരു തൊഴിൽ സേനയെ സൃഷ്ടിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ നിലവിലുള്ള മാനവവിഭവശേഷി ശക്തിപ്പെടുത്തി ഭാവിയിൽ തൊഴിൽയോഗ്യരായ യുവാക്കളെ സൃഷ്ടിക്കേണ്ടത് സംസ്ഥാനത്തിന് അത്യന്താപേക്ഷിതമാണ്. ഈ നയത്തിന്റെ ഭാഗമായി ഇനിപ്പറയുന്ന കാര്യങ്ങൾ മുൻകൈയെടുത്തു നടപ്പാക്കുന്നതാണ്.

### i. വ്യവസായങ്ങൾ കേന്ദ്രീകരിച്ചുള്ള പരിശീലനം

ക്ലസ്റ്റർ അധിഷ്ഠിതവും സെക്ടർ അധിഷ്ഠിതവുമായി വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതോടെ ക്ലസ്റ്റർ നിബന്ധിത പരിശീലനം അനിവാര്യമാകും.

a) മികച്ച മാനവശേഷി സ്വരൂപിക്കാനായി കെ.ഐ.ഇ.ഡി യുമായി ചേർന്ന് തൊഴിൽപരിശീലന കോഴ്സുകൾ തുടങ്ങും.

b) സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വ്യവസായനിബന്ധിത നൈപുണികൾ വികസിപ്പിക്കാനായി നിശ്ചിത ഇടവേളകളിൽ നൈപുണിപരിശീലന പരിപാടികൾ നടത്തും. ഉള്ള നൈപുണികൾ വളർത്താനും പുതിയവ ആർജ്ജിക്കാനും ഇതു സഹായിക്കും.

c) ഐ.ടി.ഐ, പോളിടെക്നിക്, എൻജിനീയറിങ് കോളേജുകൾ എന്നിവയിൽ വ്യവസായനിർബന്ധിത കോഴ്സുകൾ തുടങ്ങും. ഈ ഹ്രസ്വകാല, ദീർഘകാലകോഴ്സുകൾ സൗകര്യപ്രദമായ ചെറു മോഡ്യൂളുകളായി രൂപകല്പന ചെയ്യും.

d) ഓരോ ക്ലസ്റ്ററിലും സാങ്കേതികമികവു കേന്ദ്രങ്ങൾ തുടങ്ങും. പൊതു-സ്വകാര്യപങ്കാളിത്ത (പിപിപി) മാതൃകയിലായിരിക്കും ഇവ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ

അക്കാദമിക് പഠനവും വ്യവസായസ്ഥാപനങ്ങൾ പരിശീലനസൗകര്യവും ഒരുക്കും.

e) കേരള നോളജ് ഇക്കണോമി മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ശക്തമായ ഒരു നൈപുണ്യ അടിസ്ഥാന സൗകര്യ ആവാസവ്യവസ്ഥ സൃഷ്ടിക്കുകയും വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും വിപുലമായ കോഴ്സുകളും പരിശീലനങ്ങളും ഏറ്റെടുക്കുന്നതിന് സോഫ്റ്റ് ലോണുകൾ ലഭ്യമാക്കുകയും ചെയ്യും.

f) നൈപുണ്യ വികസനം എന്ന നയമേഖലയിൽ സ്കൂൾ, കോളേജ്, സാങ്കേതിക വിദ്യാഭ്യാസം അടക്കമുള്ള കരിക്കുലത്തിൽ സംരംഭകത്വം, വാണിജ്യ-വിപണന-അക്കൌണ്ടിങ് കാര്യങ്ങൾ എന്നിവ ഉൾപ്പെടുത്തും.

## ii. വ്യവസായ വിപ്ലവം 4.0 ന് അനുയോജ്യമായ നൈപുണ്യ വികസനം

വ്യവസായം 4.0 പുഷ്ടിപ്പെടാൻ മികച്ച നൈപുണികളുള്ള ഒരു തൊഴിൽസേന ആവശ്യമാണ്. ഈ നൈപുണികൾ സാങ്കേതികവും സങ്കീർണ്ണവുമാണ്.

a) വ്യവസായം 4.0 അവബോധം വളർത്താൻ പ്രാദേശിക, ദേശീയ, രാജ്യാന്തര

തലങ്ങളിൽ കോൺഫറൻസുകളും കോൺക്ലേവ് പരമ്പരകളും നടത്തും.

b) ആധുനിക സാങ്കേതിവിദ്യകളും ഉപകരണങ്ങളും ഉപയോഗിക്കാൻ പ്രാപ്തരാക്കുന്ന പരിപാടികൾ കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് രൂപകല്പനചെയ്യും.

c) കോളജ് വിദ്യാർഥികളെ പുതിയകാല നൈപുണികൾ ആർജ്ജിക്കാൻ വിദ്യാഭ്യാസസ്ഥാപനങ്ങളും എഡ്ടെക് (വിദ്യാഭ്യാസസാങ്കേതിവിദ്യാ) സ്ഥാപനങ്ങളുമായി ചേർന്ന് പങ്കാളിത്തപദ്ധതികൾ നടപ്പാക്കും.

d) വ്യവസായ സംഘടനകളുമായി ചേർന്ന് നൈപുണിവികസന കേന്ദ്രങ്ങൾ ആരംഭിക്കും

## iii.വ്യവസായ പരിശീലനത്തിനായി മികവിന്റെ കേന്ദ്രങ്ങൾ

a) വ്യവസായം 4.0 മികവുകേന്ദ്രം (സെന്റർ ഓഫ് എക്സലൻസ്) പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കും. ലാബുകളും ഇൻക്യുബേഷൻ കേന്ദ്രങ്ങളും ഗവേഷണ-വികസന കേന്ദ്രങ്ങളും ഇതിന്റെ ഭാഗമായിരിക്കും.

b) സംസ്ഥാനത്തിന് അനുയോജ്യമെന്നു നിശ്ചയിച്ച

മുൻഗണനാ മേഖലകളിലെ വ്യവസായങ്ങൾക്കാവശ്യമായ നൈപുണികൾ ആർജ്ജിക്കാൻ ബഹുനൈപുണി പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കും.

c) ബിഗ് ഡേറ്റ മേഖലയിലെ ഗവേഷകർക്കും സ്റ്റാർട്ടപ്പുകൾക്കും പുതിയ സാങ്കേതികവിദ്യകൾ പരീക്ഷിക്കാൻ ടെസ്റ്റ് ബെഡ്/സാൻഡ്-ബക്സ് സൗകര്യമൊരുക്കും.

## 8. വ്യവസായ സൗഹൃദ അന്തരീക്ഷം

സംയോജിത ശ്രമങ്ങളിലൂടെ പ്രോത്സാഹനാത്മകമായ ബിസിനസ് അന്തരീക്ഷം നിർമ്മിച്ചെടുക്കും. ഇതിനാവശ്യമായ നിയമപരിഷ്കാരങ്ങൾ, നിക്ഷേപകരുമായുള്ള ഇടപാടുകൾ നവീനമാക്കുന്ന ഡിജിറ്റൽ പരിഷ്കാരങ്ങൾ, വ്യവസായാനുസൃതമായ അടിസ്ഥാനസൗകര്യവികസനം, പരാതി പരിഹാരസംവിധാനം എന്നിവ ഒരുക്കും. ഈ നയത്തിന്റെ ഭാഗമായി ഇനിപ്പറയുന്ന സംവിധാനങ്ങൾ നടപ്പാക്കും

### i.കോമ്പോസിറ്റ് ലൈസൻസ്

സംരംഭകർക്ക് നിക്ഷേപ പ്രക്രിയ എളുപ്പമാക്കുന്നതും മറ്റ് നിരവധി സൗകര്യങ്ങൾ നൽകുന്നതുമായിരിക്കും കോംപോസിറ്റ് ലൈസൻസ് സംവിധാനം.

a) ചുവപ്പുഗണത്തിലും എംഎസ്എംഇ വിഭാഗത്തിലും പെടാത്ത പുതിയ സംരംഭങ്ങൾക്ക് വിവിധ നിയമങ്ങളുടെ കീഴിൽ ആവശ്യമായ ലൈസൻസുകളും അനുമതികളും നൽകുന്നതിനായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിക്കും.

b) അപേക്ഷ അംഗീകരിക്കാനോ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാനോ അപേക്ഷ നിരസിക്കാനോ ഉള്ള തീരുമാനം ഈ ബ്യൂറോ 7 ദിവസങ്ങൾക്കുള്ളിൽ എടുക്കും. ഇത്തരത്തിൽ

നൽകുന്ന കോംപോസിറ്റ് ലൈസൻസിന് 5 വർഷത്തേക്ക് പ്രാബല്യമുണ്ടാകും.

### ii.പരാതിപരിഹാര സംവിധാനം

a) ഓരോ വ്യവസായത്തിനും പ്രത്യേകം പരാതിപരിഹാര സെൽ രൂപീകരിക്കും.

b) സംസ്ഥാന, ജില്ലാതല പരാതിപരിഹാര കമ്മിറ്റികൾ ചേർന്നുള്ള ഒരു സ്റ്റാറ്റ്യൂട്ടറി സംവിധാനം രൂപീകരിക്കും. ഇതിനായി 1999ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റും ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

c) തൊഴിൽ നിയമങ്ങൾ, പരിസ്ഥിതി നിയമങ്ങൾ, ആരോഗ്യ പരിപാലന നിയമങ്ങൾ

എന്നിവയും വ്യവസായ സംരംഭക പ്രവർത്തനങ്ങളും തമ്മിൽ പലപ്പോഴും പൊരുത്തക്കേടുകൾ ഉടലെടുക്കുന്നതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ, ഏജൻസികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഏകോപനവും പ്രസ്തുത പരാതി പരിഹാര സംവിധാനത്തിന്റെ ചുമതലകളിൽപ്പെടുന്നു.

### iii.നിയന്ത്രണവ്യവസ്ഥകളുടെ ഉദാരവത്ക്കരണം

സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ സങ്കീർണ്ണതയും സമയവും കുറയ്ക്കുന്നതിന് നിയന്ത്രണ പ്രക്രിയകൾ ഡിജിറ്റൽവത്കരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതുണ്ട്.

a) നിലവിലുള്ള നിയന്ത്രണസംവിധാനങ്ങൾ പരിശോധിക്കും. ക്രിമിനിൽ വ്യവസ്ഥകൾ നീക്കുക,

നടപടികൾ ഡിജിറ്റലാക്കുക, ഓൺലൈൻ സംവിധാനങ്ങൾ നടപ്പിൽവരുത്തുക, പരിശോധനകൾ കേന്ദ്രീകരിക്കുക മുതലായ നടപടിക്രമങ്ങൾ യുക്തമാംവിധം നടപ്പാക്കും.

b) ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ ഭാഗമായി നടപടികളും നിയമങ്ങളും പരിശോധിക്കാൻ രൂപീകരിച്ച ബാഹ്യസമിതിയുടെ (എക്സ്റ്റേണൽ കമ്മിറ്റി) ശുപാർശകൾ നടപ്പാക്കും. ഇതിനായി വകുപ്പുതലത്തിൽ വർക്കിങ് കമ്മിറ്റികൾ രൂപീകരിക്കും.

## iv. കടലാസു രഹിത ഇടപാടുകൾ

സംസ്ഥാനത്തു ബിസിനസ് തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ലഘൂകകരിക്കുന്നതിന്റെ നിർണ്ണായക ഭാഗമാണ് അപേക്ഷകർക്കുള്ള ഏകജാലകസംവിധാനവും കടലാസില്ലാ പ്രവർത്തനങ്ങളും നടപ്പാക്കുക എന്നത്.

a) കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനം കൂടുതൽ വകുപ്പുകളെ ചേർത്ത് വിപുലപ്പെടുത്തും. ഉപയോഗം കൂടുതൽ മികച്ചതാക്കാൻ ലോകോത്തര യുഐ, യുഎക്സ് ഡിസൈനും ഏകീകൃത അപേക്ഷാഫോമും ഡൈനാമിക് ഡാഷ്ബോർഡും നടപ്പാക്കും.

b) പുതിയ വ്യവസായങ്ങൾക്കുള്ള അപേക്ഷ കെ-സ്വിഫ്റ്റ് വഴി ഓൺലൈനിലൂടെമാത്രമാക്കും. സർട്ടിഫിക്കറ്റുകൾ ഈ ഏകജാലക പോർട്ടലിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാം.

c) ക്രമേണ, സംസ്ഥാനതലത്തിലുള്ള എല്ലാ അപേക്ഷകളും കെ-സ്വിഫ്റ്റിലേക്കുമാറ്റും. മറ്റു ലൈസൻസിങ് പോർട്ടലുകളെ കെ-സ്വിഫ്റ്റുമായി ഏകീകരിക്കും.ലൈസൻസ്, പെർമിറ്റ്, ക്ലിയറൻസ്, എൻ.ഒ.സി എന്നിവയെല്ലാം ഇതുവഴി മാത്രമാക്കും.

## v.അധികാര വികേന്ദ്രീകരണം

റഗുലേറ്ററി കംപ്ലയൻസ് ലഘൂകരിക്കാൻ അധികാരങ്ങൾ

കീഴ്ഘടകങ്ങൾക്കു വീതിച്ചു  കൊടുക്കേണ്ടത് ആവശ്യമാണ്.

ജില്ലാ ഓഫീസുകൾക്ക് കംപ്ലയൻസ് നടപടിക്രമങ്ങളുടെ കൂടുതൽ അധികാരങ്ങൾ നൽകും. റീജിണൽ ഓഫീസുകൾ മേൽനോട്ടം വഹിക്കുക മാത്രമാകും ചെയ്യുക.

## vi.നിയമങ്ങളും ചട്ടങ്ങളും ക്രോഡീകരിച്ച സംവിധാനം

നിലവിലുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും ഒരേയിടത്തു ലഭ്യമാകുക എന്നത് നടപടി ക്രമങ്ങൾ വേഗത്തിലും അനായാസവും ആക്കാനും അപേക്ഷകളുടെ കാലതാമസം ഒഴിവാക്കാനും സഹായിക്കും.

a) കേന്ദ്ര, സംസ്ഥാന നിയമങ്ങളുടെ ഒരു സമഗ്രശേഖരം സമാഹരിക്കും. ഈ ശേഖരം പൊതുജനങ്ങൾക്കു ലഭ്യമാക്കും.

b) നിയമങ്ങളും വ്യവസ്ഥകളും ജനങ്ങൾക്കു മനസിലാകും വിധം ലഘൂകരിച്ച വ്യാഖ്യാനങ്ങളും അറിയിപ്പുകളും അതതു വകുപ്പുകളുമായി ചേർന്ന് തയാറാക്കും.

## vii. ഇൻവെസ്റ്റ് കേരള ഹെൽപ് ഡെസ്ക് 2.0

നിക്ഷേപ തീരുമാനങ്ങൾ വേഗം എടുക്കാനും നടപ്പാക്കാനുമുള്ള പ്രക്രിയകൾ ലഘൂകരിക്കാൻ ഏകജാലക സംവിധാനവും ഏകസമ്പർക്ക വേദിയും ആവശ്യമാണ്. ഇതു സംസ്ഥാനത്തേയ്ക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കും.

a) ഡെസ്ക്ടോപ്പ്, മൊബൈൽ ആപ്ലിക്കേഷനുകളിൽ വോയ്സ്, ചാറ്റ്, ടാസ്ക് മാനേജ്മെന്റ് പ്രക്രിയകൾക്ക് ഏകീകൃത കോൺടാക്ട് സെന്റർ വഴി ഓംമ്നിചാനൽ ഇന്റർഫെയ്സോടു കൂടി ഇൻവെസ്റ്റ് കേരള ഹെൽപ്ഡെസ്ക് 2.0തയാറാക്കും.

b) മുൻഗണനാക്രമം നിശ്ചയിക്കാനും അന്വേഷണങ്ങൾ മേൽത്തട്ടിലേക്ക് അയയ്ക്കാനും ബിഗ് ഡാറ്റ അടിസ്ഥാനമാക്കിയുള്ള ഡേറ്റാബേസ് മാനേജ്മെന്റ് സംവിധാനംഅടക്കമുള്ള

പ്ലാറ്റ്ഫോമിലായിരിക്കും ഈ ഹെൽപ്പ്ഡെസ്ക് തയാറാക്കുക.

c) നിക്ഷേപകർക്കായി ഡെഡിക്കേറ്റഡ് ഫെസിലിറ്റേഷൻ സേവനങ്ങൾ ലഭ്യമാക്കും.

d) ഇൻവെസ്റ്റ് കേരള ഹെൽപ്പ്ഡെസ്ക് 2.0 എല്ലാ ദിവസവും 24x7 പ്രവർത്തിക്കും.

### viii.നിരന്തര പങ്കാളിത്ത സമ്പർക്കങ്ങൾ

അനുകൂലമായ ഒരു വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന്, വ്യവസ്ഥാപിതവും നിരന്തരവുമായ രീതിയിൽ എല്ലാ പങ്കാളികളുടെയും സംയോജിത ശ്രമങ്ങളും സംഭാവനകളും ആവശ്യമാണ്.

a) ഇൻവെസ്റ്റർ കണക്ട് മീറ്റുകൾ, വ്യവസായ വിഭാഗങ്ങളനുസരിച്ച്, പതിവായി നടത്തും.

b) ബിസിനസ് സൗകര്യങ്ങളൊരുക്കുന്നതിലെ പോരായ്മകൾ മനസിലാക്കാൻ ഉപയോക്താക്കളിൽ നിന്ന് നിരന്തരം അഭിപ്രായങ്ങൾ സമാഹരിക്കും.

c) നിലവിലുള്ള നിക്ഷേപകരുടെയും നിക്ഷേപകരാകാൻ സാധ്യതയുള്ളവരുടെയും പേരുവിവരങ്ങൾ സമാഹരിച്ച് അവരുമായി നിരന്തരം സമ്പർക്കം പുലർത്തും.

### ix. പുതിയ മേഖലകൾക്ക് വ്യവസായ പദവി

വിവിധ പദ്ധതികളുടെയും നയങ്ങളുടെയും ഗുണഫലങ്ങൾ വ്യവസായങ്ങൾക്കു ലഭ്യമാക്കാൻ സെക്ടർ തിരിച്ചുള്ള വ്യവസായാന്തരീക്ഷങ്ങൾ സൃഷ്ടിക്കുകയും അവയ്ക്ക് സവിശേഷ പിന്തുണ നൽകുകയും വേണം.

ഐ.ടി. എനേബിൾഡ് സേവനങ്ങൾ, റോബോട്ടിക്സ്, നിർമ്മിതബുദ്ധി, ഹൈടെക് ഫാമിങ് മുതലായ സൺറൈസ്

സംരംഭങ്ങൾക്കും അവരുടെ ഗവേഷണ-വികസന വിഭാഗങ്ങൾക്കും സവിശേഷപദവിയും പരിഗണനയും വ്യവസ്ഥകളും നടപ്പിലാക്കും.

### x. നിക്ഷേപം ആകർഷിക്കുന്നതിനുള്ള പരിശീലനം

സേവനങ്ങൾ സുഗമമായി ലഭ്യമാക്കുന്നതിനും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ഉദ്യോഗസ്ഥർ ഉൾപ്പെടെ എല്ലാ പങ്കാളികളുടെയും ബോധവൽക്കരണം നിർണായകമാണ്.

a) നിക്ഷേപ പ്രോത്സാഹകമായ പരിശീലനങ്ങളിലൂടെ തദ്ദേശസ്ഥാപനങ്ങളിലെ സഹായസേവനങ്ങൾ ശക്തിപ്പെടുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യും.

b) കെ-സ്വിഫ്റ്റ് വഴി അപേക്ഷകൾ സമർപ്പിക്കാനും അവ വേഗത്തിൽ തീർപ്പാക്കാനുമുള്ള നിരന്തര ബോധവത്കരണ പദ്ധതികൾ ആവിഷ്കരിക്കും.

c) ജില്ലാ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെന്ററുകൾക്ക് പ്രത്യേകം തയാറാക്കിയ പരിശീലന പദ്ധതി നടപ്പിലാക്കും.

d) വ്യവസായത്തിലെ ഏറ്റവും പുതിയ സംഭവവികാസങ്ങളെയും ആവശ്യകതകളെയും കുറിച്ച് അറിവ് നൽകുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിനും അതിന്റെ ലൈൻ വകുപ്പുകൾക്കും അതിന് കീഴിലുള്ള വിവിധ ഏജൻസികൾ /പൊതുമേഖലാ സ്ഥാപനങ്ങൾക്കും കീഴിലുള്ള ഉദ്യോഗസ്ഥർക്ക് ആനുകാലിക പരിശീലനം നൽകും.

### xi. ശക്തമായ വ്യവസായ സംയോജന സംവിധാനം

ഒരു സംരംഭകന്റെ നിക്ഷേപ പാതയിലുടനീളം എല്ലാ വകുപ്പുകളുടെയും സംയോജിത സഹായം ഉണ്ടായെങ്കിലേ സംസ്ഥാനത്ത് പുരോഗമനാത്മകമായ ഒരു വ്യവസായ അന്തരീക്ഷം വളർത്താൻ കഴിയൂ.

ലൈസൻസുകളും മറ്റ് നിയമാനുസൃത നടപടികളും വേഗത്തിലാക്കാൻ എല്ലാ വകുപ്പുകളുടെയും പ്രതിനിധികളടങ്ങിയ ഏകോപന ഗ്രൂപ്പുകൾ രൂപീകരിക്കും. തുടരന്വേഷണങ്ങളുടെയും ചർച്ചകളുടെയും ഒരു ഘട്ടത്തിലും ഇടപെടലുകൾ ആവശ്യമില്ലാത്ത വിധം ഓട്ടോമേറ്റഡ് വിധത്തിലായിരിക്കും ഇതിന്റെ ഘടനയും പ്രവർത്തനവും.

**xii.നിക്ഷേപം നേടാനുള്ള സംവിധാനം**

സംരംഭകത്വം ഏവർക്കും പ്രാപ്യവും സാധ്യവുമാക്കാനും നിലവിലുള്ള ബിസിനസുകൾ പോഷിപ്പിക്കാനും ഏറ്റവുമാവശ്യം സാമ്പത്തിക സ്രോതസും വായ്പാ ലഭ്യതയുമാണ്.

a) ക്ലസ്റ്റർ ഫൈനാൻസിങ് മാതൃകയിൽ വായ്പാ സൗകര്യം. സൂക്ഷ്മ, ചെറുകിട,ഇടത്തരം വ്യവസായങ്ങളൊരുമിച്ച് ഒരു എസ്.പി.വി. (സ്പെഷൽ പർപ്പസ് വെഹിക്കിൾ) രൂപീകരിച്ച് ഒറ്റ ഇടപാടിൽ ബാങ്കിൽ നിന്ന് വായ്പയെടുക്കുകയുംപിന്നീട് അംഗങ്ങളായ വ്യവസായങ്ങൾക്ക് അതു വീതിച്ചു നൽകുകയും ചെയ്യും.

b) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങളെ ഐപിഒ വഴി ധന സമാഹരണത്തിന് പ്രോത്സാഹിപ്പിക്കുകയും അതിനു വേണ്ടി സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യും. ഐപിഒ വഴി ഫണ്ട് സ്വരൂപിക്കുന്ന സംരംഭങ്ങൾക്ക് മറ്റു സാമ്പത്തിക പ്രോത്സാഹനങ്ങളും നൽകും.

c) സാങ്കേതികവിദ്യകൾ നടപ്പാക്കാനും ഡിജിറ്റൈസേഷനും വേണ്ടി വായ്പകൾ

ലഭ്യമാക്കും.

d) പ്രവർത്തന മൂലധന ലഭ്യത ഉറപ്പുവരുത്താൻ സപ്ലൈ

ചെയ്ൻ ഫൈനാൻസിങ് വഴി ഹ്രസ്വകാല വായ്പകൾക്കു സൗകര്യമൊരുക്കും.

e) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് വായ്പായോഗ്യത ഉറപ്പുവരുത്താൻ വ്യക്തിഗത ജാമ്യം, ഇൻഷുറൻസ് ജാമ്യം, ബാങ്ക് സ്റ്റേറ്റ്മെന്റ്, ജിഎസ്ടി വിവരങ്ങൾ മുതലായവ ഉപയോഗിക്കാൻ സൗകര്യമൊരുക്കും.

f) കയറ്റുമതി ചെയ്യുന്നവർക്ക് അതിനുള്ള സാമ്പത്തികസഹായം വർധിപ്പിക്കും.

g) വ്യവസായ നിക്ഷേപത്തിന്റെ ഓരോ ഘട്ടത്തിലും ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണം, ക്രൗഡ് ഫണ്ടിങ്, ഏഞ്ചൽ ഫണ്ടിങ്, മൾട്ടീലാറ്ററൽ ഫണ്ടിങ് മുതലായ നിക്ഷേപ ധനസഹായ സാധ്യതകൾ പരിശോധിക്കും.

## 9. കേരളം എന്ന ബ്രാൻഡിനെ വളർത്തുക

കേരളം എന്ന ഒരു ബ്രാൻഡ് സൃഷ്ടിക്കുന്നതിലേക്ക് സംസ്ഥാനം മുന്നേറുകയും സ്വമേധയാ ഒരു ഗുണനിലവാര പരിശോധന സംഘടിപ്പിക്കുകയും ചെയ്യും. താഴെപ്പറയുന്ന പ്രധാന സംരംഭങ്ങൾ ഈ നയസ്തംഭത്തിനു കീഴിൽ വരുന്നു;

### i.നിക്ഷേപ പ്രോത്സാഹന പദ്ധതികൾ

കേരളാ ബ്രാൻഡ് നിർമ്മിക്കുന്നതിലൂടെ നിക്ഷേപം വർദ്ധിക്കുന്നതിനും കയറ്റുമതിയിൽ മൂല്യവർദ്ധനവുണ്ടാക്കാൻ സഹായിക്കുകയും ചെയ്യും. പുതിയ 'മെയ്ക്ക് ഇൻ കേരള' ബ്രാൻഡ് വികസിപ്പിക്കും.

a) സ്വമേധയാ നടത്തേണ്ട ഗുണനിലവാര പരിശോധന നിർബന്ധമാക്കുന്നതിലൂടെ കേരളത്തിലെ എസ്എംഇകൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ നിർദ്ദിഷ്ട ഗുണനിലവാര മാനദണ്ഡം പാലിക്കുന്നുണ്ടോ എന്ന്

ഉറപ്പിക്കാൻ കഴിയും.

b) ഈ ഗുണനിലവാര പരിശോധനയ്ക്കു കീഴിൽ എംഎസ്എംഇ ഉൽപാദിക്കുന്ന ഉയർന്ന ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിക്ഷേപ പ്രോത്സാഹന പരിപാടികൾ സംഘടിപ്പിക്കും.

c) ബ്രാൻഡ് പ്രമോഷനായി 'മെയ്ക്ക് ഇൻ കേരള' പ്രദർശനങ്ങൾ സംഘടിപ്പിക്കും.

d) ദേശീയ/അന്തർദേശീയ പ്രദർശനങ്ങളിലും വ്യാപാര മേളകളിലും 'മെയ്ക്ക് ഇൻ കേരളാ' ലോഗോയ്ക്കു കീഴിൽ എംഎസ്എംഇകളുടെ പങ്കാളിത്തം ഉറപ്പാക്കും.

## ii.കയറ്റുമതി പ്രോത്സാഹന പദ്ധതി

ബ്രാൻഡ് നിർമ്മാണത്തിന്റെ പ്രധാന ഭാഗമാണ് കയറ്റുമതിവർദ്ധിപ്പിക്കൽ.

i. കയറ്റുമതി പ്രോത്സാഹനത്തിന് ഒരു സമർപ്പിത നയം രൂപീകരിക്കും.
ii. ജില്ലകൾ തോറും മേഖലാ കേന്ദ്രീകൃത പ്രമോഷൻ പരിപാടികളും ഉത്പന്നങ്ങളുടെ ബ്രാൻഡിംഗ് പരിപാടികളും സംഘടിപ്പിക്കും.
iii. സംസ്ഥാന/ജില്ലാതല കയറ്റുമതി പ്രോൽസാഹന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
iv. കയറ്റുമതി പ്രോത്സാഹനത്തിനുള്ള കൊളാറ്ററലുകൾ ദേശീയ അന്തർദേശീയ കയറ്റുമതിയുടെ നിർദ്ദിഷ്ട ഫോറങ്ങളിൽ പ്രസിദ്ധീകരിക്കും.
v. ദേശീയ/അന്തർദേശീയ വിപണന മേഖലകളിലും പ്രദർശനങ്ങളിലും പങ്കെടുക്കുന്ന എംഎസ്എംഇ കയറ്റുമതിക്കാരേ കൂടുതൽ പ്രോൽസാഹിപ്പിക്കും.

## iii.നിക്ഷേപകർക്ക് ഏകജാലക സംവിധാനം

ഭാവിയിലേക്കുള്ള നിക്ഷേപങ്ങൾ പ്രോൽസാഹിപ്പിക്കുക, ആവശ്യമായ വിവരങ്ങൾ നൽകുക, സംസ്ഥാനത്തെ നിക്ഷേപ പ്രക്രിയകൾ കാര്യക്ഷമമാക്കാനുള്ള നിക്ഷേപാവസരങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകീകൃത പോർട്ടൽ സംവിധാനം.

i. നിക്ഷേപകരുമായി നിക്ഷേപസാധ്യതകൾ സംവദിക്കാൻ ഏകജാലക സംവിധാനം സജ്ജമാക്കും.
ii. വ്യവസായ ക്ലസ്റ്ററുകളുടെ ഡിജിറ്റൽ മാപ്പിംഗ്, കൂടാതെ മേഖല തിരിച്ചുള്ള വ്യവസായങ്ങളും കേരളത്തിലെ വിഭവശേഷിയും ഉൾക്കൊള്ളിക്കും.

### iv.പരിസ്ഥിതി സൗഹൃദ നിക്ഷേപങ്ങൾക്കുള്ള ഹബ്ബ്

ഈ.എസ്.ജി നിക്ഷേപങ്ങളുടെ പ്രാധാന്യം സംസ്ഥാനം തിരിച്ചറിയുകയും

ഈ.എസ്.ജി അധിഷ്ഠിത ഉത്തരവാദിത്ത നിക്ഷേപങ്ങളെ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

a) എംഎസ്എംഇ വികസനത്തിൻ ഇഎസ്ജി കേന്ദ്രീകൃത സമർപ്പിത നയം പ്രോൽസാഹിപ്പിക്കുകയും എംഎസ്എംഇകളുടെ ഇഎസ്ജി റേറ്റിംഗിനെ അടിസ്ഥാനമാക്കിയുള്ള നവീകരണവും ഹരിത വളർച്ചയും ആവിഷ്കരിക്കുന്നതിന് പ്രകടനത്തെ അടിസ്ഥാനമാക്കി വായ്പകളും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്യും.

b) ഒരു സെക്ടർ അടിസ്ഥാനമാക്കിയുള്ള ഇ.എസ്.ജി റേറ്റിങ് ചട്ടക്കൂട്, ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്യുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഒരു Sustainable Accounting Standards Board മെട്രിക്സ് വികസിപ്പിക്കും.

c) സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭകർക്ക് ഹരിത പ്രോത്സാഹനം നൽകുന്നതിന് പ്രത്യേക ഫണ്ട് രൂപീകരിക്കും.

d) ഉത്തരവാദിത്ത നിക്ഷേപ പ്രമേയത്തിനു കീഴിൽ നിക്ഷേപ വർദ്ധന യോഗങ്ങൾ

സംഘടിപ്പിക്കും.

e) ഇ.എസ്.ജി മാനദണ്ഡങ്ങൾക്കനുസൃതമായി ഇ.എസ്.ജി രീതികൾ സ്വീകരിക്കുന്ന സംരംഭങ്ങൾ /എം.എസ്.എം.ഇ കൾക്കായി വിവിധ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യും.

## v.ആഗോള മികവിന്റെ ആകർഷണം

ലോകത്തിന്റെ വിവിധ കോണുകളിൽ വ്യവസായ മേഖലകളിലും അനുബന്ധ മേഖലകളിലും പ്രവർത്തിക്കുന്ന ഉയർന്ന നിലവാരമുള്ളതും കഴിവുള്ളതുമായ പ്രവാസികളാണ് കേരളത്തിന്റെ ഏറ്റവും പ്രധാന നേട്ടങ്ങളിലൊന്ന്.

a. മലയാളി പ്രവാസികളുമായി ബന്ധപ്പെടുത്തി ആഗോള പ്രതിഭകളെ ആകർഷിക്കുന്നതിനുള്ള ദൗത്യം ആരംഭിക്കും.
b. കേരളത്തിലെ സ്റ്റാർട്ട് അപ്പുകളിൽ ആഗോള നിക്ഷേപങ്ങൾ പ്രോൽസാഹിപ്പിക്കുകയും ആഗോള പ്രതിഭകൾക്ക് സംസ്ഥാനത്ത് പുതിയ അവസരങ്ങളൊരുക്കാൻ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും.
c. സർവ്വേകൾ സംഘടിപ്പിക്കുന്നതിനായി പ്രത്യേക ഡസ്ക് സജ്ജമാക്കും. യുവാക്കളുടെ അഭിലാഷങ്ങൾ മനസ്സിലാക്കാൻ പഠനങ്ങൾ നടത്തുകയും അവ

നടപ്പിലാക്കാൻ പ്രത്യേക കർമ്മപദ്ധതികൾ ഒരുക്കുകയും ചെയ്യും.

d. തെരെഞ്ഞെടുത്ത മേഖലകളിൽ വിജയ പദ്ധതികൾക്കായി പ്രത്യേക സെഷനുകളും റോഡ് ഷോകളും സംഘടിപ്പിക്കും.

## 10. മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായ വത്ക്കരണം

മേഖലതിരിച്ചുള്ള വർഗ്ഗീകരണം ഉൾപ്പടെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വിവിധ വ്യവസായങ്ങളുടെ ശേഖരം മേഖലാ നയസംരംഭങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് സഹായിക്കും. ഭാവിയിൽ വ്യവസായങ്ങളിൽ മുന്നേറ്റം നടത്താൻ, നൂതനവും സുപ്രധാനവുമായ മേഖലകൾ കണ്ടത്തേണ്ടത് അനിവാര്യമാണ്.

അടിസ്ഥാന സൗകര്യ വികസനം, സാങ്കേതികവിദ്യയും നവീകരണവും, സ്ഥാപന പരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണം, വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നിവയുടെ രൂപത്തിൽ സമഗ്രമായ പിന്തുണ വാഗ്ദാനം ചെയ്യുന്ന ഉപനയങ്ങളാൽ ഈ മുൻഗണനാ മേഖലകൾ നിയന്ത്രിക്കപ്പെടും.

1. എയ്റോസ്പേസ് & ഡിഫൻസ്

2. നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ സാങ്കേതിക വിദ്യകൾ

3. ആയുർവേദം

4. ബയോടെക്നോളജി & ലൈഫ് സയൻസസ്

5. രൂപകൽപ്പന
6. ഇലക്ട്രിക് വാഹനങ്ങൾ
7. ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉൽപ്പാദനവും
8. എഞ്ചിനീയറിംഗ് ഗവേഷണവും വികസനവും
9. ഭക്ഷ്യ സാങ്കേതികവിദ്യകൾ
10. ഗ്രാഫീൻ
11. ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ
12. ഹൈടെക് ഫാമിംഗും മൂല്യവർദ്ധിത തോട്ടവിളയും
13. ലോജിസ്റ്റിക്സ് & പാക്കേജിംഗ്
14. മാരിടൈം മേഖല
15. മെഡിക്കൽ ഉപകരണങ്ങൾ
16. നാനോ ടെക്നോളജി
17. ഫാർമസ്യൂട്ടിക്കൽസ്
18. റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും
19. പുനരുപയോഗ ഊർജ്ജം
20. ചില്ലറ വ്യാപാര മേഖല
21. വിനോദസഞ്ചാരവും ആതിഥേയത്വവും
22. 3D പ്രിന്റിംഗ്

മേഖലാ നയചട്ടക്കൂട് വിവിധ വിഷയങ്ങളെ അഭിസംബോധന ചെയ്യുന്നു. നിക്ഷേപ വളർച്ചാ സൗകര്യം, ഡിജിറ്റൽവൽക്കരണം, സാങ്കേതികവിദ്യാ നിയന്ത്രണം, സ്ഥാപന പരവുമായ മെക്കാനിസങ്ങൾ നൈപുണ്യ ശേഷി വർദ്ധിപ്പിക്കൽ, ഗവേഷണം, വികസനം ഇഎസ്ജിയും സുസ്ഥിരതയും തുടങ്ങിയവയുമായി ബന്ധപ്പെട്ട് നൂതന മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ പരിഗണിയ്ക്കും.

ഓരോ മേഖലയ്ക്കുമുള്ള ഉപനയങ്ങൾ തുടർന്നുള്ള ഭാഗങ്ങളിൽ വിശദമായി നൽകിയിരിക്കുന്നു.

## 1.എയ്റോസ്പേസ് & ഡിഫൻസ്

എയ്റോസ്പേസ്, ഡിഫൻസ് ടെക്നോളജി മേഖലകളിലെ സ്റ്റാർട്ടപ്പുകൾ കേരളത്തിന്റെ വ്യവസായ വളർച്ചയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തെ എയ്റോസ്പേസ്, പ്രതിരോധ ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അഭിലാഷ സംരംഭങ്ങളിലൊന്നാണ് കേരള സ്പേസ് പാർക്ക്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

- നിലവിലുള്ള കേരള സ്പേസ് പാർക്ക് പദ്ധതി പ്രകാരം സംസ്ഥാനത്തെ ഒരു സവിശേഷമായ എയ്റോസ്പേസ്, ഡിഫൻസ് ടെക്നോളജി ഹബ്ബായി സ്ഥാപിക്കുന്നതിന് ഒരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കും.

ഡിജിറ്റലൈസേഷനും സാങ്കേതികവിദ്യയും

- വിക്ഷേപണ നിർമ്മാണം, പ്രൊപ്പൽഷൻ സംവിധാനങ്ങൾ, ഡ്രോണുകൾ, ഉപഘടക ഗവേഷണം, വികസനങ്ങൾ എന്നിവയുടെ വികസനത്തിന് സാങ്കേതിക പിന്തുണ നൽകുന്ന സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കും.

നിക്ഷേപ പ്രോത്സാഹനവും സൗകര്യവും.

- സ്റ്റാർട്ടപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ, ബഹിരാകാശ & പ്രതിരോധസാങ്കേതികവിദ്യകളിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം അന്താരാഷ്ട്ര എക്സ്പോകൾക്കും ഫോറങ്ങൾക്കും പ്രാപ്യമാക്കും.

- ഈ മേഖലയിലെ ഐസിടി അധിഷ്ഠിത പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് എയ്റോസ്പേസ്, ഡിഫൻസ് ടെക്നോളജി എന്നിവയിലെ ആപ്ലിക്കേഷൻ വികസനത്തിനായി സമർപ്പിത ഇന്നൊവേഷൻ ഫണ്ട് സൃഷ്ടിക്കും.
- ഈ മേഖലയിലെ പുതിയ സാങ്കേതിക വികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്റ്റാർട്ടപ്പുകൾക്കും സ്കെയിൽഅപ്പുകൾക്കുമായി ഒരു സാങ്കേതിക വികസന ഫണ്ട് (TDF) സൃഷ്ടിക്കും.

<u>നൈപുണ്യവും ശേഷി വർദ്ധിപ്പിക്കലും</u>

- ISRO, VSSC, LPSU, ASU, IIST, ബ്രഹ്മോസ്, സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾ എന്നിവയുമായി ബന്ധിപ്പിച്ച് എയ്റോസ്പേസ്, പ്രതിരോധ സാങ്കേതിക ഉൽപ്പന്നങ്ങൾ, വിവിധ മേഖലകളിലെ ആപ്ലിക്കേഷനുകൾ, സിസ്റ്റങ്ങൾ എന്നിവയുടെ വികസനത്തിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിക്കും. സ്റ്റാർട്ടപ്പുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും ബഹിരാകാശ സാങ്കേതിക നേതാക്കൾക്ക് അതിന്റെ സാങ്കേതിക ആവശ്യകതകൾ ഉറവിടമാക്കാനും കഴിയും.
- അന്താരാഷ്ട്ര വിപണികളിലേക്ക് പ്രവേശനം നേടുന്നതിന് പ്രമുഖ അന്താരാഷ്ട്ര കമ്പനികളുമായും ആക്സിലറേറ്ററുകളുമായും പ്രാദേശിക എസ്എംഇ.കളുമായും സ്റ്റാർട്ടപ്പുകളുമായും പങ്കാളിത്തം ഉറപ്പിക്കാൻ ശ്രമിക്കും.

**2.നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക് ത്രൂ**

## സാങ്കേതികവിദ്യകൾ

മേഖലകൾക്കോ ഉൽപാദനത്തിന്റെ ഘട്ടങ്ങൾക്കോ അപ്പുറത്തേക്ക് വ്യാപിക്കുന്ന പരിഹാരങ്ങൾ നൽകുന്ന ഒരു ഉയർന്നുവരുന്ന മേഖലയാണ് നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്). ഉൽപ്പാദന സംവിധാനങ്ങളെയും സമ്പത്ത് വ്യവസ്ഥകളെയും കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് ഈ മേഖലയ്ക്ക് കഴിവുണ്ട്. വ്യവസായങ്ങൾ ഭാഗികമോ പൂർണ്ണമോ ആയ ഓട്ടോമേഷനിലേക്ക് നീങ്ങുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത മേഖലയ്ക്ക് നിർണായക പങ്ക് വഹിക്കാൻ കഴിയുന്നതാണ്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

- ഉൽപ്പാദനം, കാർഷിക ഭക്ഷ്യ സംസ്കരണം, ടൂറിസം, ഹെൽത്ത് കെയർ, ബയോടെക്നോളജി & ലൈഫ് സയൻസസ്, നിർമ്മാണം, ലോജിസ്റ്റിക്സ് തുടങ്ങിയ വിവിധ മുൻഗണനാമേഖലകളിൽ എ.ഐ പ്രാപ്തമാക്കിയ പരിഹാരങ്ങളുടെ വികസനവും വാണിജ്യവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് ഒരു എം.എസ്.എം.ഇ എ.ഐ മിഷൻ വികസിപ്പിക്കും.
- ചെറുകിട, ഇടത്തരം സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിനും എ.ഐ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനും എം.എസ്.എം.ഇ എ.ഐ മിഷന് കീഴിൽ എ.ഐ എനേബിൾമെന്റ് കേന്ദ്രങ്ങൾ സ്ഥാപിക്കും.
- റോബോട്ടിക്സ്, ഓട്ടോമേഷൻ മേഖലയിലെ കഴിവും ട്രാക്ക്

റെക്കോർഡും അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റോബോട്ടിക്സ് ഇന്നൊവേഷൻ / ഇൻകുബേഷൻ സെന്റർ സ്ഥാപിക്കും.

<u>നിക്ഷേപ പ്രോത്സാഹനവും സൗകര്യവും</u>

- എ.ഐ സംബന്ധമായ അടിസ്ഥാന സൗകര്യഘടകങ്ങളുടെ സംഭരണത്തിനും ഇൻസ്റ്റലേഷനും പ്രോത്സാഹനം നല്കും.
- കേരളത്തിലെ എ.ഐ അടിസ്ഥാനമാക്കിയുള്ള സ്റ്റാർട്ടപ്പുകളിലും വ്യവസായങ്ങളിലും നിക്ഷേപിക്കുന്നതിന് എസ്.ഇ.ബി.ഐ യിൽ രജിസ്റ്റർ ചെയ്ത വെഞ്ചർ ക്യാപിറ്റൽ ഫണ്ടുകളെ ആകർഷിക്കുന്നതിനായി ഫണ്ടുകളുടെ ഒരു ഫണ്ട് രൂപീകരിക്കും. വെഞ്ചർ ക്യാപിറ്റൽ കമ്പനികൾ നിക്ഷേപിക്കുന്നതിന് തുല്യമായ തുക ഫണ്ടിൽ സർക്കാർ നിക്ഷേപിക്കും.
- റോബോട്ടിക് സൊല്യൂഷൻ വികസനത്തിൽ നിക്ഷേപം ആകർഷിക്കുന്നതിനായി കൃഷി, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, ടൂറിസം, ഡിസാസ്റ്റർ മാനേജ്മെന്റ്,ലോജിസ്റ്റിക്സ് മുതലായ റോബോട്ടിക് നവീകരണത്തിന് സാധ്യതയുള്ള സംസ്ഥാനത്തെ മേഖലകൾ പ്രദർശിപ്പിക്കുന്നതിന് അന്താരാഷ്ട്ര എക്സ്പോകളും നിക്ഷേപ റോഡ് ഷോകളും സംഘടിപ്പിക്കും.

<u>ഗവേഷണവും വികസനവും</u>

- സംസ്ഥാനത്തെ എംഎസ്എംഇകൾ വേഗത്തിലുള്ള സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിന് എ.ഐ

സാങ്കേതികവിദ്യകളുടെ ഒരു വിജ്ഞാന ശേഖരം വികസിപ്പിക്കും.

<u>നൈപുണ്യവും ശേഷി വർദ്ധിപ്പിക്കലും</u>

- നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് മികച്ച സാങ്കേതിക വിദ്യകൾ എന്നിവയിലെ പരിശീലന പരിപാടികൾ സംസ്ഥാനത്തെ എം.എസ്.എം.ഇകളിൽ അവബോധം സൃഷ്ടിക്കുന്നതിനും ശേഷി വർദ്ധിപ്പിക്കുന്നതിനുമായി വ്യവസായ & വാണിജ്യ വകുപ്പിന് കീഴിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയ പ്രോഗ്രാമുകളിൽ നടത്തും.
- കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും വ്യവസായ വാണിജ്യ വകുപ്പും ചേർന്ന് വ്യാവസായിക ആപ്ലിക്കേഷനുകൾക്കായുള്ള പ്രത്യേക നൈപുണ്യ പരിപാടി വികസിപ്പിക്കും.
- റോബോട്ടിക്, ഓട്ടോമേഷൻ സൊല്യൂഷനുകളുടെ വികസനത്തിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ വ്യവസായം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയെ ബന്ധിപ്പിക്കുന്നതിന് ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചെടുക്കും.
- ഗവൺമെന്റ് ഇൻഡസ്ട്രി അക്കാദമിയ എന്നിവ സഹകരിച്ച് ഒരു നൂതന റോബോട്ട് വാണിജ്യവൽക്കരണ ഗവേഷണ കേന്ദ്രം, ഐസിടി കൺവേർജൻസ് സെന്റർ, ഹ്യൂമനോയിഡ് റോബോട്ട് ഗവേഷണ കേന്ദ്രം എന്നിവ സ്ഥാപിക്കും.

ഇഎസ്ജിയും സുസ്ഥിരതയും

- ഗ്രീൻ റോബോട്ടുകൾ ഉപയോഗിച്ച് മാലിന്യം കുറയ്ക്കുന്നതിലൂടെയും ഊർജ്ജ സംരക്ഷണത്തിലൂടെയും സുസ്ഥിരമായ നിർമ്മാണം പ്രോത്സാഹിപ്പിക്കും.

## 3. ആയുർവേദം

അടുത്തകാലത്തായി ഉപഭോക്തൃശീലങ്ങളും ജീവിതരീതികളും മാറുകയും സുസ്ഥിരമായ ആരോഗ്യം, ആയുർവേദം എന്നിവയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. ലോകമെമ്പാടും ആരോഗ്യസംരക്ഷണത്തിനും വിട്ടുമാറാത്ത രോഗങ്ങളുടെ ചികിത്സയ്ക്കും ആയുർവേദം മികച്ചതെന്ന് പ്രശംസിക്കപ്പെടുന്നു. അതുകൊണ്ട് തന്നെ ഉദിച്ചുയരുന്ന വ്യവസായമെന്ന നിലയിൽ സംസ്ഥാനത്തിന് അതിനെ കൂടുതൽ ഉപയോഗപ്പെടുത്താനാകും. ഈ മേഖലയ്ക്ക് ആവശ്യമായ വളർച്ചയ്ക്ക് അനുകൂലമായ പരിസ്ഥിതി നൽകിക്കൊണ്ട് വലിയ സംരംഭകരെയും എംഎസ്എംഇകളെയും പ്രോത്സാഹിപ്പിക്കണം.

അടിസ്ഥാന സൗകര്യങ്ങൾ

- മൂല്യവർദ്ധിത സേവനങ്ങളേയും മറ്റെല്ലാ ആരോഗ്യസേവനമേഖലയിലെ

ഔഷധ സംവിധാനങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് ഒരു ആഗോള ആയുർവ്വേദ ഗ്രാമം സ്ഥാപിക്കുക.

- സംസ്ഥാനത്ത് ലോകോത്തര ആയുർവേദ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

നിക്ഷേപ പ്രോത്സാഹനവും സൗകര്യവും

- സംയുക്തമായി സൃഷ്ടിച്ച ടെസ്റ്റിംഗ് സൗകര്യങ്ങളുടെ സജ്ജീകരണം ഫോറസ്റ്റ് മാനേജ്മെന്റ് കമ്മിറ്റികൾ (JFMC),

പാക്കേജിംഗ്/കൈകാര്യം ചെയ്യാനുള്ള ഉപകരണങ്ങൾ, അല്ലെങ്കിൽ പൂൾ ഒന്നിലധികം ജെഎഫ്എംസി/കൾക്ക് ഭക്ഷണം നൽകുന്ന സൗകര്യങ്ങൾ ഗ്രാമപഞ്ചായത്തുകൾ പ്രോത്സാഹിപ്പിക്കും.

<u>നൈപുണ്യശേഷി വർദ്ധിപ്പിക്കൽ</u>

- ശേഖരണത്തിനും സംസ്ക്കരണത്തിനും ജൈവ സർട്ടിഫിക്കേഷനും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

<u>ഗവേഷണവും വികസനവും</u>

- പരമ്പരാഗത വിജ്ഞാനത്തെ അടിസ്ഥാനമാക്കി പുതുമയേറിയ ഹെർബൽ ഉൽപന്നങ്ങളും ന്യൂട്രാസ്യൂട്ടിക്കൽസും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആർ & ഡി പരിപാടികൾ ആവിഷ്ക്കരിക്കും.
- വാണിജ്യാവശ്യത്തിന് ആയുഷ് അധിഷ്ഠിത ഉൽപന്നങ്ങൾ വികസിപ്പിക്കാൻ അക്കാദമിക സഹകരണത്തോടെ ഒരു ആർ & ഡി സെന്റർ സ്ഥാപിക്കും.

## <u>4.ബയോടെക്നോളജി & ലൈഫ് സയൻസസ്</u>

ജീവശാസ്ത്രവും ലൈഫ് സയൻസസ്, ബയോ ഇൻഡസ്ട്രിയൽ, ബയോ അഗ്രികൾച്ചർ, ബയോ ഐടി, ബയോ സേവനങ്ങൾ എന്നിവ അടങ്ങിയതാണ് ഈ മേഖല.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

- ബയോടെക്നോളജിയുടെ വാണിജ്യ വികസനം ത്വരിതപ്പെടുത്തുന്നതിന് സാങ്കേതിക ഇൻകുബേഷൻ, ടെക്നോളജി ഡെമോൺസ്ട്രേഷൻ,

പൈലറ്റ് പ്ലാന്റ് സ്റ്റഡീസ് എന്നിവയ്ക്കുള്ള സൗകര്യങ്ങളോടുകൂടിയ ഗവേഷണ പ്രക്രിയയെ പിന്തുണയ്ക്കുന്നതിനായി സംസ്ഥാനത്ത് ഒരു ബയോടെക്നോളജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കും.

- വൈദ്യശാസ്ത്ര പോഷകാഹാര രീതികളും ഫാർമസ്യൂട്ടിക്കൽ സയൻസും ലോകമെമ്പാടുമുള്ള തദ്ദേശീയമായ സമൂഹങ്ങൾ നൽകുന്ന പരമ്പരാഗത വിജ്ഞാനവും സമന്വയിപ്പിക്കുന്ന വിജ്ഞാന മേഖലയായ ന്യൂട്രാസ്യൂട്ടിക്കൽസിൽ ഒരു മികവിന്റെ കേന്ദ്രം (സെന്റർ ഓഫ് എക്സലൻസ്) സ്ഥാപിക്കുകയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ കേന്ദ്രങ്ങൾ, സ്റ്റാർട്ടപ്പുകൾ, വ്യവസായ സംരംഭങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയെ സംയോജിപ്പിച്ച് 'ന്യൂട്രാസ്യൂട്ടിക്കൽസ് പാർക്ക്' പോലെയുള്ള സംരംഭങ്ങൾ ആരംഭിക്കും.

<u>നിക്ഷേപ പ്രോത്സാഹനവും സൗകര്യവും</u>

- കോശ ഗവേഷണം, പ്രോബയോട്ടിക്സ് വികസനം, നാനോ ബയോട്ടിക്സ് എന്നിവയിൽ നിക്ഷേപം ആകർഷിക്കാൻ എക്സ്പോകളിൽ എസ്എംഇകളുടെ പങ്കാളിത്തവും റോഡ് ഷോകളും നടത്തും.
- സംസ്ഥാനത്ത് ബയോടെക് സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കിലെ ഭൂമി സബ്സിഡി നിരക്കിൽ നൽകും.

<u>ഗവേഷണവും വികസനവും</u>

- ബയോടെക്നോളജിയിൽ ഗവേഷണ വികസനത്തിനായി പ്രത്യേക ഫണ്ട് വികസിപ്പിക്കും.
- സ്റ്റെംസെൽ തെറാപ്പി, ബയോഫ്യൂവൽ, ബയോപ്ലാസ്റ്റിക്, വാക്സിൻ ഉത്പാദനം തുടങ്ങിയ തന്ത്രപ്രധാനമായ പ്രത്യേക പദ്ധതികൾക്ക് ഊന്നൽ നൽകുന്നതിനായി സംസ്ഥാനത്ത് പിപിപി മോഡിൽ അത്യാധുനിക ഗവേഷണ അടിസ്ഥാന സൗകര്യം സ്ഥാപിക്കും.
- നവീകരണത്തിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുമ്പോൾ ബൗദ്ധിക സ്വത്തവകാശം ഈടായി സ്വീകരിക്കും. ഇതിനായി പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കും.

## 5.രൂപകൽപ്പന

കമ്പനികൾക്കോ അന്തിമ ഉപയോക്താക്കൾക്കോ വേണ്ടിയുള്ള ഉൽപ്പന്നങ്ങൾ, സേവനങ്ങൾ, ഉപകരണങ്ങൾ, വസ്തുക്കൾ എന്നിവ രൂപകൽപ്പന ചെയ്യുന്നത് ഈ മേഖലയിൽ ഉൾപ്പെടുന്നു. മികച്ച രൂപകൽപന നിർമ്മാണ പ്രക്രിയയെ വളർത്തുകയും ബിസിനസ് ലക്ഷ്യങ്ങൾ നേടാൻ സഹായിക്കുകയും ഉപഭോക്തൃ അനുഭവം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

### വ്യവസായങ്ങൾക്കുള്ള രൂപകൽപന

അടിസ്ഥാന സൗകര്യങ്ങൾ

- ദ്രുത ഉൽപ്പന്ന വികസനം, ആഭരണങ്ങൾ, തുകൽ, കളിപ്പാട്ടങ്ങൾ, അർദ്ധചാലക ചിപ്പ് ഡിസൈനിംഗ്

തുടങ്ങി വിവിധ മേഖലകളിൽ ഉയർന്ന പ്രകടനമുള്ള ദൃശ്യവൽക്കരണം തുടങ്ങിയ പൊതു സൗകര്യങ്ങളോടെ ഇൻക്യുബേഷൻ സെന്ററുകൾ സജ്ജീകരിക്കും.

- വ്യവസായ ക്ലസ്റ്ററുകളിലും വ്യവസായ കേന്ദ്രങ്ങളിലും പൊതുവായ ഡിസൈൻ
കേന്ദ്രങ്ങൾ സ്ഥാപിക്കും.

<u>ഡിജിറ്റൽവൽക്കരണവും സാങ്കേതികവിദ്യയും</u>

- ചെലവുകുറയ്ക്കുന്നതിനും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുമായി വ്യവസായ രൂപകൽപനയിൽ സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിന് പ്രത്യേക സ്കീം പ്രോത്സാഹിപ്പിക്കും.
- കേരളാ സ്റ്റാർട് അപ് മിഷനുമായി ചേർന്ന് സാങ്കേതികവിദ്യാധിഷ്ഠിതമായ ഡിസൈൻ സ്റ്റാർട് അപ്പുകൾ എംഎസ്എംഇകളുടെ സഹകരണത്തോടെ സ്ഥാപിക്കും.

<u>റെഗുലേറ്ററി മെക്കാനിസം</u>

- പുതിയ ഡിസൈനുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശ പ്രക്രിയകളും നടപടിക്രമങ്ങളും ത്വരിതപ്പെടുത്തും.
- ഡിസൈൻ മേഖലയിൽ ബൗദ്ധിക സ്വത്തവകാശം പ്രോത്സാഹിപ്പിക്കും.
- ഡിസൈൻ മെച്ചപ്പെടുത്തുന്നതിന് ഗുണനിലവാര മാനദണ്ഡങ്ങൾ ക്രമീകരിക്കും.

<u>നിക്ഷേപ പ്രോത്സാഹനവും സൗകര്യവും</u>

- സാങ്കേതികവിദ്യ പ്രാപ്തമാക്കാനും അതിനെപ്പറ്റിയുള്ള അറിവ് ലഭ്യമാക്കാനും ആഗോള ഡിസൈൻ കമ്പനികളുമായി തന്ത്രപരമായ സഖ്യങ്ങൾ സ്ഥാപിക്കും.

## നൈപുണ്യശേഷി വർദ്ധിപ്പിക്കൽ

- ഡിസൈനുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിൽ തൊഴിലാളികളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിക്കും.
- സർവ്വകലാശാലകളിലും കോളേജുകളിലും ഡിസൈൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകും.
- വിവിധ കോഴ്സുകളിലും നൈപുണ്യ വികസന പരിപാടികളിലും ഡിസൈനുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ വിശദമാക്കുകയും പുതിയ ഡിസൈനുകൾ സ്ഥാപിക്കുന്നതിനായി വ്യാവസായിക-അക്കാദമിക ബന്ധം കെട്ടിപ്പെടുക്കുകയും വേണം.

## ഇഎസ്ജിയും സുസ്ഥിരതയും

- മേഖലകളിൽ ഉടനീളം പരിസ്ഥിതി സൗഹാർദ്ദവും സുസ്ഥിരവുമായി ഡിസൈനുകൾ പ്രോത്സാഹിപ്പിക്കും.
- സുസ്ഥിര/പരിസ്ഥിതി ഡിസൈനുകൾ വ്യാവസായിക സംവിധാനങ്ങളിൽ പ്രോത്സാഹിപ്പിക്കും.

## പരമ്പരാഗത കരകൗശലവസ്തുക്കൾ പുനരുജ്ജീവിപ്പിക്കാനുള്ള രൂപകൽപ്പന

പരമ്പരാഗതകരകൗശല വസ്തുക്കൾക്ക് പേരുകേട്ടയിടമാണ് കേരളം. ഇവ തയ്യാറാക്കുന്നത് മികച്ച കരകൗശലതൊഴിലാളികളാണ്. അടിസ്ഥാന സൗകര്യങ്ങളും ഡിസൈനിംഗിൽ ആവശ്യമായ മറ്റ് സഹായങ്ങളും ചെയ്യുന്നത് വഴി പരമ്പരാഗത കരകൗശല മേഖലയെ മെച്ചപ്പെടുത്തുന്നതിനും അവ വിപണിയിലെത്തിക്കുന്നതിനു സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുകയും ചെയ്യുക വഴി കരകൗശലതൊഴിലാളികൾ വളരുന്നതിനും അതുവഴി മേഖല

വളരുന്നതിനും സഹായകമാകും.

<u>അടിസ്ഥാനസൗകര്യങ്ങൾ</u>

- കേരള കരകൗശല വികസന കോർപ്പറേഷനു കീഴിലും കേരളാ ആർട്ടിസാൻവികസന കോർപ്പറേഷനു കീഴിലുമുള്ള കോമൺ ഫെസിലിറ്റി സെന്ററുകളിൽ 3ഡി പ്രിന്റിംഗ് ഉൾപ്പടെയുള്ള ഡിസൈൻ സൗകര്യങ്ങൾ ഒരുക്കും.
- സംസ്ഥാനത്തെ കരകൗശല തൊഴിലാളികൾക്കും കരകൗശല വിദഗ്ദ്ധർക്കും ഡിസൈനിംഗ് സാങ്കേതിക വികാസങ്ങളും നിർമ്മാണങ്ങളും പരിചയപ്പെടുത്തുന്നതിന് ഡിജിറ്റൽ ഇന്നൊവേഷൻ സെന്ററുകൾ(ഫാബ് ലാബുകൾ, മേക്കർസ്പേസുകൾ, എം.എസ്.എം.ഇ ഇന്നൊവേഷൻ സെന്ററുകൾ കൂടാതെ ഗവേഷണ കേന്ദ്രങ്ങൾ) ഉപയോഗപ്പെടുത്തും.
- ആറന്മുള കണ്ണാടി, ബാലരാമപുരം കൈത്തറി. ആലപ്പുഴ കയർ പാലക്കാടൻ മട്ടയരി, മലബാർ കുരുമുളക്, വാഴക്കുളം പൈനാപ്പിൾ, മറയൂർ ശർക്കര, വയനാടൻ ജീരകശാല അരി പോലുള്ള ഭൂമിശാസ്ത്രപരമായ സൂചനാ (ജിഐ)ടാഗുകൾക്ക് പ്രചാരം നൽകി സംസ്ഥാനത്ത് കരകൗശല വസ്തുക്കൾക്കായുള്ള ഒരു വ്യവസായ ആവാസവ്യവസ്ഥ ഇതിനായി സ്ഥാപിക്കും.
- സ്പിന്നിംഗ് മില്ലുകളുടെയും ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടേയും ഓട്ടോമാറ്റിക് തറികളുടേയും എണ്ണം സംസ്ഥാനത്ത് വർദ്ധിപ്പിക്കും.

<u>ഡിജിറ്റൽവൽക്കരണവും സാങ്കേതികവിദ്യയും</u>

- കേരളത്തിലെ പരമ്പരാഗത കരകൗശല സമ്പ്രദായങ്ങൾ ഉപയോഗിച്ചുള്ള നിർമ്മാണം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന സാങ്കേതിക പരിഹാരങ്ങൾ ആവിഷ്കരിക്കുന്നതിന് ഒരു ഗവേഷണ ഗ്രാന്റ് പദ്ധതി സ്ഥാപിക്കും.

<u>നിക്ഷേപം വർദ്ധിപ്പക്കൽ</u>

- കരകൗശല തൊഴിലാളികൾക്ക് ആഗോള ഓൺലൈൻ പ്ലാറ്റ്ഫോമികളിലേക്ക് പ്രവേശിക്കുന്നതിനും അതിലൂടെ വിപൂലമായ വിപണി ഉറപ്പാക്കുന്നതിനും അതിലൂടെ ന്യായവില ഉറപ്പിക്കുന്നതിനും സൗകര്യമൊരുക്കും.
- സർക്കാർ ഓഫീസുകൾ, മെട്രോ സ്റ്റേഷനുകൾ, നിക്ഷേപക ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവിടങ്ങളിലെ മറ്റ് പ്രധാന പരിപാടികളിലും പരമ്പരാഗതകരകൗശല ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.

<u>നൈപുണ്യശേഷി വികസനം</u>

- പരമ്പരാഗത കരകൗശലമേഖലകളിൽ നൈപുണ്യവികസന പരിപാടികളും നൈപുണ്യ നവീകരണ പരിപാടികളും സംഘടിപ്പിക്കും.
- അന്താരാഷ്ട്ര നിലവാരം/മാനദണ്ഡങ്ങൾ/ഹരിതനിർമ്മാണ ആശയങ്ങൾ എന്നിവ സമന്വയിപ്പിച്ച് പരമ്പരാഗത കരകൗശല ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനും പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും.
- വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ പരമ്പരാഗത കരകൗശല സൂക്ഷ്മ വ്യാവസായിക യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ശ്രമിക്കും.

**<u>6. ഇലക്ട്രിക് വാഹനങ്ങൾ</u>**

ഇലക്ട്രിക് വാഹനങ്ങളിലേക്കുള്ള പരിവർത്തനത്തിലെ വർദ്ധവ് കണക്കിലെടുത്ത്, അതിനനുകൂലമായ ഒരു ആവാസവ്യവസ്ഥ നിർമ്മിച്ച് മേഖലയിൽ കൂടുതൽ നിക്ഷേപം ഉറപ്പിക്കുകയും ഒപ്പം ഇലക്ട്രിക് വാഹനങ്ങളുടെയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണം പ്രോൽസാഹിപ്പിക്കുകയും ചെയ്യുകയെന്നത് വളരെ സുപ്രധാനമാണ്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

- 2, 3, 4 വീലറുകൾക്കും ഹെവി വാഹനങ്ങൾക്കുമായി നൂതന ബാറ്ററി നിർമാണ സൗകര്യമുള്ള ഒരു പ്ലഗ് ആൻഡ് പ്ലേ ഇലക്ട്രിക് വാഹന നിർമാണ സൗകര്യം/ഇവി പാർക്ക് സ്ഥാപിക്കും.
- ഇവി അടിസ്ഥാന സൗകര്യങ്ങളും സ്വാപ്പിംഗ് സ്റ്റേഷനുകളും സ്ഥാപിക്കുന്നതിന് ഒരു സമർപ്പിത സാമ്പത്തിക പദ്ധതി വിഭാവനം ചെയ്യും.
- സംസ്ഥാനത്ത് ഒരു ഇലക്ട്രിക് വാഹന നിർമ്മാണ ആവാസവ്യവസ്ഥ രൂപപ്പെടുത്തി ഇലക്ട്രിക് വാഹനങ്ങളുടെ ഗവേഷണം, രൂപകൽപ്പന, വികസനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എനർജി സ്റ്റോറേജ് ഹബ്, ഡ്രൈവ്ട്രെയിൻ ഹബ്, പവർ എലക്ട്രോണിക്സ് ഹബ്, ഡ്രൈവ്ട്രെയിൻ ടെസ്റ്റിങ് ലാബ് എന്നിവ സ്ഥാപിക്കും. ഒരു ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യത്തിലൂടെ ഇലക്ട്രിക് മൊബിലിറ്റി രംഗത്തെ ഏറ്റവും നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നത് പരിഗണിക്കും.

<u>ഗവേഷണവും വികസനവും</u>

- ഇലക്ട്രിക് മൊബിലിറ്റി സൊല്യൂഷനും ഇവി കമ്പോണന്റുമായും ബന്ധപ്പെട്ട ഇലക്ട്രിക് ഗവേഷണത്തിനായി പ്രത്യേക ഗ്രാന്റ് അനുവദിക്കും.
- ഇവി ഘടകങ്ങൾ ഉൾപ്പെട്ട ബാറ്ററി സാങ്കേതികവിദ്യ,

ഡ്രൈവ് ട്രെയിൻ സാങ്കേതികവിദ്യകൾ, സോഫ്റ്റ്‌വെയർ വികസനം, ഊർജ്ജ സംഭരണം, ഇന്ധന സെല്ലുകൾ,ബാറ്ററി മാനേജ്മെന്റ് സിസ്റ്റം, മോട്ടോറുകൾ, കൂടാതെ കൺട്രോളറുകളും ചാർജിംഗ് സാങ്കേതികവിദ്യകളും ഉൾപ്പടെ ഇവി ഘടകങ്ങളുടെ വിവിധ സൗകര്യങ്ങൾ ഉൾപ്പെടുത്തി ഒരു സെന്റർ ഓഫ് എക്സലൻസ് സ്ഥാപിക്കും.

- സാങ്കേതിക വികസനം, പുനരുപയോഗ ബാറ്ററികൾ, ബാറ്ററി മാനേജ്മെന്റ് സിസ്റ്റങ്ങൾ, ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ മുതലായവ ഉൾപ്പെടെയുള്ള ബാറ്ററി സാങ്കേതിക വികസനത്തിന് വ്യവസായ കേന്ദ്രീകൃത ഗവേഷണം പ്രോത്സാഹിപ്പിക്കും.

## 7.ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉൽപ്പാദനവും

തൊഴിൽ വൈദഗ്ദ്ധ്യത്താൽ ഐടി സേവനരംഗത്ത് താരതമ്യേന ഉയർന്നനേട്ടമാണ് കേരളത്തിനുള്ളത്. ഈ നേട്ടം ഇലക്ട്രോണിക് സിസ്റ്റം ഡിസൈനിംഗിലേക്കും നിർമ്മാണ മേഖലയിലേക്കും (ഇഎസ്ഡിഎം) വളരണം.

അടിസ്ഥാന സൗകര്യങ്ങൾ

- ഇലക്ട്രോണിക്സ് ഹാർഡ് വെയർ പാർക്ക്, ഹാർഡ് വെയർ നിർമ്മാണയൂണിറ്റുകൾ, അസംബ്ലിങ് യൂണിറ്റുകൾ, ഗവേഷണ-വികസന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കും.
- ഒരു ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ സ്ഥാപിക്കും.

നിക്ഷേപ പ്രോത്സാഹനം

- നവീകരണത്തിനും നിലവിലുള്ള ഉൽപാദനശേഷി വികാസത്തിനും കെൽട്രോൺ ആഗോള കമ്പനികളുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ ഒരുക്കും.
- ഇലക്ട്രോണിക്സ് മേഖലയിൽ ആഭ്യന്തരവും അന്തർദേശീയവുമായി എക്സ്പോകൾ സംഘടിപ്പിക്കും.

നൈപുണ്യശേഷി വർദ്ധിപ്പിക്കൽ

- കൺസ്യൂമർ ഇലക്ട്രോണിക്സ്, ഓട്ടോമോട്ടീവ് ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർഹാർഡ് വെയർ, സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് (എയറോസ്പേസ് & ഡിഫൻസ്) തുടങ്ങി വിവിധ ഇലക്ട്രോണിക് നിർമ്മാണ വിഭാഗങ്ങളിൽ നൈപുണ്യ മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനായി വ്യാവസായി-അക്കാദമിക ബന്ധങ്ങൾ സൃഷ്ടിക്കും.
- സർക്കാർ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/സ്വകാര്യ കമ്പനികൾ എന്നിവടങ്ങളിൽ ഗവേഷണ വികസന സഹായത്തോടെ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.

ഗവേഷണവും വികസനവും

- ഇഎസ്ഡിഎം മേഖലയിൽ ഗവേഷണവും വികസനവും അടിസ്ഥാനമാക്കിയുള്ള വ്യാവസായിക ആപ്ലിക്കേഷൻ പ്രോത്സാഹിപ്പിക്കും.
- വാണിജ്യവൽക്കരണത്തിനും ഒപ്പം ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിനുമായി തദ്ദേശീയ സാങ്കേതികവിദ്യകൾക്കായുള്ള ഒരു ഗവേഷണ വികസന ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന് ശ്രമിക്കും.

## 8.എൻജിനിയറിംഗ് ഗവേഷണവും വികസനവും

കഴിവും നൈപുണ്യവുമുള്ള യുവാക്കളും മികച്ച എഞ്ചിനീയറിംഗ് വിദ്യാഭ്യാസവും നൈപുണ്യ ആവാസവ്യവസ്ഥയും കാരണം എഞ്ചിനീയറിംഗ് ഗവേഷണവികസനമേഖല സംസ്ഥാനത്തിന്റെ ഒരു പ്രധാന വളർച്ചാ മേഖലയാണ്.

അടിസ്ഥാന സൗകര്യങ്ങൾ

- നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ സൗകര്യം മെച്ചപ്പെടുത്തിക്കൊണ്ടുള്ള നവീകരണം വഴി സംസ്ഥാനത്തെ ഇആർ&ഡി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും പൊതുസ്വകാര്യ സഹകരണത്തോടെ പ്രോട്ടോടൈപ്പിംഗ്, ടെസ്റ്റിംഗ് സൗകര്യങ്ങളുള്ള ലാബുകൾ സ്ഥാപിക്കുകയും ചെയ്യും.

<u>നിക്ഷേപ പ്രോത്സാഹനം</u>

- എൻജിനിയറിംഗ് ഗവേഷണ വികസനത്തിനായി ആഗോള ശേഷി കേന്ദ്രങ്ങൾ(ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ) സജ്ജീകരിക്കാൻ മികച്ച ആഗോള സ്ഥാപനങ്ങളെ സമീപിക്കും.
- അന്താരാഷ്ട്ര പ്രദർശനങ്ങളും റോഡ്ഷോകളും സംഘടിപ്പിക്കും. എഞ്ചിനീയറിംഗ് ഗവേഷണ വികസന മേഖലയിൽ നിക്ഷേപിക്കുന്നതിനുള്ള പ്രയോജനം കൂടാതെ തദ്ദേശീയ വ്യവസായ നേട്ടങ്ങളും ഗവേഷണ സ്ഥാപനങ്ങളും നിക്ഷേപങ്ങളെ ആകർഷിക്കുന്നു.

<u>നൈപുണ്യശേഷി വർദ്ധിപ്പിക്കൽ</u>

- എഞ്ചിനീയറിംഗ് ഗവേഷണവികസന ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വികസനം ത്വരിതപ്പെടുത്തുന്നതിനും വിപണി സ്ഥിതിവിവരക്കണക്കുകൾ, മാർക്കറ്റിംഗ് വഴികൾ, വ്യവസായത്തിലെ ഏറ്റവും പുതിയ സംഭവവികാസങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും വ്യവസായ അക്കാദമികൾ സർക്കാർ ബന്ധങ്ങൾ സ്ഥാപിക്കും.
- ഐ.ഒ.ടി, റോബോട്ടിക്സ്, ഐഎ/എംഎൽ തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യകൾ

പ്രയോജനപ്പെടുത്തുന്നതിന് എംഎസ്എംഇകൾക്ക് അവരുടെ തൊഴിലാളികളെ സജ്ജരാക്കുന്നതിന് വേണ്ടിവരുന്ന അപ്സ്കില്ലിങ് ചെലവിന്റെ ഒറ്റത്തവണ റീഇംബേഴ്സ്മെന്റായി നൽകും.

## 9.ഭക്ഷ്യ സാങ്കേതികവിദ്യകൾ

### അടിസ്ഥാന സൗകര്യങ്ങൾ

- ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സ്വയം സഹായ സംഘങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയെ പിന്തുണയ്ക്കുന്നതിനായി മോഡുലാർ വർക്ക് സ്റ്റേഷനുകളോടുകൂടിയ അടിസ്ഥാന സൗകര്യങ്ങളും കൺസൾട്ടേഷൻ സേവനങ്ങൾ, റെഗുലേറ്ററി ഫെസിലിറ്റേഷൻ, ഐപിആർ സെൽ തുടങ്ങിയ സൗകര്യങ്ങളും പ്രദാനം ചെയ്യും.
- സർക്കാർ, അക്കാദമിക സ്ഥാപനങ്ങൾ, വലിയ ഭക്ഷ്യോത്പാദക സംഘങ്ങൾ,വെഞ്ചർ ക്യാപിറ്റലിസ്റ്റുകൾ എന്നിവയുടെ സഹായത്തോടെ ഫുട്ടെക് ഇൻക്യുബേറ്ററുകൾ സ്ഥാപിക്കും.
- ആധുനിക സാങ്കേതിക വിദ്യയും സൗകര്യങ്ങളും കോർത്തിണക്കി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ മെഗാ ഫുഡ് പാർക്ക് /പ്രത്യേക ഫുഡ് പാർക്ക് എന്നിവ സ്ഥാപിക്കും.

### ഡിജിറ്റൽവൽക്കരണവും സാങ്കേതികവിദ്യയും

- ഭക്ഷ്യവസ്തുക്കൾ പാഴാകുന്നത് കുറയ്ക്കുകയും ഉൽപ്പന്നങ്ങളുടെ ഷെൽഫ് ആയുസ്സ് വർദ്ധിപ്പിക്കുകയും ചെയ്യുന്ന സുസ്ഥിര ഭക്ഷ്യപാക്കേജിംഗ് സാങ്കേതിക വിദ്യകളിലെ നവീകരണം പ്രോത്സാഹിപ്പിക്കും.

### റെഗുലേറ്ററി മെക്കാനിസം

- സംസ്ക്കരിച്ച ഉൽപന്നങ്ങളുടെ ശരിയായ വിപണം

ഉറപ്പാക്കാൻ അപെക്സ്

ബോഡികളുമായി ചേർന്ന് ഒരു മാർക്കറ്റിംഗ് നെറ്റ് വർക്ക് സ്ഥാപിക്കും.

## ഗവേഷണവും വികസനവും

- സ്പെഷ്യാലിറ്റി ഭക്ഷണങ്ങൾ, ന്യൂട്രാസ്യൂട്ടിക്കൽസ്, ഔഷധ ഭക്ഷണങ്ങൾ, ഫുഡ് സപ്ലിമെന്റുകൾ, പഞ്ചസാര രഹിത ഉൽപ്പന്നങ്ങൾ, ഗ്ലൂറ്റൻ രഹിത ഉൽപ്പന്നങ്ങൾ,നിർമ്മാണ ഉപകരണങ്ങൾ, മെച്ചപ്പെട്ട സംഭരണം, ഷെൽഫ് ലൈഫ്, പാക്കേജിംഗ് മുതലായവയുടെ വികസനത്തിനായി IIT - കൾ, സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ,ഗവൺമെന്റ് ഫണ്ടഡ് ഓർഗനൈസേഷനുകൾ, ആർ&ഡി ലബോറട്ടറികൾ, സിഎസ്ഐആർ അംഗീകൃത ഗവേഷണവികസന യൂണിറ്റുകൾ എന്നിവയുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിക്കും.

## 10.ഗ്രാഫീൻ

ഗ്രാഫീൻ ഒരു കാർബൺ അധിഷ്ഠിത നാനോ പദാർത്ഥമാണ്. ഒന്നിലധികം വ്യവസായങ്ങളിൽ പ്രയോഗക്ഷമതയുള്ളതും നിലവിലുള്ള സാങ്കേതികവിദ്യകൾക്കും മെറ്റീരിയലുകൾക്കും ബദലായി ഉപയോഗപ്പെടുത്താവുന്നതുമായ ഒരു അത്ഭുത അസംസ്കൃത പദാർത്ഥമായി ശാസ്ത്രലോകം അതിനെ വിശേഷിപ്പിക്കുന്നു.

### അടിസ്ഥാന സൗകര്യങ്ങൾ

- വർക്ക്ഷോപ്പുകൾ പോലെയുള്ള പൊതുഫാക്ടറി സൗകര്യങ്ങൾ, ഉൽപ്പന്നനിലവാരപരിശോധനാ കേന്ദ്രം, ഓഫീസ് സൗകര്യങ്ങൾ, മീറ്റിംഗ് റൂമുകൾ, പ്ലഗ് ആൻഡ് പ്ലേ സൗകര്യം വൈദ്യുതി, വെള്ളം, ഇന്റർനെറ്റ് കണക്റ്റിവിറ്റി

എന്നിവയോടുകൂടിയ ഒരു സമർപ്പിത ഗ്രാഫീൻ ഇൻസസ്ട്രിയൽ പാർക്ക് സ്ഥാപിക്കും.

റെഗുലേറ്ററി മെക്കാനിസം

- സ്വതന്ത്രമായ ഒരു നോഡൽ ഏജൻസി, അതായത്, ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ, സ്റ്റേറ്റ് നോഡൽ ഏജൻസി ആയി പ്രവർത്തിക്കും.
- ഗ്രാഫീൻ അധിഷ്ഠിത ഗവേഷണവികസന, നവീകരണം, ഉൽപ്പാദനം, നയ ഭരണനിർവഹണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാനം ഒരു പ്രത്യേക ഗ്രാഫീൻ നയം കൊണ്ടുവരും.

നൈപുണ്യവും ശേഷി വർദ്ധിപ്പിക്കലും

- ഗ്രാഫീനുമായി ബന്ധപ്പെട്ട ഏറ്റവും പുതിയ വികസനവും ഗ്രാഫീനിന്റെ വ്യാവസായിക ആപ്ലിക്കേഷനുകളിൽ ഗവേഷണവും സംയോജിപ്പിക്കുന്നതിന് ദേശീയ അന്തർദേശീയ ഏജൻസികളുമായുള്ള സഹകരണം സ്ഥാപിക്കും.

## 11.ഹൈടെക് ഫാമിംഗും മൂല്യവർദ്ധിത തോട്ടവിളയും

സംസ്ഥാനത്ത് ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയേറിവരികയാണ്.സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കാർഷികമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ലഭ്യമായ പ്രകൃതിവിഭവങ്ങളുടെ അതിചൂഷണം കുറയ്ക്കുന്നതിനും നയം ഊന്നൽ നല്കുന്നു. സർക്കാർ പ്ലാന്റേഷനുകൾക്ക് വ്യവസായ പദവി നൽകുകയും, തോട്ടങ്ങളിൽ 5% ഭൂമിയിൽ ബഹുവിള കൃഷി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ, വനം, വ്യവസായം, തൊഴിൽ, എൽഎസ്ജിഡി, ധനകാര്യം, വൈദ്യുതി, കൃഷി തുടങ്ങിയ വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനം

വിഭാവനം ചെയ്യുന്ന ഒരു പ്ലാന്റേഷൻ ഡയറക്ടറേറ്റും സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. തോട്ടങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളെ നയം പ്രോത്സാഹിപ്പിക്കുന്നു.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

- വ്യവസായ വകുപ്പിന്റെ ക്ലസ്റ്റർ പദ്ധതികൾ ഉയർന്ന മൂല്യമുള്ള തോട്ടവിളകളിലേക്കും (വാണിജ്യ വിളകൾ) വ്യാപിപ്പിക്കും.
- ഉയർന്ന മൂല്യവർധിത തോട്ടം ഉൽപന്നങ്ങൾ ഉൾപ്പെടുന്ന പദ്ധതികൾക്ക് അനുമതിനൽകുന്നതിന് ഏകജാലക സംവിധാനം നടപ്പിലാക്കും.

<u>നൈപുണ്യവും ശേഷി വർദ്ധിപ്പിക്കലും</u>

- വെർട്ടിക്കൽ ഫാമിംഗ്, ഹൈഡ്രോപോണിക്സ്, എയറോപോണിക്സ്, അകപാപോണിക്സ്, മൈക്രോ ഇറിഗേഷൻ രീതികൾ, പോളിഹൗസ് ഡിസൈൻ, ടിഷ്യുകൾച്ചർ തുടങ്ങിയവയുടെ പ്രോത്സാഹനത്തിനായി കൃഷി വകുപ്പുമായി ചേർന്ന് ശിൽപശാലകളിലൂടെയും ബോധവൽക്കരണ പരിപാടികളിലൂടെയും നവയുഗ ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കും.

- കർഷകത്തൊഴിലാളികൾക്ക് ആധുനിക കൃഷിരീതികൾ പകർന്നു നൽകുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കും.

<u>ഗവേഷണവും വികസനവും</u>

- ചെലവ് കുറഞ്ഞ ഘടനയിൽ സൃഷ്ടിക്കപ്പെട്ട, അനുകൂലമായ മൈക്രോക്ലൈമറ്റിന് കീഴിൽ തൈകളുടെ വികസനത്തിന് വേണ്ടിയും, ഒപ്റ്റിമൽ സസ്യവളർച്ചയ്ക്കായി പുതിയ മാധ്യമങ്ങളുടെ സ്റ്റാൻഡേർഡൈസേഷനു വേണ്ടിയും, പുറത്തെ

അന്തരീക്ഷവുമായി പൊരുത്തപ്പെടുത്തുന്നതിനുള്ള സാങ്കേതികവിദ്യകൾക്കുവേണ്ടിയും, ഹരിതഗൃഹ രൂപകൽപ്പന, ഘടന, സാങ്കേതികവിദ്യ എന്നിവയ്ക്കുവേണ്ടിയും പ്രധാന കാർഷിക വ്യവസായങ്ങളുമായി ചേർന്ന് ആധുനിക ഗവേഷണ വികസന കേന്ദ്രങ്ങൾ സ്ഥാപിക്കും.

- ഉയർന്ന മൂല്യമുള്ള തോട്ടവിളകളുടെ സംസ്കരണവും മൂല്യവർദ്ധനവും മെച്ചപ്പെടുത്തുന്നതിനുള്ള സംരംഭം ആരംഭിക്കും.
- കാർഷിക മേഖലയിൽ മൂല്യവർദ്ധനവ് കൊണ്ടുവരാൻ സഹായകമായ ആവാസവ്യവസ്ഥ രൂപീകരിക്കുന്നതിനായി മൂല്യവർദ്ദിത കാർഷിക മിഷൻ (VAAM) വഴി സംരംഭങ്ങൾക്ക് നയം, സാമ്പത്തികം, ബിസിനസ്സ്, വിപണനം, സാങ്കേതികം, മാനേജ്മെന്റ് , നൂതന അറിവ് എന്നീ മേഖലകളിൽ പിന്തുണ നൽകും.

## 12.ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ

റബ്ബർ ഉൽപ്പാദനത്തിൽ മുൻനിരയിലുള്ള സംസ്ഥാനമായ കേരളത്തിൽ റബ്ബർ ഉൽപന്നങ്ങളുടെ വ്യാവസായികവും മറ്റുമായ പ്രയോഗങ്ങളും വർധിച്ചുവരുന്നതിനാൽ പ്രകൃതിദത്തവും മൂല്യവർദ്ധിതവുമായ റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രയോഗത്തിനു നല്ല ഭാവിയുണ്ട്.

അടിസ്ഥാനസൗകര്യ വികസനം

- എംഎസ്എംഇകളിലും റബ്ബർ സഹകരണ സംഘങ്ങളിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ച് താങ്ങാവുന്ന വിലയിൽ പ്രത്യേക റബ്ബർ ഉൽപ്പന്നങ്ങളുടെ വാണിജ്യ വൽക്കരണം മുൻ നിർത്തി ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കും.
- ഇൻഡസ്ട്രിയൽ പാർക്കുകളിൽ നിർമ്മിക്കുന്ന പ്രത്യേക റബ്ബർ ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെ വിതരണം ഉറപ്പാക്കുന്നതിന് പ്രീ-

പ്രോസസ്സിംഗിനായും ടെസ്റ്റിംഗിനായും പ്രകൃതിദത്ത റബ്ബറിന്റെ ശേഖരണത്തിനായും

ഗ്രൂപ്പ് പ്രോസസ്സിംഗ് സെന്ററുകൾ/കമ്മ്യൂണിറ്റി പ്രോസസ്സിംഗ് സെന്ററുകൾ സ്ഥാപിക്കും.

<u>ഡിജിറ്റൈസേഷനും സാങ്കേതികവിദ്യയും</u>

- കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള സ്റ്റാർട്ടപ്പ് മിഷൻ, റബ്ബർ ബോർഡ്,കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി എന്നിവയുമായി സഹകരിച്ച്, റബ്ബർ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങളും സാങ്കേതികവിദ്യകളും പരിചയപ്പെടുത്തുന്നതിനും അഭ്യസിപ്പിക്കുന്നതിനുമായി പരിശീലന പരിപാടികളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കും.
- ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലേക്ക് ഉയർന്ന മൂല്യമുള്ള റബ്ബർ ഉൽപ്പന്നങ്ങൾക്ക് കടന്നു ചെല്ലൽ പ്രാപ്തമാക്കുന്നു.
- ഉയർന്ന മൂല്യമുള്ള റബ്ബർ ഉൽപന്നങ്ങളുടെ ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധന എന്നിവയ്ക്കുവേണ്ടി റബ്ബർ ചെറുകിട ഉടമകളുടെയും സ്വകാര്യ സംരംഭകരുടെയും സാങ്കേതികവിദ്യയിലുള്ള നവീകരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കും.

<u>നിക്ഷേപ പ്രോത്സാഹനം</u>

- ഉയർന്ന മൂല്യമുള്ള റബ്ബർ ഉൽപന്നങ്ങളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ടഗുണനിലവാര സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള ചെലവിന്റെ 50% ഒറ്റത്തവണ റീഇംബേഴ്സ്മെന്റായി നൽകും.

നൈപുണ്യവും ശേഷിയും വർദ്ധിപ്പിക്കൽ

- പരമ്പരാഗത യൂണിറ്റുകളെ ഉയർന്ന മൂല്യമുള്ള റബ്ബർ ഉൽപന്നങ്ങളിലേക്ക് വൈവിധ്യവത്കരിക്കുന്നതിന്, പരമ്പരാഗത റബ്ബർ ഉൽപന്ന നിർമ്മാണ യൂണിറ്റുകളിലെ തൊഴിലാളികൾക്കുള്ള നൈപുണ്യ പരിപാടികൾ റബ്ബർ ബോർഡ്/റബ്ബർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് സംഘടിപ്പിക്കും.
- വ്യവസായ-അക്കാദമിക സഹകരണത്തോടെ, അന്താരാഷ്ട്ര വിപണിയിൽ ഉയർന്ന മൂല്യമുള്ള റബ്ബർ ഉൽപന്നങ്ങളുടെ വിപണി സാധ്യതകൾ മനസ്സിലാക്കാൻ റോഡ്ഷോകളും പരിപാടികളും സംഘടിപ്പിക്കും.

ഇ.എസ്.ജി യും സുസ്ഥിരതയും

- സീറോ കാർബൺ റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കും.
- എൻഡ്-ഓഫ്-ലൈഫ് ടയറുകളുടെ റീസൈക്ലിംഗ് ആവാസവ്യവസ്ഥയെ സമ്പുഷ്ടമാക്കുന്നതിലൂടെ, റബ്ബർ വ്യവസായത്തിൽ വൃത്താകൃതിയിലുള്ള സമ്പത്ത് വ്യവസ്ഥയുടെ രീതികൾ സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടും.

ഗവേഷണവും വികസനവും

- റബ്ബർ സംസ്കരണത്തിലെ നവീകരണത്തിനായി ഒരു പ്രത്യേക ഫണ്ട് സൃഷ്ടിക്കും.
- ഇന്നൊവേഷൻ പ്രോത്സാഹിപ്പിക്കുന്നതിന്, ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ നേടുന്നതിന് ഐ.പി.ആർ ഈടായി സ്വീകരിക്കും.ഇതിനായി പ്രത്യേക മാർഗനിർദേശങ്ങൾ രൂപീകരിക്കും.

## 13. ലോജിസ്റ്റിക്സ് & പാക്കേജിംഗ്

വളരുന്ന സമ്പത്ത് വ്യവസ്ഥയ്ക്ക് ശക്തമായ

ലോജിസ്റ്റിക്കൽ കണക്റ്റിവിറ്റിയുടെയും പിന്തുണയുള്ള വ്യവസായത്തിന്റെയും സാന്നിധ്യം അത്യാവശ്യമാണ്. ഉപഭോക്തൃ വിപണികളിലെ, പ്രത്യേകിച്ച് സംസ്കരിച്ച ഭക്ഷണം, വ്യക്തിഗത പരിചരണം, ഫാർമസ്യൂട്ടിക്കൽ അന്തിമ ഉപയോക്തൃ വ്യവസായങ്ങൾ എന്നിവയിലെ ദ്രുതഗതിയിലുള്ള വളർച്ച കാരണം പാക്കേജിംഗിനായുള്ള ആവശ്യം ഗണ്യമായി വർദ്ധിച്ചു.

## <u>അടിസ്ഥാന സൗകര്യങ്ങൾ</u>

- പരമാവധി ടണ്ണേജ് വാഹനങ്ങളെ പിന്തുണയ്ക്കുന്നതിനായി ലോജിസ്റ്റിക് പ്രാധാന്യമുള്ള റോഡുകളുടെ ബലപ്പെടുത്തൽ ഏറ്റെടുക്കും.
- റെയിൽ, ജലഗതാഗത ചരക്ക് ഉപയോഗിക്കുന്നതിന് ചരക്ക് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും.
- മിനിമൾട്ടി മോഡൽ ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കും.
- വരാനിരിക്കുന്ന വ്യവസായ പാർക്കുകളിൽ ലോജിസ്റ്റിക് സൗകര്യങ്ങൾക്കായി ഒരു നിശ്ചിത ശതമാനം ഭൂമി അനുവദിക്കും.
- തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നഗരതല ലോജിസ്റ്റിക്സ് ആക്ഷൻ പ്ലാൻ വികസിപ്പിക്കും.
- റെയിൽ ചരക്ക് ഗതാഗതം ക്രോൾഡ്ചെയിൻ, റോറോ സപ്പോർട്ട്,സ്റ്റേഷനുകളിൽ മെച്ചപ്പെട്ട സ്റ്റോറേജ്, ലോഡിംഗ് സൗകര്യങ്ങൾ മുതലായവ വർദ്ധിപ്പിക്കും.
- സംസ്ഥാന ലോജിസ്റ്റിക്സ് ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി കെഎസ്ഐഡിസിയിൽ ഒരു പ്രത്യേക ലോജിസ്റ്റിക് സെൽ സ്ഥാപിക്കും.
- സംസ്ഥാനവുമായി ബന്ധപ്പെട്ട് കേന്ദ്ര വാണിജ്യ മന്ത്രാലയം പ്രസിദ്ധീകരിച്ച ലീഡ്സ് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ/ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കും.

ഡിജിറ്റലൈസേഷനും സാങ്കേതികവിദ്യയും

- പ്രധാന കാർഗോ റൂട്ടുകളിൽ ട്രാഫിക് മാനേജ്മെന്റ് ടെക്നോളജി സംവിധാനങ്ങൾ വിന്യസിക്കും. ലോജിസ്റ്റിക്സിന് മികച്ച പരിഹാരങ്ങൾ നൽകുന്ന ലോജിസ്റ്റിക് മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കും.

റെഗുലേറ്ററി മെക്കാനിസം

- ചരക്കു വാഹനങ്ങളുടെ പരിശോധനയും അതുമൂലം റോഡിൽ നിർത്തിയിടേണ്ട സാഹചര്യം കുറയ്ക്കുന്നതിനും സ്ഥാപനപരമായ സജ്ജീകരണം നടപ്പിലാക്കും.
- വിവിധ ചരക്ക് കൈകാര്യം ചെയ്യാനുള്ള കഴിവുകളുള്ള മൂന്നാം കക്ഷി ലോജിസ്റ്റിക് സേവനദാതാക്കളെ വിലയിരുത്തുന്നതിനുള്ള ഒരു ബെഞ്ച്മാർക്കിംഗ് ചട്ടക്കൂട് വികസിപ്പിക്കും.

നിക്ഷേപ പ്രോത്സാഹനം

- ലോജിസ്റ്റിക്സ് (വെയർഹൗസിംഗ്) സേവന ദാതാക്കൾക്ക് വ്യവസായ പദവിനൽകും.
- നിർദിഷ്ട ലോജിസ്റ്റിക്സ് സെല്ലിലൂടെ നിയമപരവും നയപരവും സ്റ്റാൻഡേർഡ് ക്രമീകരണവും ഒരു ഇൻഡസ്ട്രി എൻഗേജ്മെന്റ് ചാനൽ സ്ഥാപിക്കും.
- എളുപ്പത്തിൽ പുനരുപയോഗിക്കാവുന്നതും ജൈവഡീഗ്രേഡബിൾ ആയതുമായ ലാമിനേറ്റ്, പാക്കേജിംഗ് മെറ്റീരിയൽ എന്നിവയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിലൂടെ 'ഗ്രീൻ' ഫ്ലെക്സിബിൾ പാക്കേജിംഗിന്റെ പ്രോത്സാഹനം; ഉപഭോഗത്തിന് ശേഷമുള്ള മാലിന്യങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കും.

നൈപുണ്യവും ശേഷി വർദ്ധിപ്പിക്കലും

- സംഭരണം, ഗതാഗതം, സേവനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ലോജിസ്റ്റിക്സ് മേഖലയ്ക്കായുള്ള ഒരു പ്രത്യേക നൈപുണ്യ പദ്ധതി; ഉയർന്ന തലത്തിലുള്ള നൈപുണ്യ ആവശ്യങ്ങളുടെ വിശകലനം.

ഇഎസ്ജിയും സുസ്ഥിരതയും

- ഗ്രീൻ ലോജിസ്റ്റിക്സ്, റിവേഴ്സ് ലോജിസ്റ്റിക്സ് വികസന പദ്ധതി തയ്യാറാക്കും.
- ലാസ്റ്റ് മൈൽ ഡെലിവറിക്ക് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തും.
- പരിസ്ഥിതി സൗഹൃദ പാക്കേജിംഗിലേക്ക് മാറുന്നതും പാക്കേജിംഗിൽ പോളിവിനൈൽ ക്ലോറൈഡിന്റെ (പിവിസി) ഉപയോഗം കുറയ്ക്കുന്നതും പ്രോത്സാഹിപ്പിക്കും.

## 14. മാരിടൈം മേഖല

കൊച്ചിയിലെ നിർദിഷ്ട മാരിടൈം ക്ലസ്റ്റർ പ്രോജക്റ്റ് സമുദ്രമേഖലയുടെ ശക്തിയും വികാസവും വർധിപ്പിക്കാനും ക്ലസ്റ്ററിനു കീഴിലുള്ള എല്ലാ പങ്കാളികളെയും ബന്ധിപ്പിക്കുന്ന ശക്തമായ ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാനും സജ്ജമാണ്.

അടിസ്ഥാന സൗകര്യങ്ങൾ

കപ്പൽ അറ്റകുറ്റപ്പണികൾ, ബോട്ട് നിർമ്മാണം, നന്നാക്കൽ സൗകര്യം, മറ്റ് സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്ന ഷിപ്പിംഗും തുറമുഖവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സജ്ജീകരിക്കുന്നു. നിലവിലുള്ള കയറ്റുമതി അടിസ്ഥാന സൗകര്യങ്ങൾ പുതിയ ലോജിസ്റ്റിക്സ്, മൾട്ടിമോഡൽ, എക്സിബിഷൻ സൗകര്യങ്ങൾ, വെയർ ഹൗസുകൾ, സമുദ്ര

ഗതാഗത അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉപയോഗിച്ച് നവീകരിക്കും.

- ക്രൂസ് യാനങ്ങൾ, ജലകേളി സൗകര്യങ്ങൾ, മാരിടൈം മ്യൂസിയം എന്നിവ ഉൾക്കൊള്ളുന്ന സവിശേഷമായ ഒരു അടിസ്ഥാന സൗകര്യ വികസനം ഇതുമായി ബന്ധപ്പെട്ട വിനോദസഞ്ചാര മേഖലയിൽ വിഭാവനം ചെയ്യുന്നു.

<u>ഡിജിറ്റൈസേഷൻ സാങ്കേതികവിദ്യ</u>

- മാരിടൈം ക്ലസ്റ്ററിന് കീഴിൽ സുസ്ഥിര ഊർജ്ജോപയോഗം സംബന്ധിച്ചുള്ളഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് മാരിടൈം ടെക്നോളജി ഹബ്ബ് രൂപീകരിക്കും.

<u>നിക്ഷേപ പ്രോത്സാഹനം</u>

- മാരിടൈം മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ സഹായം നൽകുന്നതിനും മാരിടൈം എക്സ്പോ സംഘടിപ്പിക്കും.

<u>സുസ്ഥിര ഉത്തരവാദിത്ത നിക്ഷേപം</u>

- സുസ്ഥിര ഊർജ്ജം ഉപയോഗിക്കുന്ന ക്രൂസ് യാനങ്ങൾക്കും ബോട്ടുടമകൾക്കും ഇളവുകൾ.

## <u>15.മെഡിക്കൽ ഉപകരണങ്ങൾ</u>

സംസ്ഥാനത്തെ മികച്ച മനുഷ്യശേഷിയും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മെഡിക്കൽ അനുബന്ധ വ്യവസായത്തിന് അനുയോജ്യമാണ്.

<u>അടിസ്ഥാന സൗകര്യം</u>

- മെഡ്സ് പാർക്കിൽ മെഡിക്കൽ അനുബന്ധഉപകരണങ്ങളുടെ രൂപകൽപ്പനയ്ക്കും നിർമ്മാണത്തിനും സൗകര്യമുണ്ടായിരിക്കും. ഇത് പങ്കിട്ട്

ഉപയോഗിക്കാൻ കഴിയുന്ന സംവിധാനം ഒരുക്കും.

- അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഹെൽത്ത്കെയർ സ്ഥാപനങ്ങൾ, സർക്കാർ എന്നിവയ്ക്കിടയിൽ അറിവ് പങ്കിടുന്ന ഒരു ആവാസവ്യവസ്ഥയെ പരിപോഷിപ്പിച്ചുകൊണ്ടു കേരളത്തിലെ മെഡിക്കൽ ഉപകരണ നിർമ്മാണവും സാങ്കേതികവിദ്യയും ത്വരിതപ്പെടുത്തുന്നതിനായി ഒരു 'മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക്' കെ.എസ്.ഐ.ഡി.സി-യുടെ ബയോ360 ലൈഫ് സയൻസ്സസ് പാർക്കിൽ സ്ഥാപിക്കും.
- മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഹൈ ടെമ്പറേച്ചർ പ്ലാസ്റ്റിക്, മെഡിക്കൽ ഗ്രേഡ് സിലിക്കൺ റബ്ബർ, മൈക്രോ ഫ്ളൂയിഡ്, മെഡിക്കൽ അല്ലോയ് തുടങ്ങിയവ വാങ്ങുന്നതിന് ഓൺലൈൻ സംവിധാനം ഒരുക്കും.
- നിർമ്മിക്കപ്പെടുന്ന മെഡിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് മെഡ്സ് പാർക്കിൽ സൗകര്യമൊരുക്കും.

<u>നിക്ഷേപ പ്രോത്സാഹനം</u>

ഇവിടെ നിർമ്മിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിന് കരസ്ഥമാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടിവരുന്ന ചെലവിന്റെ അമ്പത് ശതമാനം തിരികെ നൽകും. ഒറ്റത്തവണ മാത്രം നൽകുന്ന ഈ തുക പരമാവധി 25 ലക്ഷം രൂപയായിരിക്കും.

<u>ഗവേഷണവും വികസനവും</u>

- അക്കാദമിക് സ്ഥാപനങ്ങളും മെഡിക്കൽ അനുബന്ധ ഉപകരണ നിർമ്മാണരംഗത്തെ വ്യവസായങ്ങളും തമ്മിൽ നടത്തുന്ന ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രത്യേക ഫണ്ട് നീക്കിവയ്ക്കും.മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള

സാങ്കേതിക സഹായം നൽകുകയും നിലവാര സർട്ടിഫിക്കറ്റ് നേടാൻ സഹായിക്കുകയും മെഡിക്കൽ ഉപകരണങ്ങളുടെ സുരക്ഷാ പരിശോധന നടത്തുകയും ചെയ്യുന്ന അക്കാദമിക്ക് സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും ഇതിന് വേണ്ടി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.

- ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ നേടുന്നതിന് ഈടായി ബൗദ്ധികസ്വത്തവകാശരേഖ സമർപ്പിക്കാവുന്നതാണ്. ഇതിനായി പ്രത്യേക മാർഗരേഖ പുറത്തിറക്കും.

## **16. നാനോ ടെക്നോളജി**

നാനോ ടെക്നോളജി ഒരു അതിനൂതനസാങ്കേതികവിദ്യയാണ്. നിലവിലുള്ള പല വ്യവസായങ്ങളിലും വിപ്ലവം സൃഷ്ടിക്കാൻ അതിന് ശേഷിയുണ്ട്. പ്രത്യേകിച്ച് അന്തിമ ഉപയോക്താക്കളിൽ നിർണായക സ്വാധീനം ചെലുത്താം. അതിന്റെ ഉപയോഗം കൃഷി, ബഹിരാകാശം, പ്രതിരോധം, മെറ്റീരിയൽ സയൻസ്, ഊർജ്ജം തുടങ്ങിയ മേഖലകളിൽ പ്രയോജനപ്പെടുത്താൻ കഴിയും.

### അടിസ്ഥാന സൗകര്യങ്ങൾ

ഒരു നാനോ ഫാബ് സ്ഥാപിക്കാൻ വിഭാവന ചെയ്യുന്നു. പിപിപി മാതൃകയിലായിരിക്കും ഇത്. സ്റ്റാർട്ടപ്പുകൾ, ഗവേഷകർ എന്നിവർക്ക് ഈ രംഗത്ത് അത്യാധുനിക പരിശീലനവും സാങ്കേതിക വിദ്യയുടെ വികസനവും ലക്ഷ്യമിടുന്നു.

### നിക്ഷേപ പ്രോത്സാഹനം

- മുംബൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ ഇലക്ട്രോണിക്സ്

പോലുള്ള സ്ഥാപനങ്ങൾ വികസിപ്പിക്കുന്ന സാങ്കേതിക വിദ്യകളുടെ വാണിജ്യവത്ക്കരണത്തിനും,ലൈസൻസിങ്ങിനും സ്റ്റാർട്ടപ്പുകളേയും എംഎസ്എംഇകളേയും പിന്തുണയ്ക്കുന്നതിനായി പ്രത്യേക ഫണ്ടിംഗ് സംവിധാനം ഉണ്ടാക്കും.

- നാനോ ടെക്നോളജിയിലെ ഗവേഷണ സ്ഥാപനങ്ങൾക്ക് വ്യവസായ മേഖലയുമായുള്ള സമ്പർക്കം മെച്ചപ്പെടുത്തുന്നതിനായി അന്താരാഷ്ട്ര കോൺഫറൻസുകളും സെമിനാറുകളും സംഘടിപ്പിക്കും. അതുവഴി നവസങ്കേതങ്ങളുടെ വാണിജ്യപരമായ വികസനം ശക്തിപ്പെടുത്താൻ കഴിയും.

<u>ഗവേഷണവും വികസനവും</u>

- കാർബൺ രഹിത ഊർജം, ശുദ്ധജലം തുടങ്ങിയ മേഖലകളിൽ നാനോടെക്നോളജി അടിസ്ഥാനമാക്കിയുള്ള ഗവേഷണം പ്രോഹിപ്പിക്കും.

## 17. ഫാർമസ്യൂട്ടിക്കൽസ്

ഇന്ത്യൻ ഫാർമ കമ്പനികൾ അവരുടെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളിലൂടെയും വില മത്സരക്ഷമതയിലൂടെയും ആഗോള മുദ്ര പതിപ്പിച്ചിട്ടുണ്ട്. ലോകത്തെ 60% വാക്സിനുകളും 20% ജനറിക് മരുന്നുകളും നിലവിൽ ഇന്ത്യയിലാണ് നിർമ്മിക്കുന്നത്. ഫാർമസ്യൂട്ടിക്കൽ നിർമ്മാണത്തിനും ഗവേഷണത്തിനുമായി സംസ്ഥാനത്തെ പ്രാപ്തമാക്കുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ നയം ശ്രമിക്കുന്നു.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

- തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിന്റെ രണ്ടാം ഘട്ട വികസനം പൂർത്തിയാക്കും.
- അമ്പലമുകളിലെ പെട്രോകെമിക്കൽ പാർക്കിൽ

നിർദ്ദേശിച്ചിട്ടുള്ള ഫാർമ സോൺ പൊതുവായ സൗകര്യങ്ങൾ, ലാൻഡ് പാഴ്സലുകൾ, ബിൽറ്റ്അപ്പ് സ്പേസുകൾ, ടെസ്റ്റിംഗ് ലബോറട്ടറികൾ, ഗുണനിലവാര കേന്ദ്രങ്ങൾ മുതലായവ വാഗ്ദാനം ചെയ്യും.

- താപനില സെൻസിറ്റീവ് മരുന്നുകൾക്ക് അനുയോജ്യമായ നിയന്ത്രിത താപനിലയിൽ ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിന് പ്രത്യേക കോൾഡ് സ്റ്റോറേജ് സൗകര്യങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കും.
- കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്ശക്തിപ്പെടുത്തുകയും സൗകര്യങ്ങൾ നവീകരിക്കുകയും ചെയ്യും.

<u>നിക്ഷേപ പ്രോത്സാഹനം</u>

- ജനറിക് മരുന്നുകൾ, എ.പി.ഐ/ബൾക്ക് ഡ്രഗ്സ്, വാക്സിനുകൾ, കോൺട്രാക്ട് റിസർച്ച് & മാനുഫാക്ചറിംഗ്, ബയോസിമിലറുകൾ, ബയോളജിക്സ് എന്നിവയുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കും.
- വ്യവസായ അക്കാദമിക് സഹകരണത്തോടെ റോഡ് ഷോകളും പരിപാടികളും സംഘടിപ്പിക്കും.
- മരുന്ന് രൂപീകരണം, ക്ലിനിക്കൽ പരീക്ഷണങ്ങൾ തുടങ്ങിയ ഫാർമസ്യൂട്ടിക്കൽ വിഷയങ്ങളിൽ വ്യവസായാധിഷ്ഠിത കോഴ്സുകൾ വികസിപ്പിക്കും.

<u>ഗവേഷണവും വികസനവും</u>

- ഫാർമസ്യൂട്ടിക്കൽ മേഖലയിൽ അത്യാധുനിക സൗകര്യങ്ങൾ, ഇൻകുബേറ്ററുകൾ മുതലായവ വാഗ്ദാനം ചെയ്യുന്ന ഒരു മികവുകളുടെ കേന്ദ്രം സ്ഥാപിക്കും.
- ഫാർമസ്യൂട്ടിക്കൽ, പരമ്പരാഗത വൈദ്യശാസ്ത്രം എന്നിവയുടെ ബയോപ്രോസ്പെക്റ്റിംഗ് പ്രോത്സാഹിപ്പിക്കും.
- ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിൽ ഗവേഷണ വികസന

പ്രവർത്തനങ്ങൾ നടത്തുന്നതിനും അത്യാധുനിക ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഒരു സമർപ്പിത ഫണ്ട് നീക്കിവെക്കും.

ഇഎസ്ജിയും സുസ്ഥിരതയും

- ഫാർമസ്യൂട്ടിക്കൽ നിർമ്മാണത്തിൽ പരിസ്ഥിതി സൗഹൃദ സമീപനം പ്രോത്സാഹിപ്പിക്കും.

## 18.റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും

'കുറയ്ക്കുക, പുനരുപയോഗിക്കുക, പുനർനിർമ്മിക്കുക' എന്ന മുദ്രാവാക്യത്തിലെ ഒരു പ്രധാന സ്തംഭമായ 'പുനർനിർമ്മണം' അഥവാ 'റീസൈക്ലിങ്ങ്' ആധുനിക മാലിന്യ നിർമാർജനത്തിന്റെ ഒരു പ്രധാന ഘടകമാണ്. അസംസ്കൃത വസ്തുക്കളുടെ ആവശ്യകത കുറയ്ക്കുന്നതിലൂടെയും, മാലിന്യ നിർമ്മാർജനത്തിന് വഴിയൊരുക്കുന്നതിലൂടെയും പരിസ്ഥിതി സുസ്ഥിരത നിലനിർത്താൻ ഇതു സഹായിക്കുന്നു. ഭക്ഷണം, പൂന്തോട്ട അവശിഷ്ടങ്ങൾ തുടങ്ങിയ ജൈവമാലിന്യങ്ങളുടെ കമ്പോസ്റ്റും പുനരുപയോഗവും ഇതിൽ ഉൾപ്പെടുന്നു.

അടിസ്ഥാന സൗകര്യങ്ങൾ

- വസ്തുക്കളുടെ ശേഖരണം, സംഭരണം, പുനരുപയോഗം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ സജ്ജീകരിക്കുന്നത് പ്രോത്സാഹിപ്പിക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ വേസ്റ്റ് ടു എനർജി പദ്ധതികൾ പിപിപി മോഡലിൽ പ്രോത്സാഹിപ്പിക്കും.
- പ്രാദേശിക ക്ലസ്റ്ററുകളിൽ ഖരമാലിന്യ സംസ്കരണത്തിലെ നൂതന സാങ്കേതികവിദ്യകൾ വ്യവസായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പി.പി.പി മോഡലിൽ പ്രോത്സാഹിപ്പിക്കാൻ പദ്ധതി രൂപീകരിക്കും.

നിക്ഷേപ പ്രോത്സാഹനം

- നിർബന്ധിത പുനരുപയോഗ ശേഖരണം, കണ്ടെയ്നർ നിക്ഷേപം, റീസൈക്കിൾ ചെയ്ത വസ്തുക്കളുടെ ഉപയോഗം വർദ്ധിപ്പിക്കൽ എന്നിവയ്ക്കുള്ള നിയമനിർമ്മാണങ്ങൾ നടത്തും.
- റീസൈക്കിൾ ചെയ്ത ഉൽപ്പന്നങ്ങൾക്കായി ഒരു നിശ്ചിത തുക ചെലവഴിക്കുന്ന സംഭരണ നയങ്ങൾ രൂപീകരിക്കും.

ഗവേഷണവും വികസനവും

- മാലിന്യ സംസ്കരണത്തിന് നൂതനമായ പരിഹാരങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള ഗവേഷണവികസന പ്രവർത്തനങ്ങളും മികച്ച രീതികളും പ്രോത്സാഹിപ്പിക്കും.
- നൂതന ആശയങ്ങൾ/കണ്ടുപിടുത്തങ്ങൾ, ഉൽപ്പന്നം/ പ്രക്രിയ വികസനങ്ങൾ/ മാറ്റങ്ങൾ എന്നിവയെക്കുറിച്ചുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു റിസർച്ച് ഫണ്ട് രൂപീകരിക്കും.
- മാലിന്യ സംസ്കരണത്തിലെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും നവീകരിച്ച വസ്തുക്കളുടെ സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനും എൻജിഒകൾ, നാസ്കോം പോലുള്ള വ്യവസായ

  അസോസിയേഷനുകൾ തുടങ്ങിയവയുമായി തന്ത്രപരമായ പങ്കാളിത്തം സ്ഥാപിക്കും.

ഇഎസ്ജിയും സുസ്ഥിരതയും

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും എൻ.ജി.ഒകളുടെയും സഹകരണത്തോടെ പുനരുപയോഗിക്കാവുന്ന വസ്തുക്കളുടെ സ്ഥിരമായ വിതരണം ഉറപ്പാക്കും.

## 19. പുനരുപയോഗ ഊർജ്ജം

സംസ്ഥാനം അതിന്റെ ഹരിത നയത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ വേഗത വർധിപ്പിക്കാൻ അന്താരാഷ്ട്ര സഹകരണം ഉറപ്പാക്കും.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

- പൊതു അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു റിന്യൂവബിൾ എനർജി പാർക്ക് സ്ഥാപിക്കും. പ്ലഗ് ആൻഡ് പ്ലേ ശൈലിയിലായിരിക്കും ഇതിന്റെ പ്രവർത്തനം. സോളാർ ഫോട്ടോവോൾട്ടെയ്ക് സിസ്റ്റം, ബയോഗ്യാസ്, മാലിന്യത്തിൽ നിന്നുള്ള ഊർജം, കാറ്റിൽ നിന്നും വൈദ്യുതി, ഹൈബ്രിഡ് സംവിധാനങ്ങൾ, സംഭരണ സംവിധാനങ്ങൾ, ഹൈഡ്രജൻ/ഇന്ധന സെല്ലുകൾ, ജിയോതെർമൽ ഊർജം, ഹൈബ്രിഡ്/ഇലക്ട്രിക് വാഹനങ്ങൾ തുടങ്ങിയവയിൽ നവ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനുള്ള ഇടമായിരിക്കും ഇത്.
- പുനരുപയോഗ ഊർജ്ജ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- ഫ്ളോട്ടിംഗ് സോളാർ പവർ പ്രോജക്ടുകൾ പിപിപി മാതൃകയിൽ സ്ഥാപിക്കും.
- ഗ്രീൻ ഹൈഡ്രജൻ ഉൽപ്പാദനത്തിന് ഉതകുന്ന ഹൈബ്രിഡ് മാതൃകകൾ കണ്ടെത്തും.

<u>നിക്ഷേപ പ്രോത്സാഹനം</u>

- പുനരുപയോഗ ഊർജ മേഖലയിൽ നൂതന ആശയങ്ങളെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പുരസ്ക്കാരം (ഇന്നൊവേഷൻ അവാർഡ്) നൽകാൻ ലക്ഷ്യമിടുന്നു.
- ക്ലീൻ എനർജി ഇന്നവേഷൻ ആന്റ് ബിസിനസ് ഇൻക്യുബേഷൻ സെന്ററിൽ രൂപപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്ക് തുടർ വിപുലീകരണത്തിന് പ്രത്യേക സ്കെയിൽ-അപ്പ്

ഫണ്ട് രൂപീകരിക്കും.എനർജി മാനേജ്മെന്റ് സെന്റർ, ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻക്യുബേഷൻ സെന്റർ, കേരള ഡവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ എന്നിവയുടെ സംയുക്ത സംരംഭമാണ് ഇത്.

ഗവേഷണവും വികസനവും

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണകേന്ദ്രങ്ങൾ, വ്യവസായ മേഖല, ഉപഭോക്താക്കൾ എന്നിവരെ ഏകോപിപ്പിച്ചു കൊണ്ട് ഒരു ഗവേഷണ വികസന കേന്ദ്രം സ്ഥാപിക്കും. സാങ്കേതികവിദ്യകളെ പ്രായോഗിക ഉപയോഗത്തിനും, വാണിജ്യപരതക്കും ഉപയുക്തമാക്കുകയാണ് ലക്ഷ്യം. സൗരോർജ സെൽ ടെക്നോളജി, ഊർജ സംഭരണ

സങ്കേതങ്ങൾ, സോളാർ അധിഷ്ഠിത ഹൈബ്രിഡ് കോ ജനറേഷൻ, ഹൈഡ്രജൻ ഉൽപാദന വിദ്യകൾ എന്നിവയിൽ ഗവേഷണങ്ങൾ കേന്ദ്രീകരിക്കും. ഈ മേഖലകളിൽ നിലവിലുള്ള സങ്കേതങ്ങളുടെ മികവ്, ചെലവ് കുറഞ്ഞ ഉൽപാദനം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകും.

ഇഎസ്ജിയും സുസ്ഥിരതയും

- ഹരിതോർജ പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനങ്ങളും പരിപാടികളും സംഘടിപ്പിക്കും.

റെഗുലേറ്ററി മെക്കാനിസം

- ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള ഒരു കാർബൺ രഹിത നിർവഹണ സ്ട്രാറ്റജി സ്വീകരിക്കും. പുനരുപയോഗിക്കാവുന്ന ശുദ്ധമായ ഊർജ്ജ സ്രോതസ്സുകളും കാർബൺ നിയന്ത്രിത സംവിധാനങ്ങളും പ്രയോജനപ്പെടുത്തും.

## 20. ചില്ലറവ്യാപാര മേഖല

ഡിജിറ്റൽ സങ്കേതങ്ങളുടെ ഉയർന്ന ഉപയോഗമുള്ള കേരളം പോലെയുള്ള ഉപഭോക്തൃ സംസ്ഥാനത്ത് ചില്ലറ

വിൽപന മേഖലയുടെ വളർച്ചാ സാധ്യത അപാരമാണ്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

- പിപിപി മാതൃകയിൽ ചെറുകിട സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഇ കൊമേഴ്സ് സംരംഭകർ എന്നിവർക്കായി അത്യാധുനിക സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കും.
- ഇ കൊമേഴ്സ് സംരംഭങ്ങൾക്ക് ഗുണകരമാകും വിധം നഗരത്തിനുള്ളിൽ ചെറിയ സംഭരണ ശാലകൾ സ്ഥാപിക്കും. ചരക്കുകളുടെ സുഗമമായ നീക്കം അനായാസമാക്കുകയാണ് ലക്ഷ്യം.
- ചില്ലറ വിൽപനക്കാർക്കായി ആധുനിക ഇ-ടെയിൽ സോണുകൾ സ്ഥാപിക്കും.

<u>ഡിജിറ്റലൈസേഷനും സാങ്കേതികവിദ്യയും</u>

- എംഎസ്എംഇ യൂണിറ്റുകളെ കാര്യക്ഷമമാക്കുന്നതിനായി ഇ കൊമേഴ്സ് കമ്പനികളുമായി ധാരണാപത്രം ഉണ്ടാക്കും. അവരുടെ ഉൽപ്പന്നങ്ങൾ ഓൺലൈനായി വിൽക്കുകയും സ്ഥാപനങ്ങളെ ഡിജിറ്റൽവത്ക്കരിക്കുകയും ചെയ്യുന്നതിനാണിത്. ഉൽപാദകരും, വിൽപ്പനക്കാരും കരകൗശല വിദഗ്ധരും നെയ്ത്തുകാരും ഉൾപ്പെടെയുള്ള ചെറുകിട ഇടത്തരം സംരംഭകർക്ക് വിതരണം, സംഭരണം, വിപണനം തുടങ്ങിയ സേവനങ്ങൾ ഇതുവഴി ഫലപ്രദമായി നൽകാൻ ലക്ഷ്യമിടുന്നു.

<u>ഇഎസ്ജിയും സുസ്ഥിരതയും</u>

- വിഭവങ്ങൾ പാഴാകുന്നത് കുറയ്ക്കുന്നതിനും, സുസ്ഥിര പാക്കേജിംഗ്

 സങ്കേതങ്ങൾ സ്വീകരിക്കുന്നതിനും ചില്ലറ വ്യാപാരികളെ

പ്രോത്സാഹിപ്പിക്കും.

- വെയർഹൗസുകൾ, വിതരണ കേന്ദ്രങ്ങൾ, റീട്ടെയിൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ പ്രോത്സാഹിപ്പിക്കും.

## 21.വിനോദസഞ്ചാരവും ആതിഥേയത്വവും

അതുല്യമായ ഭൂമിശാസ്ത്ര സവിശേഷതകളാണ് കേരളത്തിനുള്ളത്. ഏഷ്യയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഏറ്റവും പ്രിയപ്പെട്ട ഇടങ്ങളിൽ ഒന്നാക്കി അത് കേരളത്തെ മാറ്റുന്നു. പുതിയ കാലത്തെ ടൂറിസം, ഹോസ്പിറ്റാലിറ്റി ഉൽപ്പന്നങ്ങളും സേവനങ്ങളും കൂടുതൽ ആകർഷകമാവുകയാണ്. സംസ്ഥാനം അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ താൽപര്യപ്പെടുന്നു.

അടിസ്ഥാന സൗകര്യങ്ങൾ

- വിവിധ ഘടനയിലുള്ള കാരവൻ പാർക്കുകൾ സംസ്ഥാനം ഒരുക്കും. ഡേ പാർക്കുകൾ, അത്യാധുനിക കാരവൻ പാർക്കുകൾ, ഹൈബ്രിഡ് പാർക്കുകൾ, പ്ലാന്റേഷൻ ഇടയിലുള്ളവ, വീടുകൾക്കൊപ്പമുള്ളവ എന്നിങ്ങനെ പല രൂപത്തിൽ അവ വിഭാവന ചെയ്യുന്നു. പിപിപി മാതൃകയിൽ ഇവ വികസിപ്പിച്ചെടുക്കാനാണ് ലക്ഷ്യം.
- കാരവൻ പാർക്കുകൾ വികസിപ്പിക്കുന്നതിന് അനുയോജ്യമായ ഒഴിഞ്ഞ സ്ഥലങ്ങളുടെ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കും. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവയുടെ പങ്കാളിത്തവും ഉറപ്പാകും.

നിക്ഷേപ പ്രോത്സാഹനം

- കാരവനുകൾ വാങ്ങാനും, ഫർണിഷിങ്ങിനും അടക്കം സാമ്പത്തിക വായ്പ ലഭ്യമാക്കാൻ പ്രത്യേക വായ്പാ പദ്ധതി ഒരുക്കും.
- നൂതനമായ ടൂറിസം, ഹോസ്പിറ്റാലിറ്റി അടിസ്ഥാന സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കും.

- ടൂറിസത്തിലെ സാങ്കേതിക വിദ്യകൾ പോലുള്ള ടൂറിസം മുന്നോട്ട് വയ്ക്കുന്ന അനുബന്ധ ബിസിനസുകൾ പ്രോത്സാഹിപ്പിക്കും.

<u>ഇഎസ്ജിയും സുസ്ഥിരതയും</u>

- കാരവൻ പാർക്കുകളിലെ മാലിന്യ സംസ്ക്കരണം മാതൃകാപരമായിരിക്കും. മലിനജല ശേഖരണ രീതി, മറ്റ് മാലിന്യങ്ങളുടെ നീക്കം ചെയ്യൽ തുടങ്ങിയവക്ക് മികച്ച പരിഹാരം സാങ്കേതികവിദ്യയുടെ സഹായത്തോടെ കണ്ടെത്തുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

## 22. 3-D പ്രിന്റിംഗ്

ത്രീഡി പ്രിന്റിംഗ് അല്ലെങ്കിൽ അഡിറ്റീവ് നിർമ്മാണം ഒരു ഭാവി സാധ്യതാ മേഖലയാണ്. ഉൽപ്പാദനത്തിൽ വിപ്ലവം സൃഷ്ടിക്കുന്ന ഒന്നായിരിക്കും അതെന്ന് കണക്കാക്കുന്നു. എയ്റോസ്പേസ്, ഡിഫൻസ്, ഹെൽത്ത് കെയർ തുടങ്ങി വൈവിധ്യമാർന്ന വ്യവസായങ്ങൾക്ക് ത്രീഡി പ്രിന്റിംഗ് എങ്ങനെ ഗുണകരമാക്കാമെന്ന് സംസ്ഥാനം ആലോചിക്കുന്നു.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

- അഡിറ്റീവ് മാനുഫാക്ചറിങ് പ്രോത്സാഹിപ്പിക്കുന്നതിന് പിപിപി മാതൃകയിൽ കേന്ദ്രം സ്ഥാപിക്കും. തദ്ദേശീയമായ ത്രീഡി പ്രിന്റിങ് സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനാണ് ഇത്തരമൊരു കേന്ദ്രം. മനുഷ്യ വിഭവശേഷിയിലെ പരിമിതികൾ പരിഹരിക്കാനും ലക്ഷ്യമിടുന്നു. മെറ്റീരിയൽ, മെഷീൻ, പ്രോസസ്സ്, ആപ്ലിക്കേഷൻ, ഉൽപ്പന്ന വികസനം തുടങ്ങി ഈ സങ്കേതത്തിന്റെ മേൻമകൾ ആദ്യവസാനം വരെ ലഭ്യമാക്കുന്ന ഒരു കേന്ദ്രമായിരിക്കും ഇത്. 3D പ്രിന്റിംഗ് മേഖലയുടെ വ്യത്യസ്ഥ ആവശ്യകതകളെ കേന്ദ്രം അഭിസംബോധന ചെയ്യും. ലോകോത്തര

ബയോപ്രിന്റിങ് ലാബ് സംസ്ഥാനത്ത് സ്ഥാപിക്കും. ആരോഗ്യ മേഖലയുടെ വ്യത്യസ്ത ആവശ്യകതകൾ ഇത് അഭിസംബോധന ചെയ്യും. പി.പി.പി. മാതൃകയിലായിരിക്കും ഇതും. വിപുലമായ 3D ബയോപ്രിന്ററിംഗും ഗവേഷണവും ഇതിലൂടെ സാധ്യമാകും.

<u>റെഗുലേറ്ററി മെക്കാനിസം</u>

- ഒരു നോഡൽ ഏജൻസി അഥവാ കൺസോർഷ്യം രൂപീകരിക്കും. 3D പ്രിന്റിംഗ് സാങ്കേതികവിദ്യകളുടെ വാണിജ്യവൽക്കരണം, വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കൽ, ഐപി, ഗവേഷണം, പരിശീലനം, തൊഴിൽ സാധ്യതകൾ കണ്ടെത്തൽ എന്നിവയിൽ സംസ്ഥാനത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഈ നിയന്ത്രണ സംവിധാനം ലക്ഷ്യം വയ്ക്കുന്നു.

<u>നൈപുണ്യവും ശേഷി വർദ്ധിപ്പിക്കലും</u>

- വ്യവസായ മേഖലയും, അക്കാദമിക് ലോകവുമായി കൂടിയാലോചിച്ച് 3ഡി പ്രിന്ററിംഗിനായി കോഴ്സുകൾ രൂപകൽപന ചെയ്യും. ടെക്നോളജി ക്ലിനിക്കുകൾ വഴിയുള്ള പ്രോഗ്രാമുകളിലൂടെയും നൈപുണ്യ വികസനം സാധ്യമാക്കും.
- സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 3D ലാബ് സ്ഥാപിക്കുന്നതിന് ചെലവിന്റെ 50 ശതമാനം വരെ (പരമാവധി 10 ലക്ഷം) സാമ്പത്തിക സഹായം ലഭ്യമാക്കും. ഈ രംഗത്ത് അനുഭവപ്പെടുന്ന വൈദഗ്ദ്ധ്യമുള്ള മനുഷ്യവിഭവശേഷി കുറവ് മറികടക്കുകയാണ് ലക്ഷ്യം.

- ത്രീഡി പ്രിന്റിംഗ് രംഗത്തുള്ള എംഎസ്എംഇകളിലെ നിലവിലുള്ള ജീവനക്കാർക്ക് ശേഷി വികസനത്തിനുള്ള കോഴ്സുകളുടെ ഫീസ് സർക്കാർ ഒറ്റത്തവണയായി അടയ്ക്കും.

<u>ഇ.എസ്.ജി യും സുസ്ഥിരതയും</u>

- നിർമാണ മേഖലയിൽ 3D സാങ്കേതികവിദ്യയുടെ വരവോടെ കാലഹരണപ്പെടുകയോ അപ്രസക്തമാവുകയോ ചെയ്യുന്ന പരമ്പരാഗത നിർമാണ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ പുനർനിർണയിക്കുന്നതിനും പുനരുപയോഗിക്കുന്നതിനും അനുയോജ്യമായ കർമ്മപദ്ധതി തയാറാക്കേണ്ടതുണ്ട്.

<u>ഗവേഷണവും വികസനവും</u>

- വ്യവസായ മേഖലയിലും ആരോഗ്യരംഗത്തും ആവശ്യമായ 3Dപ്രിന്റിംഗ് ഉത്പന്നങ്ങളുടെ നിർമാണം, വികസനം, സംസ്കരണത്തിനും പൗഡർ റീസൈക്ലിങ്ങിനുമുള്ള സാങ്കേതികവിദ്യ, ഡിസൈൻ സോഫ്റ്റ്വെയർ രൂപകൽപന എന്നിവയ്ക്കെല്ലാമായി കുറഞ്ഞത് 10 കോടി രൂപയുടെ മൂലധനമുള്ള ഒരു കോർപ്പസ് ഫണ്ടിന്റെ പൂർണ സാമ്പത്തിക പിന്തുണയോടെ സമഗ്രമായ ഗവേഷണ വികസന പദ്ധതി തയാറാക്കേണ്ടതാണ്.

## വ്യവസായങ്ങളുടെ വർഗ്ഗീകരണം

| നം. | വിഭാഗം | മാനദണ്ഡം |
|---|---|---|
| 1 | സൂക്ഷ്മ സംരംഭം | പ്ലാന്റ് & മെഷിനറി/ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം ഒരു കോടി രൂപയിൽ കവിയാത്തതും, വിറ്റുവരവ് അഞ്ചു കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ. |
| 2 | ചെറുകിട സംരംഭം | പ്ലാന്റ് & മെഷിനറി/ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം പത്ത് കോടി രൂപയിൽ കവിയാത്തതും, വിറ്റുവരവ് അൻപത് കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ. |
| 3 | ഇടത്തരം സംരംഭം | പ്ലാന്റ് & മെഷിനറി/ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം അൻപത് കോടി രൂപയിൽ കവിയാത്തതും, വിറ്റുവരവ് ഇരുനൂറ്റിയൻപതു കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ. |
| 4 | വൻകിട സംരംഭം | പ്ലാന്റ് & മെഷിനറി/ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം<br>അൻപത് കോടി രൂപയിൽ കവിയാത്തതും, വിറ്റുവരവ് മുന്നൂറ് കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ |
| 5 | മെഗാ സംരംഭം | പ്ലാന്റ് & മെഷിനറി/ഉപകരണങ്ങൾ എന്നിവയിൽ മുന്നൂറ് കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള സംരംഭങ്ങൾ |

## 11. ഇൻസന്റീവുകൾ

സാങ്കേതികവിദ്യ അടിസ്ഥാനമായുള്ള നാലാം വ്യവസായ വിപ്ലവത്തിന്റെ (ഇൻഡസ്ട്രി 4.0) ഭാഗമായി നിക്ഷേപവും നൂതനത്വവും പ്രോത്സാഹിപ്പിക്കുന്നതും സുസ്ഥിരവും പങ്കാളിത്ത സ്വഭാവമുള്ളതുമായ ഒരു വ്യവസായികാന്തരീക്ഷം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ മുകളിൽ സൂചിപ്പിച്ച 22 മുൻഗണനാ മേഖലകളിലെ വ്യവസായങ്ങളുടെ ആവശ്യങ്ങൾക്ക് പരിഗണന നൽകിക്കൊണ്ട് ഒരു ഇൻസെന്റീവ് മാർഗ്ഗരേഖ രൂപപ്പെടുത്തിയിട്ടുണ്ട്. ഈ നയത്തിന്റെ ഭാഗമായി താഴെപ്പറയുന്ന വിവിധ ഇൻസെന്റീവ് പദ്ധതികളാണ് ഇത്തരത്തിൽ കണ്ടെത്തിയിരിക്കുന്നത്:

| **നം** | **ഇൻസെന്റീവ് കാറ്റഗറി** | **വ്യവസായ ശ്രേണി** | **വിവരണം** |
|---|---|---|---|
| 1 | കുറഞ്ഞ പലിശാ വായ്പകൾ | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭം | 4% പലിശയ്ക്കു പത്ത് ലക്ഷം രൂപവരെയുള്ള വായ്പകൾ (6% വരെയുള്ള പലിശ സബെവൻഷനിലൂടെ ) |
| 2 | മൂലധന സബ്സിഡി ഇൻസെന്റീവ് | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭം | • മൈക്രോ: 45% വരെ, പരമാവധി നാല്പതു ലക്ഷം രൂപവരെ.<br>• ചെറുകിട: 45% വരെ, |

| | | | |
|---|---|---|---|
| | | | പരമാവധി ഒരു കോടി രൂപവരെ.<br>• ഇടത്തരം: 45% വരെ, പരമാവധി രണ്ടു കോടി രൂപവരെ. |
| 3 | ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കൽ | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭം | 100% ഇളവ്; 5 വർഷത്തേക്ക്. |
| 4 | ഐ.പി.ഓ വഴിയുള്ള ധന സമാഹാരണത്തിന് | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭം | NSE,BSE എന്നിവയുടെ SME പ്ലാറ്റ്ഫോം മുഖേന പബ്ലിക് ഇഷ്യൂ നടത്തുന്നതിന് ചെലവായ തുകയുടെ 50% റീഇംബേഴ്സ്മെന്റ്; പരമാവധി ഒരു കോടി രൂപവരെ. (ഈ വിധം സമാഹരിക്കുന്ന ഫണ്ട് സംസ്ഥാനത്ത് സംരംഭം തുടങ്ങുന്നതിനോ വികസിപ്പിക്കുന്നതിനോ വിനിയോഗിച്ചാൽ മാത്രം) |
| 5 | നിക്ഷേപ സബ്സിഡി | വൻകിട, മെഗാ സംരംഭങ്ങ | സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ |

| | | | |
|---|---|---|---|
| | | ൾ | സബ്സിഡി;<br>പരമാവധി 10 കോടി രൂപ വരെ, ഘട്ടം ഘട്ടമായി. |
| 6 | എസ്.ജി.എസ്.റ്റി റീഇംബേഴ്സ്മെന്റ് | വൻകിട, മെഗാ സംരംഭങ്ങൾ | മൂലധന നിക്ഷേപത്തിന് 100% റീഇംബേഴ്സ്മെന്റ്; 5 വർഷത്തേക്ക്. |
| 7 | തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം | വൻകിട, മെഗാ സംരംഭങ്ങൾ | • 50%-ത്തിലധികം സ്ഥിരം തൊഴിലവസരങ്ങൾ പ്രാദേശിക ജനതയിൽ നിന്നും നികത്തപ്പെട്ടാൽ,<br>അപ്രകാരം അധികമായി സൃഷ്ടിക്കപ്പെട്ട ഓരോ തൊഴിലിന്റെയും മാസ വേതനത്തിന്റെ 25%, പരമാവധി ഒരാൾക്ക് മാസം 5000 രൂപ എന്ന തോതിൽ, ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീഇമ്പേഴ്സ്മെ |

| | | | |
|---|---|---|---|
| | | | ന്റ്.<br><br>• 50%-ത്തിലധികം സ്ഥിരം ജീവനക്കാരും വനിതകളായാൽ, അപ്രകാരം അധികമായി സൃഷ്ടിക്കപ്പെട്ട ഓരോ തൊഴിലിന്റെയും മാസ വേതനത്തിന്റെ 25%, പരമാവധി ഒരു വനിതാ ജീവനക്കാരിക്ക് മാസം 5000 രൂപ എന്ന തോതിൽ ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ്.<br><br>• സംസ്ഥാനത്തെ ട്രാൻസ് ജെൻഡർ വിഭാഗത്തിൽ പെട്ടവർക്ക് സ്ഥിരം തൊഴിൽ നൽകിയാൽ, ഒരു ട്രാൻസ്ജെൻഡ |

| | | | |
|---|---|---|---|
| | | | ർ തൊഴിലാളിക്ക് മാസം 7500 രൂപ എന്ന തോതിൽ ഒരു വർഷത്തേക്ക് തൊഴിലുടമയ്ക്ക് റീ-ഇമ്പേഴ്സ്മെന്റ്. |
| 8 | നിർമ്മാണ യൂണിറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കൽ | എല്ലാ വിഭാഗങ്ങൾക്കും | • സർക്കാർ വ്യവസായ പാർക്കുകളിലും വിജ്ഞാപനം ചെയ്യപ്പെട്ട സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാട്ടക്കരാർ/ ഭൂമി/ കെട്ടിടം വാങ്ങുമ്പോൾ 100% വരെ.<br>• സ്ത്രീകൾ, എസ്സി/എസ്ടി, പിഎച്ച്, ട്രാൻസ്ജെൻഡർ സംരംഭകർക്ക് സംസ്ഥാനത്ത് എവിടെയും |

| | | | |
|---|---|---|---|
| | | | നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് പാട്ടക്കരാർ/ ഭൂമി/ കെട്ടിടം വാങ്ങുമ്പോൾ 100% വരെ. |
| 9 | സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ | എല്ലാ വിഭാഗങ്ങൾക്കും | അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം. |
| 10 | വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | പ്രതിവർഷം ഒരു ആഭ്യന്തരവും, ഒരു അന്താരാഷ്ട്രവുമായ മേള/പ്രദർശനത്തിൽ പങ്കെടുക്കുമ്പോൾ സ്റ്റാൾ ചാർജ് ഇനത്തിൽ ചിലവാകുന്ന തുകയുടെ 100% റീഇംബേഴ്സ്മെന്റ്; പരമാവധി 5 ലക്ഷം രൂപവരെ. |
| 11 | ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിന് | എല്ലാ വിഭാഗങ്ങൾക്കും | പേറ്റന്റ്, പകർപ്പവകാശം, വ്യാപാരമുദ്രകൾ, ജി.ഐ രജിസ്ട്രേഷൻ മുതലായവയ്ക്കു ചിലവായ തുകയുടെ |

| | | | |
|---|---|---|---|
| | | | 50% റീഇംബേഴ്സ്മെന്റ്; പരമാവധി 30 ലക്ഷം രൂപവരെ. |
| 12 | ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിന് പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | സിഇ, എഫ്ഡിഎ, ഐഎസ്ഒ, ബിഐഎസ്, തുടങ്ങിയ നിർബന്ധിത അടയാളപ്പെടുത്തലുകൾക്കായി ചെലവഴിച്ച തുകയുടെ 50% റീഫണ്ട്; ഒരു യൂണിറ്റിന് പ്രതിവർഷം പരമാവധി 25 ലക്ഷം രൂപവരെ. |
| 13 | സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ | എല്ലാ വിഭാഗങ്ങൾക്കും | പ്ലാന്റ് & മെഷിനറി/ഇടിപി സജ്ജീകരിക്കുന്നതിനുള്ള ഉപകരണങ്ങൾ, ഗ്രിഡിൽ നിന്നും വൈദ്യുതിയെടുക്കുന്നതിന് ബദലായി സ്ഥാപിക്കുന്ന ഇൻസ്റ്റലേഷനുകൾ, മഴവെള്ള സംഭരണം,സീറോ ഡിസ്ചാർജ് സാങ്കേതികവിദ്യകൾ, ഇ-മാലിന്യങ്ങളുടെ പുനരുപയോഗം, |

| | | | |
|---|---|---|---|
| | | | മലിനജലത്തിന്റെ പുനരു പയോഗം, ഊർജ്ജ-ജല സംരക്ഷണത്തിന് ഓഡിറ്റ് നടത്തൽ, സംരക്ഷണത്തിന് വേണ്ട ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക് ചിലവഴിച്ച തുകയുടെ (സിവിൽ ചെലവുകൾ ഒഴികെയുള്ളവയു ടെ) 25% റീഇംബേഴ്സ്മെന്റ്; പോളിസി കാലയളവിൽ പരമാവധി 25 ലക്ഷം രൂപവരെ. |
| 14 | നിർമ്മാണ മേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്ക് | എല്ലാ വിഭാഗങ്ങ ൾക്കും | സോഫ്റ്റ് വെയർ (ബിഗ് ഡാറ്റ അനലിറ്റിക് ടൂൾസ്), മെഷിനറി മുതലായവയുടെ വിലയുടെ 20% റീഇംബേഴ്സ്മെന്റ്; പോളിസി കാലയളവിൽ ഒരു സംരംഭത്തിന് പരമാവധി 25 ലക്ഷം രൂപവരെ. |

| | | | |
|---|---|---|---|
| 15 | ഗവേഷണവികസന പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ഗവേഷണവികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്ക് ഗവേഷണവികസന ചെലവിന്റെ 20% ധനസഹായം; ഒരു സംരംഭത്തിന് പരമാവധി ഒരു കോടി രൂപവരെ. |
| 16 | സ്റ്റാർട്ടപ്പുകൾക്കായുള്ള സ്കെയിൽ അപ്പ് പ്രോത്സാഹനം | എല്ലാ വിഭാഗങ്ങൾക്കും | സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സിയിലൂടെ ഒരു കോടി രൂപവരെയുള്ള സ്കെയിൽഅപ്പ് വായ്പകൾ ലഭ്യമാക്കും. |
| 17 | മെയ്ക്ക് ഇൻ കേരള (ബ്രാൻഡിംഗും മാർക്കറ്റിംഗും) | എല്ലാ വിഭാഗങ്ങൾക്കും | 'മെയ്ക്ക് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവായ തുകയുടെ 50% റീഇംബേഴ്സ്മെന്റ്. |
| 18 | PLI നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ് | നിർമ്മാണ മേഖലയിലെ എല്ലാ വിഭാഗങ്ങൾക്കും | കേന്ദ്ര സർക്കാരിന്റെ PLI സ്കീമുകൾക്ക് കീഴിൽ ഷോർട്ട്ലിസ്റ്റ് ചെയ്ത നിക്ഷേപകർ സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | തുടങ്ങുന്ന വ്യവസായ യൂണിറ്റുകൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20%, പരമാവധി 1 കോടി രൂപവരെ ഒറ്റത്തവണ ടോപ്പ്-അപ്പ് ഇൻസൻറ്റീവ് നൽകുന്നതാണ്. പ്രസ്തുത സംരംഭങ്ങൾക്ക് അർഹമായ മറ്റു സബ്സിഡികൾ കൂടാതെയാണ് ഇപ്രകാരമുള്ള ടോപ്പ്-അപ്പ് ഇൻസൻറ്റീവ്. |

**(ii). മറ്റു ആനുകൂല്യങ്ങൾ**

(a) പ്രത്യേക പ്രാധാന്യമുള്ള വൻകിട, മെഗാ, അൾട്രാ മെഗാ പദ്ധതികൾക്ക് ആവശ്യമായി കരുതപ്പെടുന്ന ഇൻസൻറ്റീവുകളുടെ പാക്കേജ് കേസ് അടിസ്ഥാനത്തിൽ നൽകുന്നത് സർക്കാർ പരിഗണിക്കുന്നതാണ്. ഇതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുന്നതാണ്.

(b) നിക്ഷേപം ആകർഷിക്കുന്നതിന് 100% നേരിട്ടുള്ള വിദേശ നിക്ഷേപം (FDI) ഉള്ള കമ്പനികൾക്ക് ഉടനടി ഭൂമി/ അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്നതാണ്.

(c) കോവിഡ്-19 ആഘാതത്തിന് ശേഷം നിരവധി സ്ഥാപനങ്ങൾ അവരുടെ പ്രവർത്തനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും വിതരണ ശൃംഖലകൾ

വൈവിധ്യവത്കരിക്കുന്നതിനും പദ്ധതിയിടുന്നു. മറ്റു രാജ്യങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നും പ്രവർത്തന മേഖല മാറ്റാൻ പദ്ധതിയിടുന്ന ഇത്തരം കമ്പനികൾക്ക് പ്രത്യേക പ്രോത്സാഹനങ്ങൾ കേസ് അടിസ്ഥാനത്തിൽ നൽകുന്നത് പരിഗണിക്കുന്നതാണ്.

(d) വ്യവസായങ്ങളുടെ ഒരു പ്രധാന പ്രവർത്തനച്ചെലവ് വൈദ്യുതിച്ചെലവ് ആയതിനാൽ, അവയെ പ്രോത്സാഹിപ്പിക്കുന്നതിനായി പുനരുപയോഗിക്കാവുന്ന വൈദ്യുതിയുടെ ഓപ്പൺ ആക്സസ്സ് 'റൗണ്ട് ദി ക്ലോക്ക്' (RTC) ഇടപാടുകൾ, ഫ്ലോട്ടിങ് സോളാർ പദ്ധതികൾക്കായി വീലിങ്, സോളാർ റൂഫ് ടോപ്പ് സംവിധാനങ്ങൾ സ്വീകരിക്കൽ എന്നിവ പ്രോത്സാഹിപ്പിക്കുന്നതാണ്.

## 12. നയ കാലാവധി

വ്യവസായ ആവശ്യകതകളും മേഖലാ പ്രവണതകളും അടിസ്ഥാനമാക്കി കാലാകാലങ്ങളിൽ ഉചിതമായ ഭേദഗതികൾ വരുത്തിയും ഉപനയങ്ങൾ കൂട്ടിചേർത്തും നിലവിൽ പ്രസിദ്ധീകരിക്കുന്ന വ്യവസായ നയം മാറ്റങ്ങൾക്ക് വിധേയമായിരിക്കും.